Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

St. Mary's C. G. H. S. Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 വൃശ്ചികം 12—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 നവംബർ 28 | ലക്കം 15

# ഐക്യമുന്നണി

(മണപ്പുറം മാർത്തോമ്മാമാസസംഘപ്രസിദ്ധീകരണക്കമ്മിററിക്കാർ അച്ചടിച്ചു പ്രസിദ്ധംചെയ്ത "ഐക്യമുന്നണി" എന്ന ലഘുലേഖയുടെ പൂർണ്ണരൂപമാണു് കീഴെ ചേർക്കുന്നതു്.)

ആമുഖം

ഞങ്ങൾ പുറപ്പെടുവിക്കുന്ന ലഘുലേഖകൾ, അതർഹിക്കുന്ന വിധത്തിൽ പൊതുജനങ്ങൾ സ്വാഗതംചെയ്യുന്നു എന്നറിയുന്നതിൽ ഞങ്ങൾക്കു് അതിയായ ചാരിതാർത്ഥ്യമുണ്ടു്. പ്രത്യേകിച്ചും, ഞങ്ങളുടെ നാലാംനമ്പർ ലഘുലേഖയ്ക്കു ലഭിച്ച വർദ്ധമാനമായ സ്വീകരണം, ഈ സംരംഭം ഞങ്ങളുടെ സാമ്പത്തിക പരാധീനതകളെ അവഗണിച്ചുപോലും, മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകുവാൻ ഞങ്ങൾക്കു മതിയായ പ്രചോദനം നൽകുന്നുണ്ടു്.

പൊതുജനങ്ങളുടെയിടയിൽ വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതും, വളരെയേറെ വൈരുദ്ധ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു വിഷയത്തെക്കുറിച്ചാണു് ഇപ്രാവശ്യം നിങ്ങളോടു സംസാരിക്കുവാൻ ഞങ്ങൾ കരുതുന്നതു്.

എന്താണീ ഐക്യമുന്നണി

ഈയിടെയായി നമ്മുടെ ചുററും മുഴങ്ങിക്കേൾക്കുന്ന ഒരു ശബ്ദമാണു് "ഐക്യമുന്നണി" എന്നുള്ളതു്! എങ്ങോട്ടുതിരിഞ്ഞാലും, ആരോടുമിണ്ടിയാലും അതേ കേൾക്കുവാനുള്ളു. പരമാർത്ഥം പറഞ്ഞാൽ ഈ ഐക്യമുന്നണിയെപ്പററിയുള്ള കോലാഹലങ്ങൾകൊണ്ടു് നമ്മിൽ പലർക്കും ഇരിക്കപ്പൊറുതിയില്ലെന്നുപോലും ആയിട്ടുണ്ടു്.

"ഐക്യമുന്നണി" "സമാധാനം!" എത്ര മധുരമായ പദങ്ങൾ! എത്ര നല്ല അർത്ഥത്തിലാണു് ഭാഷയിൽ ആ പദങ്ങൾ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്! എന്തു് ആശയും ആവേശവുമാണു് ആ പദങ്ങൾ നമ്മിൽ അങ്കുരിപ്പിക്കുന്നതു്! ഐക്യത്തിനും സമാധാനത്തിനുംവേണ്ടി കൊതിക്കുകയും ദാഹിക്കുകയും ചെയ്യാത്തവർ നമ്മിൽ ആരുണ്ടു്! പക്ഷെ, അതു് യഥാർത്ഥമായ, കാപട്യമില്ലാത്ത ഐക്യവും സമാധാനവുമായിരിക്കണമെന്നേ നമുക്കു് ആഗ്രഹമുള്ളു. അതിന്റെ അകവും പുറവും ഒരുപോലെ വെളുത്തിരിക്കണമെന്നേ നമുക്കു നിർബന്ധമുള്ളു.

നമ്മുടെ ചുററും രൂപംപ്രാപിച്ചുവരുന്ന ഈ ഐക്യമുന്നണി യഥാർത്ഥത്തിൽ എന്താണു്? അതിന്റെ തനിനിറമെന്തു്? അതിന്റെ പോക്കു് എങ്ങോട്ടു്? എന്നൊക്കെ ചിന്തിക്കുന്നതു് നമുക്കു് അതു് എത്രത്തോളം സ്വീകാര്യമാണെന്നറിയുവാൻ പ്രയോജനപ്പെടാതിരിക്കയില്ലല്ലോ?

ഒരു കനിയുടെ മേന്മ, അതു് പുറപ്പെട്ട വൃക്ഷത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുക! കാഞ്ഞിരത്തിൽനിന്നു് മധുരനാരങ്ങായും മുള്ളുമരിക്കിൽനിന്നു് റോസാപുഷ്പവും പ്രതീക്ഷിക്കാവുന്നതല്ലല്ലോ.

നമ്മുടെ നാട്ടിൽ ഇപ്പോൾ സംഘടിപ്പിച്ചുവരുന്ന ഈ ഐക്യമുന്നണിയുടെ ആശയം പുറത്തുവന്നതു്, കുറെനാൾമുമ്പു് ജയിൽവിമോചിതരായ കമ്മ്യൂണിസ്റ്റു്പ്രവർത്തകരിൽ നിന്നാണു്. ഇന്ത്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സെൻട്രൽ ഇലക്ഷൻ ബോർഡു് സെക്രട്ടറി സഖാവു് ജ്യോതിബാസുവും, മലബാർ കമ്മ്യൂണിസ്റ്റു് നേതാവായ സഖാവു് എ. കെ. ഗോപാലനും തിരുവിതാംകൂർ നേതാക്കളായ സഖാക്കൾ ററി. വി. യും, സുഗതനും ഇതു സംബന്ധിച്ചു് പലപ്പോഴായി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളും, ഇന്ത്യൻ കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ സെൻട്രൽ ബോർഡു കൺവൻഷനിൽ ഇതുസംബന്ധിച്ചു് പാസാക്കിയ നയപ്രഖ്യാപനപ്രമേയവും നിങ്ങളിൽ പലരും കണ്ടിരിക്കണം.

ഈ പ്രസ്ഥാനത്തോടു് ഇപ്പോൾ തുറന്ന സഹകരണം കാണിച്ചുവരുന്നതു് ആർ. എസ്. പി. (വിപ്ലവസോഷ്യലിസ്റ്റു്പാർട്ടി), കെ. എസ്. പി (കേരളം സോഷ്യലിസ്റ്റു്പാർട്ടി) എന്ന പേരുകളിൽ അറിയപ്പെടുന്ന രണ്ടു രാഷ്ട്രീയ കക്ഷികളാണു്. ഈ പാർട്ടികൾ രണ്ടും കമ്മ്യൂണിസ്റ്റു് പാർട്ടിയോടു് ഏററവും അടുത്ത ബന്ധമുള്ളവയും, നയപരിപാടികളിൽ മൌലികമായി യാതൊരു വ്യത്യാസങ്ങളുമില്ലാത്തവയും, തനി മാർക്സ്യൻ തത്വസംഹിതകൾ അംഗീകരിച്ചിട്ടുള്ളവയും വ്യക്തിപരമായ നേതൃത്വത്തിനുവേണ്ടിയോ, നിസ്സാരങ്ങളായ അഭിപ്രായവ്യത്യാസങ്ങളാലോ പാർട്ടിയിൽനിന്നും പിരിഞ്ഞുപോന്നിട്ടുള്ളവർ രൂപംകൊടുത്തിട്ടുള്ളതും കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ പരിഷ്കരിച്ച പതിപ്പുകൾ എന്നു പറയാവുന്നവയുമായ വിപ്ലവപ്രസ്ഥാനങ്ങൾതന്നെയാണു്. അതുകൊണ്ടു്, ഐക്യമുന്നണിയുടെ സ്വഭാവം മനസ്സിലാക്കുന്നതിനു് ഇന്ത്യൻ കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ സ്വഭാവംമാത്രം നാം മനസ്സിലാക്കിയാൽ മതിയാകും.

അഞ്ചാംപത്തികൾ

ഇന്ത്യൻ കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ നാളിതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ കരതലാമലകംപോലെ തെളിയുന്ന വസ്തുത ഇതാണു്. അതായതു് റഷ്യയിലെ "പൊളിററുബ്യൂറോ" പാടുന്ന മേളത്തിനൊത്തു തുള്ളുകയും, ജന്മനാടിന്റെ താല്പര്യത്തിനെതിരായിപ്പോലും റഷ്യൻ അഞ്ചാംപത്തിപ്രവർത്തനം നടത്തുകയും, ഭഗവാൻ കാറൽമാർക്സിന്റെയും എൻജൽസിന്റെയും കമ്മ്യൂണിസ്റ്റു് മാനിഫെസ്റ്റോ വള്ളിപുള്ളിവിസർഗ്ഗവ്യത്യാസം കൂടാതെ സ്വന്തം വിശ്വാസപ്രമാണമായി അംഗീകരിക്കുകയും കമ്മ്യൂണിസ്റ്റു്പ്ലാനനുസരിച്ചു് തരംകിട്ടുമ്പോഴെല്ലാം വിപ്ലവപരിപാടികളും വിദ്ധ്വംസകപ്രവർത്തനങ്ങളും രക്തച്ചൊരിച്ചിലും നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്ന ഒരു സായുധസമരസംഘടനയാണതെന്നു്.

സഖാവു് രണദിവേയുടെ കുപ്രസിദ്ധമായ കൽക്കട്ടാ തിസീസിന്റെ മറയിൽ അവർ കാട്ടിക്കൂട്ടിയ സംഹാരതാണ്ഡവങ്ങളുടെ, പേടിപ്പെടുത്തുന്ന ചിത്രം നമ്മുടെ സ്മരണയിൽനിന്നു് ഇനിയും മാഞ്ഞുപോകാറായിട്ടില്ല. അവർ പാർലമെന്ററി ഡമോക്രസിയിൽ വിശ്വസിക്കുന്നില്ലെന്നും, സായുധവിപ്ലവംവഴി അധികാരം പിടിച്ചുപററി, പട്ടാളത്തിന്റെയും പോലീസിന്റെയും അകമ്പടിയോടുകൂടി, എല്ലാം എതിർശക്തികളെയും അടിച്ചമർത്തി, അധികാരത്തിന്റെ ഉച്ചിയിൽ എന്നും ഏകഛത്രാധിപതികളായി മുടിയാട്ടം തുള്ളണമെന്നുള്ളതാണു് അവരുടെ ലാക്കെന്നും അവരിൽ തന്നെ പ്രമാണപ്പെട്ടവർ എഴുതിത്തള്ളിയിട്ടുള്ള പുസ്തകങ്ങളിൽ വിളിച്ചുപറഞ്ഞിട്ടുണ്ടു്.

"വയലാറും" "അന്തിക്കാട്ടും" "തെലുങ്കാനയും" സൃഷ്ടിക്കുന്നവർ എന്തിനുവേണ്ടിയാണു നിലകൊള്ളുന്നതെന്നു് നമുക്കറിയാം.

ഇന്നലെവരെ വിപ്ലവത്തിന്റെയും, വിദ്വേഷത്തിന്റെയും, കൊലകൊള്ളയുടെയും, വർഗ്ഗസമരത്തിന്റെയും കാഹളം മുഴക്കിക്കൊണ്ടിരുന്നവർ ഇന്നു് അതേ നാവുകൾകൊണ്ടുതന്നെ, ജനകീയൈക്യത്തിന്റെയും സമാധാനത്തിന്റെയും നല്ല ഭാഷയിൽ നമ്മോടു് സംസാരിക്കുവാൻ വന്നാൽ സുബുദ്ധിയുള്ള ആരാണു് അതിനു് ചെവികൊടുക്കുക?

വാസ്തവത്തിൽ അവരുടെ ഐക്യത്തിന്റെ സന്ദേശത്തിൽ ചോരയുടെ മണമാണു് പൊന്തിനിൽക്കുന്നതു്; അരിവാളിന്റെ ഉരസലാണു് അതിൽ നാം കേൾക്കുന്നതു്! സ്നേഹിക്കുവാനും, ഒരുമിച്ചു ചേരുവാനും ശാന്തമായി കഴിഞ്ഞുകൂടുവാനുമുള്ള സാമാന്യജനങ്ങളുടെ സ്വാഭാവികമായ വാസനയെ മനശ്ശാസ്ത്രാനുസരണമായി ചൂഷണംചെയ്തു് സ്വാർത്ഥകാര്യം നേടുവാനുള്ള ഒരു ഗൂഢതന്ത്രമാണു് നാം അതിൽ ദർശിക്കുന്നതു്. അതേ ഈ "ഐക്യമുന്നണി" പാവപ്പെട്ടവരെ കുഴിയിൽ ചാടിക്കുവാൻ കമ്മ്യൂണിസ്റ്റു്പാർട്ടി കരുതിക്കൂട്ടി ഇണക്കിവച്ചിരിക്കുന്ന വല്ലാത്ത ഒരു കെണിതന്നെയാണു്.

പ്ലേററു മറിച്ചുവച്ചു

ഈ അടവു് കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ സ്വന്തം അടവുതന്നെയാണു്. പൊതുജനങ്ങളുടെ മുമ്പിൽ നുഴഞ്ഞുകയറുവാൻ



ഈ കഴിഞ്ഞ രാജത്വത്തിരുനാളിൽ പെരുമ്പാവൂർ പട്ടണത്തിൽ നടത്തിയ വമ്പിച്ച ഘോഷയാത്രയ്ക്കുശേഷം സ്ഥലം പള്ളിവികാരി റവ. ഫാ. ആൻറണി പുളിക്കൽ തിരുഹൃദയപ്രതിഷ്ഠ നടത്തുന്നു.

കാലാനുകൂലമായ ഏതുവേഷവും ഏതുമാർഗ്ഗവും സ്വീകരിക്കുക എന്നുള്ളതു് പാർട്ടിയുടെ ചരിത്രത്തിൽ പുത്തരിയൊന്നുമല്ല. ഇന്നു് സാമാന്യജനങ്ങൾ കമ്മ്യൂനിസ്റ്റു് പാർട്ടിയുടെ വിധ്വംസകപരിപാടികൾ അങ്ങേയററം വെറുക്കുന്നു എന്നു മനസ്സിലായിത്തുടങ്ങിയപ്പോൾ ആ പേരിൽ പൊതുജനങ്ങളെ അഭിമുഖീകരിക്കുവാനുള്ള നാണക്കേടുകൊണ്ടു അവരിപ്പോൾ പ്ലേററു് ഒന്നു മറിച്ചുവച്ചിരിക്കയാണു്.

എന്നാൽ ഈ അടവു് പുത്തരിയൊന്നുമല്ല. ഇതേ അടവുതന്നെ റഷ്യയിലും അവർ പ്രയോഗിച്ചിട്ടുണ്ടു്. 1919 ൽ സ്ഥാപിച്ച മൂന്നാം ഇൻറർനാഷണൽ (കോമിൻറേൺ) എന്ന സർവ്വരാജ്യകമ്മ്യൂണിസ്റ്റു് വിപ്ലവസംഘടനയുടെ അട്ടിമറിപ്രവർത്തനങ്ങൾക്കു് ജനകീയപിന്തുണലഭിക്കുന്നില്ലെന്നു കണ്ടപ്പോൾ റഷ്യയിലും ഈ ജനകീയ ഐക്യമുന്നണിനയം തന്നെയാണു് അവർ എടുത്തു പ്രയോഗിച്ചതു്. ചെക്കോസ്ലോവാക്യാ എന്ന സ്വതന്ത്രരാജ്യത്തെ കമ്മ്യൂണിസ്റ്റു് പിടിയിലമർത്തുവാൻ ഈ ഐക്യമുന്നണിയാകുന്ന കെണിതന്നെയാണു് റഷ്യൻ കമ്മ്യൂണിസ്റ്റുകൾ പ്രയോഗിക്കുകയുണ്ടായതെന്ന വസ്തുതയും ചിന്താശീലന്മാരെ കണ്ണുതുറപ്പിക്കേണ്ടതാണു്.

### ട്രോജൻകുതിര

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഈ ഐക്യമുന്നണിപ്രസ്ഥാനം കാണുമ്പോൾ ഒരു ഗ്രീക്കുപുരാവൃത്തമാണു് ഞങ്ങളുടെ ഓർമ്മയിൽ വരുന്നതു്. ട്രോയി എന്ന നഗരം ആക്രമിച്ചു കീഴടക്കുവാൻ ഗ്രീക്കു പട്ടാളം ശ്രമിക്കുകയായിരുന്നു. നേരിട്ടുള്ള സൈന്യവിന്യാസംകൊണ്ടു് ആശിച്ച വിജയം കരസ്ഥമാകുന്ന മട്ടു് കണ്ടില്ല. ആ സമയം തന്ത്രശാലികളായ ഗ്രീക്കുകാർ ഒരു സൂത്രം പ്രയോഗിച്ചു. മരംകൊണ്ടു് ഒരു വലിയ കുതിരയെ നിർമ്മിച്ചു് അവർ അതിന്റെ ഉള്ളിൽ സമർത്ഥന്മാരായ ഗ്രീക്കുപടയാളികളെ കേററി നിറച്ചു. എന്നിട്ടു് ആ കൗതുകവസ്തുവുമായി ട്രോയി നഗരത്തിന്റെ പ്രാന്തത്തിൽച്ചെന്നു. മനോഹരമായ ആ കലാശില്പം ട്രോയി നഗരവാസികളെ ആകർഷിച്ചു. അവർ കുതിരയ്ക്കു് പട്ടണപ്രവേശം അനുവദിച്ചു പട്ടണത്തിന്റെ മദ്ധ്യപ്രദേശത്തു് ചെന്നപ്പോഴല്ലേ പാവപ്പെട്ട ട്രോയിനിവാസികൾക്കു് "തോക്കിന്റെ കുഞ്ചിയിൽ തീ ഇരുന്ന" കാര്യം തിരിഞ്ഞതു്! ആ തടിക്കുതിരയുടെ ഗർഭത്തിൽനിന്നും ആയുധധാരികളായ ഗ്രീക്കു പട്ടാളക്കാർ ചാടിവീണു. തികച്ചും അപ്രതീക്ഷിതമായ നിമിഷത്തിൽ, തികച്ചും അവിചാരിതമായ വിധത്തിൽ നിരായുധരായ ആ നഗരവാസികൾ തോല്പിക്കപ്പെടുകയും ചെയ്തു.

ഈമാതിരി ഒരു ട്രോജൻ കുതിരയെത്തന്നെയാണു് കമ്മ്യൂണിസ്റ്റു പാർട്ടി ഐക്യമുന്നണി എന്നപേരിൽ നമ്മുടെ മുമ്പിലും പ്രദർശിപ്പിച്ചിരിക്കുന്നതു്. പാമ്പു് എത്ര സൗമ്യമായി നമ്മെ സമീപിച്ചാലും തക്കസമയത്തു് പ്രയോഗിക്കുവാൻ തക്കവണ്ണം അതു വിഷപ്പല്ലുകൾ സൂക്ഷിക്കുന്നുണ്ടെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്! ഇരുട്ടിന്റെ മക്കൾ പ്രകാശത്തിന്റെ സന്താനങ്ങളെക്കാൾ വിവേകമുള്ളവരും ബുദ്ധിശാലികളുമായി പ്രത്യക്ഷപ്പെടുമെന്നു് കേട്ടിട്ടില്ലേ? അതുകൊണ്ടു് കരുതലോടെ ഇരിക്കുക.

### പുകഞ്ഞകൊള്ളി പുറത്തു്

ചില ശുദ്ധഗതിക്കാർ പറയുന്നതിതാണു്: "ഐക്യമുന്നണിയിൽ ചേർന്നുപോയെന്നുവച്ചു്, നമുക്കു് ഇഷ്ടവും വിശ്വാസവും ഉള്ള ആളുകളെ സ്വീകരിക്കുന്നതുകൊണ്ടു് എന്താ തകരാറു്? മററു പാർട്ടികളിൽ പ്രവർത്തിക്കുന്നവരെക്കാൾ പതിന്മടങ്ങു യോഗ്യന്മാരാണല്ലോ അവർ!

ഇതു് യുക്തിപൂർവ്വമായ ഒരു ചിന്താഗതിയല്ല. കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകളിൽ വ്യക്തിപരമായി ഒരുപക്ഷേ വല്ല നല്ല ഗുണങ്ങളും ഉള്ളവരെ കാണുകയില്ലെന്നു് പറയുവാനുള്ള ഔദ്ധത്യം ഞങ്ങൾക്കില്ല. പക്ഷേ ഒരു കാര്യം—നാം ഏററവും ഇഷ്ടപ്പെടുന്ന ഒരാൾക്കു് ഭയങ്കരമായ ഒരു കുഷ്ഠരോഗം പിടിപെടാനിടയായാൽ നമുക്കു് അയാളോടു് എത്രതന്നെ മതിപ്പും ആദരവും ഉണ്ടെങ്കിൽക്കൂടി അയാളെ ആവുംവണ്ണം ചികിത്സിച്ചു് രോഗവിമുക്തനാക്കുവാൻ നോക്കുകയോ, അതിനായി ആഗ്രഹിക്കയെങ്കിലുമോ അല്ലാതെ, അയാളെ കൈമെയ് മറന്നു് കെട്ടിപ്പിടിച്ചു ചുംബിക്കുവാൻ നാം ആരെങ്കിലും തുനിയാറുണ്ടോ?

ആദർശപരമായി നമുക്കു് ഒരുവിധത്തിലും അംഗീകരിക്കുവാൻ പാടില്ലാത്ത ഒരു പ്രസ്ഥാനവുമായി ബന്ധം പുലർത്തുന്നിടത്തോളംകാലം നമുക്കു് എത്രതന്നെ വ്യക്തിപരമായ സ്നേഹവും ബഹുമാനവുമുള്ള ആളായിരുന്നാലും ശരി, അയാളുടെ വ്യക്തിപ്രഭാവം എത്ര ഉജ്ജ്വലമായിരുന്നാലും ശരി, പുകഞ്ഞകൊള്ളി പുറത്തു് എന്ന മട്ടിൽ അയാളെ പുറംതള്ളുകമാത്രമേ നിർവ്വാഹമുള്ളു. വിവേകവും ചിന്താശക്തിയുമുള്ള പൊതുജനങ്ങൾ ഞങ്ങൾ പറയുന്നതു് അതിന്റെ യഥാർത്ഥമായ നിലപാടിൽത്തന്നെ മനസ്സിലാക്കുമെന്നു് ഞങ്ങൾക്കു് വിശ്വാസമുണ്ടു്.

——

ഫാത്തിമാബാലസമിതി

## രണ്ടുപേർക്കൂടെ

പ്രിയകുട്ടികളേ,

ആഴ്ചകൾ പലതുകഴിഞ്ഞു ഈശോ ഗലീലയാ വിട്ടുപോന്നിട്ടു്. അമ്മയെ ഒന്നു കാണണം. കാനായിലെ ഒരു കല്യാണവിരുന്നിൽ സംബന്ധിക്കണം. അതിനാൽ അങ്ങോട്ടുപോകാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു. പത്രോസ് ശിഷ്യനായതിന്റെ പിറേറദിവസം. ശിഷ്യന്മാർ മൂന്നുപേരും അവിടുത്തെ അനുഗമിക്കാൻ തയ്യാറായി.

അവരുടെ സ്നേഹിതനായ ഫീലിപ്പു കൂടെ യോർദ്ദാൻ താഴ്വരയിൽ വന്നിട്ടുണ്ടായിരുന്നു. ഗലീലയാകടലിന്റെ പടിഞ്ഞാറെക്കരയിൽ സ്ഥിതിചെയ്യുന്ന ബദ്സെയിദായിലാണു് അവർ നാലുപേരുടേയും വീടു്. മടക്കയാത്രയെപ്പററി തിരക്കാനായിരിക്കാം ഫീലിപ്പു് അപ്പോൾ അവിടെ വരാൻ ഇടയായതു്. അയാളെ കണ്ടയുടനെ ഈശോ പറഞ്ഞു: "എന്നെ അനുഗമിക്കുക." സൗമ്യമായ സ്വരം; പക്ഷേ, കാന്തത്തിന്റെ ശക്തിയുണ്ടായിരുന്നു അതിനു്. എവിടേക്കാണെന്നോ, എന്തിനാണെന്നോ ഒന്നും ആ നവശിഷ്യൻ ചോദിച്ചില്ല. സ്വസഹപ്രവർത്തകന്മാരെപ്പോലെ ആ മീൻപിടുത്തക്കാരനും പ്രബുദ്ധനായി. ദിവ്യപ്രഭാഷണത്തിനു അയാൾ ഉത്സാഹപൂർവ്വം കീഴ്വഴങ്ങി.

തന്റെ സാമാനങ്ങൾ എടുത്തുകൊണ്ടു വരുന്നതിനായി താമസസ്ഥലത്തേക്കു് ഓടി. അയാളുടെ ഒരാത്മമിത്രമാണു് നഥാനിയേൽ. കാനാ സ്വദേശം. തൊലേമേയുടെ പുത്രനായതുകൊണ്ടു് ബർതൊലോമ്യ എന്നും പേരുണ്ടു്. മതഭക്തനായ അദ്ദേഹം ഒരത്തിച്ചുവട്ടിലിരുന്നു പ്രാർത്ഥിക്കുന്നു. അതു ഫീലിപ്പുകണ്ടു. ആനന്ദം അടക്കവയ്യാതെ, "മൂശയും ദീർഘദർശികളും എഴുതിയിരിക്കുന്ന മിശിഹായെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു" എന്നു വിളിച്ചുപറഞ്ഞു. നഥാനിയേലിനും ഉത്സാഹമായി. സ്നാപകന്റെ പ്രസംഗം അദ്ദേഹം അനുസ്മരിച്ചുകാണും. "ആരു", എവിടെ" ഉദ്വേഗപൂർവ്വം നഥാനിയേൽ തിരക്കി. "അതു നസ്രസിലെ യൗസേപ്പിന്റെ മകനായ ഈശോയാകുന്നു." ഫീലിപ്പു മറുപടിപറഞ്ഞു. നസ്രസ് എന്നു കേട്ടപ്പോൾ നഥാനിയേലിൻ അരിശം വന്നു. ഉദാസീനനായി ഉദീരണംചെയ്തു, "നസ്രസിൽനിന്നു നന്മയായിട്ടു് എന്തെങ്കിലും ഉണ്ടാകുമോ?"

ഗലീലയക്കാരെ മതഭക്തരായ യൂദന്മാർക്കു പൊതുവിൽ വെറുപ്പാണു്. കാരണം അവരിൽ മിക്കവരും പുറജാതികളുമായി കൂടിക്കലർന്നുപോയിരുന്നു. നസ്രസോ, അവിടത്തെ ഒരു കുഗ്രാമംമാത്രം. വേദപുസ്തകത്തിൽ ഒരിക്കലും പ്രസ്താവിക്കപ്പെടാത്തതു! പോരെങ്കിൽ മിശിഹായുടെ ജനനസ്ഥലം ബെത്ലഹം ആയിരിക്കുമെന്നു് പ്രവചനവും ഉണ്ടു്. ഏതൽകാരണങ്ങളാൽ നസ്രസിൽനിന്നു് മിശിഹായല്ല, ഒരു ദീർഘദർശിപോലും വരികയില്ലെന്നായിരുന്നു പൊതുധാരണ. വിദ്യാവിഹീനനായ ഫീലിപ്പിനു തർക്കിക്കാൻ കഴിവില്ല. പക്ഷേ, ഈശോയുടെ വ്യക്തിവിലാസവും വശ്യശക്തിയും അയാൾ തൊട്ടറിഞ്ഞതാണു്. വസ്തുതയ്ക്കെതിരായ വാദം പ്രബലപ്പെടുകയില്ല. അത്രയും ഫീലിപ്പിനറിയാം. തന്നിമിത്തം അയാൾ നിരാശനായില്ല. "വന്നുകാണുക"യെന്നുമാത്രം അയാൾ സ്നേഹിതനോടു് മറുപടിയായി പറഞ്ഞു. ഈശോ പ്രഥമശിഷ്യന്മാരോടു പറഞ്ഞ അതേവാക്കുകൾ. ആ വാക്കുകൾക്കു് എന്തൊരാകർഷണശക്തി ലഭിച്ചെന്നു വിചാരിക്കണം. നഥാനിയേൽ ഉടനെ എഴുന്നേററു. ഫീലിപ്പിന്റെകൂടെ ഈശോ താമസിച്ചിരുന്നസ്ഥലത്തേക്കു നടന്നുകഴിഞ്ഞു!

നഥാനിയേൽ വരുന്നതു് ഈശോ അകലെവെച്ചു കണ്ടു. അടുത്തെത്തിയപ്പോൾ അവിടുന്നരുളിച്ചെയ്തു: "ഒരു യഥാർത്ഥ ഇസ്രായേൽക്കാരനെ കാണുക. ഇയ്യാളിൽ ഒട്ടും കളങ്കമില്ല." ഈശോയുടെ ഈ അഭിനന്ദനം അവനെ വിസ്മയപരവശനാക്കി. അന്നാണു് അവർ ആദ്യം കാണുക. തന്റെ ഹൃദയസ്ഥിതി ഗ്രഹിച്ചുകഴിഞ്ഞ ഈശോയെക്കുറിച്ചു് അയാൾക്കു് മതിപ്പുതോന്നി. "അങ്ങേക്കു് എന്നെ എങ്ങനെ അറിയാം?" അയാൾ ചോദിച്ചു.

"അത്തിവൃക്ഷത്തിന്റെ താഴെയായിരിക്കയിൽ, ഫീലിപ്പു നിന്നെ വിളിക്കുന്നതിനുമുൻപു, നിന്നെ ഞാൻ കണ്ടു."

ഉത്തരംകേട്ടു് നഥാനിയേൽ അന്ധാളിച്ചുപോയി. വിദൂരത്തിൽ നടന്നവ ഈശോ അറിഞ്ഞു. ഫീലിപ്പുമായി നടന്ന സംഭാഷണംപോലും! അതേ, ഫീലിപ്പുപറഞ്ഞതു് ശരിയാണു്; ഈശോ പ്രവാചകനാണു്, നഥാനിയേൽ വിശ്വസിച്ചു. സവിനയം അയാൾ ഉൽഘോഷിച്ചു: "ഗുരോ, അങ്ങുന്നു് ദൈവപുത്രനാണു്. ഇസ്രായേൽക്കാരുടെ രാജാവാണു്."

നഥാനിയേലിന്റെ ഹൃദയപരിവർത്തനത്തിൽ ദിവ്യനാഥൻ അതിവസന്തുഷ്ടനായി. അവിടുന്നു കല്പിച്ചരുളി: "ഞാൻ നിന്നെ അത്തിവൃക്ഷത്തിന്റെ താഴെവെച്ചു് കണ്ടുവെന്നു പറഞ്ഞതുകൊണ്ടു് നീ വിശ്വസിച്ചു. ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും. സത്യമായി, സത്യമായി ഞാൻ നിന്നോടുപറയുന്നു: ആകാശം തുറക്കപ്പെടുന്നതും മനുഷ്യപുത്രന്റെമേൽ മാലാഖമാർ ഇറങ്ങുന്നതും കയറുന്നതും നീ കാണും."

ഈശോ മനുഷ്യപുത്രനാണു്. അതിന്റെ അർത്ഥം മനസ്സിലായോ? പറയാം. അവിടുന്നു നമ്മുടെ മൂത്ത സഹോദരനാണു്. നമ്മുടെ ജ്യേഷ്ഠൻ! ഹാ! എത്ര അഭിമാനകരമായ, സന്തോഷപ്രദമായ, ആശ്വാസകരമായ കാര്യം! ദൈവമായ ഈശോ നമ്മുടെ സ്വന്തം ജ്യേഷ്ഠൻ! അവിടുന്നു തന്നെത്തന്നെക്കുറിച്ചു് പറയുമ്പോളൊക്കെ ഈ പേരാണു് സാധാരണയായി ഉപയോഗിക്കുക! നമ്മുടെ സഹോദരനായിരിപ്പാൻ . അവിടുന്നു കൊതിക്കുന്നുവെന്നല്ലേ അതിന്റെ സാരം! അതിനാൽ നമ്മുടെ ജ്യേഷ്ഠനായ ഈശോയോടു് വളരെ സ്നേഹത്തോടും അനുസരണത്തോടുംകൂടെ പെരുമാറണം.

ഫീലിപ്പുപ്രവർത്തിച്ചതു കണ്ടില്ലേ? കൂടെ ചെല്ലാൻ പറഞ്ഞു. ഉടനെ അനുസരിച്ചു ഈശോയോടു നാം കൂടുതൽ അടുക്കുന്തോറും കൂടുതൽ സ്നേഹം നമുക്കുണ്ടാകും. നഥാനിയേലിന്റെ ചരിത്രം നോക്കുക. അയാൾ സ്നേഹിതനോടു യുക്തിവാദംചെയ്തു. എന്നാൽ ഈശോയുടെ സമീപത്തു വന്നപ്പോഴോ? അവിടുത്തെ അത്യധികം സ്നേഹിച്ചു. ശിഷ്യനായി. ഈശോയുടെ കൊച്ചനുജന്മാരേ, കൊച്ചനുജത്തികളേ, നിങ്ങളുടെ ഈ ജ്യേഷ്ഠനെ നിങ്ങൾ ഉപദ്രവിക്കരുതു്; പ്രത്യുത ബഹുമാനിക്കുക. നിങ്ങൾ നിങ്ങളുടെ ജ്യേഷ്ഠനെ ബഹുമാനിക്കുമ്പോൾ മററുള്ളവരും അവിടുത്തെ ബഹുമാനിച്ചാദരിക്കും.

സ്വന്തം കൊച്ചച്ചൻ

## ഡോക്ടർമാരുടെ വിധി

നാല്പതുകൊല്ലം മുമ്പു് തെക്കേ അമേരിക്കയിലെ മദ്ധ്യവയസ്കനായ ഒരു വൈദികൻ ആറുമാസത്തിൽക്കൂടുതൽ ജീവിക്കയില്ലെന്നു് അവിടത്തെ ഭിഷഗ്വരന്മാർ വിധിയെഴുതി. എന്നാൽ അദ്ദേഹം ഇപ്പോഴും ജീവിക്കുന്നു. സാൻറിയാഗോയിലെ കർഡിനൽ മെത്രാപ്പോലീത്താ ആയ കാറോ റോഡ്റിഗ്വേസ് തിരുമേനിയല്ലാതെ മററാരുമല്ല അദ്ദേഹം. ഇപ്പോൾ അദ്ദേഹത്തിനു് 84 വയസ്സുണ്ടു്. ഗുരുപ്പട്ടത്തിന്റെ 60-ാം വാർഷികവും ഈയിടെ ആഘോഷിക്കയുണ്ടായി. ടി. ബി. സുഖക്കേടിനു പുറമെ അഞ്ചുപ്രാവശ്യം ന്യൂമോണിയായും അദ്ദേഹത്തെ പിടികൂടിയതാണു്. ഒരു സാധുകുടുംബത്തിൽ ജനിച്ചു ഈ ദേഹം ഇന്നു ആ നാട്ടിലെ ഏററം ബഹുമാന്യനായിക്കഴിയുന്നു. ഉദ്യോഗസംബന്ധമായ സകല ജോലികളും ഇന്നും നിർവ്വഹിക്കുന്നു.



## പുസ്തകാഭിപ്രായം

### നസ്രായക്കാരൻ ഈശോ

(വിവർത്തക: റവ. സിസ്റ്റർ ടെരെസിററ, T. O. C. D., B. Sc. L. T. പക്ഷം 211. സെൻറ് മേരീസ് ഓർഫനേജ് പ്രസ്സ്, തോപ്പ്, തൃശൂർ.)

സുപ്രസിദ്ധ ഗ്രന്ഥകാരിയായ മദർ ലൊയോളയുടെ Jesus of Nazareth എന്ന ഗ്രന്ഥത്തിന്റെ തർജ്ജമയാണു് ഈ കൃതി. ഗഹനവും ഗുരുതരവുമായ ഈ വിഷയങ്ങളെ ലളിതവും ഹൃദ്യവുമായരീതിയിൽ പ്രതിപാദിക്കുന്നതിനു മദർ ലൊയോളയുടെ തൂലികയ്ക്കുള്ള പാടവം ഒന്നു വേറെ തന്നെയാണു്. അനുവാചകന്മാർക്കു് ആദ്ധ്യാത്മികപ്രചോദനം നല്കുന്ന പ്രസ്തുതകൃതി വായിച്ചപ്പോൾ ആംഗലഭാഷാജ്ഞാനമില്ലാത്ത കേരളീയർക്കും വിശിഷ്യ കേരളത്തിലെ ബാലികാബാലന്മാർക്കുമായി അതു വിവർത്തനം ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നു തോന്നിയതിന്റെ ഫലമാണു് ഈ ഗ്രന്ഥം എന്നത്രേ വിവർത്തക പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു്.

അവതാരകനായ തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഇപ്രകാരം എഴുതിയിരിക്കുന്നു: "ഇതിൽ ദിവ്യരക്ഷകന്റെ ജീവചരിത്രങ്ങളും ഉപദേശങ്ങളും സമഗ്രമായും എന്നാൽ സമഷ്ടിയായും ഒരാഖ്യായികയ്ക്കടുത്ത മനോഹാരിതയോടെ പ്രതിപാദിച്ചിരിക്കയാൽ അനുവാചകർക്കു — വിശിഷ്യ ബാലികാബാലന്മാർക്കു് — ഇതു് അത്യന്തം ഹൃദ്യമായിരിക്കുമെന്നു നിസ്സംശയം പ്രസ്താവിക്കാവുന്നതാണു്. റവ. സിസ്റ്റർ ടെരെസിററ, T. O. C. D., B. Sc. L. T. യുടെ പ്രഥമ സാഹിത്യപരിശ്രമമാണെങ്കിലും പഴക്കമുള്ള ഒരു സമർത്ഥതൂലികയുടെ ഒഴുക്കും തഴക്കവും ഇതിലെ വാചകരീതിയിൽ സ്ഫുടമായി സ്ഫുരിക്കുന്നുണ്ടു്."

സിസ്റ്റർ ടെരെസിററയുടെ ഭാഷ ഉജ്ജ്വലംതന്നെയാണു്. സ്ത്രീസഹജമായ സരളതയുമുണ്ടു്. എന്നാൽ താഴ്ന്ന ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു് ഈ പുസ്തകം വായിച്ചു മനസ്സിലാക്കുവാൻ മാത്രം ലാളിത്യം ശൈലിക്കു് ഇല്ലെന്നുവേണം പറവാൻ. ഇക്കാര്യത്തിൽ മദർ ലൊയോളയുടെ പ്രതിപാദനരീതി സിസ്റ്റർ ടെരെസിററ സമ്പാദിച്ചിട്ടില്ലെന്നു് ഒരുദാഹരണംകൊണ്ടു വിശദമാക്കാം: "ലോകം പിന്നെയും വാഗ്ദത്തം ചെയ്യപ്പെട്ടവന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടും തദാഗമത്തിലുള്ള താമസത്തിൽ അത്ഭുതപ്പെട്ടുകൊണ്ടുമിരുന്നു." താണക്ലാസിലെ കുട്ടികൾക്കു് ഇത്തരം വാചകങ്ങൾ വിഷമമായിത്തോന്നുമെങ്കിലും ഉയർന്നക്ലാസുകളിലെ വിദ്യാർത്ഥികളും കോളെജുവിദ്യാർത്ഥികളും ഈ പരിഭാഷയെ എത്രയും താൽപര്യത്തോടെ സ്വാഗതം ചെയ്യും. പദഭംഗിക്കും സാരള്യത്തിനും വിവർത്തക വളരെ ശ്രമിച്ചിട്ടുണ്ടു്. മദർ ലൊയോളയുടെ ചെറിയ വാചകങ്ങളെ പരസ്പരം സംഘടിപ്പിച്ചു നീട്ടിക്കൊണ്ടുപോകാതെ ചെറിയ വാചകങ്ങളായിത്തന്നെ ആസ്വാദ്യകരമാകുംവിധം പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നു് ആരും സമ്മതിക്കും.

വിവർത്തക പേരു പുസ്തകത്തിൽ കാണിച്ചിട്ടില്ല; അവതാരകനായ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടാണു വിവർത്തകയുടെ പേരു പരസ്യമാക്കിയിരിക്കുന്നതു്. ഇത്രയും നല്ല ഒരു വിവർത്തനം കേരളീയർക്കു നല്കിയ ഗ്രന്ഥകർത്രി ഒരു കർമ്മലിത്താസന്യാസിനിയായി ലോകം അറിഞ്ഞാൽപോരാ; പേരോടുകൂടെ അറിയേണ്ടതുതന്നെ. ഈശോയുടെ ഈ പുതിയ ജീവചരിത്രം അവിടുത്തെ ഭക്തരുടെ സംഖ്യ വർദ്ധിപ്പിച്ചുകാണുമ്പോൾ വിവർത്തക കൃതാർത്ഥയാകും, അതിനു് "നസ്രായക്കാരൻ ഈശോ" തന്നെ കാരണമാകട്ടെ. സമർത്ഥയായ വിവർത്തകയ്ക്കു മംഗളങ്ങളും വിജയവും ആശംസിക്കുന്നു. T. M.

# ചെറുകഥ

## അവന്റെ "തമ്പുരാൻ"

(ജയിംസ് കെ. സി. മണിമല)

"തമ്പ്രാനേ! തമ്പ്രാനാണങ്ങളെയറിയാം. എവന്മാരൊക്കെ എരപ്പകളല്ലേ? നാലുശക്രം കിട്ടിയാൽ പൊരത്തിപ്പൊതിഞ്ഞുവെച്ചോണ്ടു പത്തംകിടക്കിണ കൂട്ടങ്ങ്. ഒരുപാത്രം കള്ളിനുപോലുമൊരുപകാരമില്ലാത്തോരു്...." കേളന്റെ സ്വരമാണു് അവിടെ അങ്ങനെ പൊടിപൊടിച്ചതു്. "നാലഞ്ചു പാത്രം" അകത്തുചെന്നപ്പോൾ അവന്റെ സിരാപടലങ്ങൾ ഒന്നുണർന്നു. നാട്ടിലെ "കൊള്ളാവുന്ന മേലോ"രോടൊക്കെ വേണമെങ്കിൽ അരകൈ നോക്കാമെന്നായി. എങ്കിലും വക്കീച്ചേട്ടനോടു് അവനു വലിയ ആദരവാണു്. അയാളുടെ സ്തുതിഗീതത്തിലാണു കേളൻ സംസാരമാരംഭിച്ചതുതന്നെ. കാരണം അന്നു "ജീവന്റെ വെള്ളം" വാങ്ങിക്കൊടുത്തതയാളാണു്. "തികഞ്ഞ ഉദാരശീലൻ."



കേളന്റെ പിതാവു് "മേലോ"രുടെയടുക്കൽ നേരെ നോക്കി മിണ്ടിയിട്ടില്ല. "കരിക്കാടി"വകയില്ലെന്നുവന്നാൽ "പടിക്കൽ"ചെന്നു സമയം പാർത്തു നിന്നിട്ടേ വല്ലതും "കിട്ടിക്കാ"നപേക്ഷിക്കയുള്ളു. കൊള്ളാവുന്ന "തമ്പുരാക്കന്മാ"രെയൊക്കെ മാനിക്കേണ്ടതെങ്ങനെയെന്നവനറിയാമായിരുന്നു. അവൻ വേലചെയ്താൽ കണക്കുപറയില്ല. കൊടുക്കുന്നതുവാങ്ങിച്ചുകൊണ്ടു പൊയ്ക്കൊള്ളും. ക്ലിപ്തമായി വേലയ്ക്കു ചെല്ലാഞ്ഞിട്ടു "തമ്പുരാക്കന്മാർ" അവനെ ശിക്ഷിച്ചിട്ടുണ്ടു്. ചെവി തുളച്ചു കയറുകെട്ടി ആഴിപ്പാട്ടിനടുത്തു ബന്ധിച്ചുകളഞ്ഞു പോലും. ആ തുളകൾ മരിക്കുന്നതുവരെ അവന്റെ ചെവിയിൽ കാണാമായിരുന്നു.

പക്ഷേ കേളന്റെ നല്ലകാലം വന്നപ്പോൾ മട്ടാകെമാറി. ഇന്നു കേളനെ ആരെങ്കിലും ഒന്നു തല്ലിയാൽ അവൻ ഒമ്പതുതല്ലും. ചിത്തപറഞ്ഞാൽ ഏതു "വലിയ ഇടപാടുതമ്പുരാ"നായാലും അവൻ കൊടുവാളെടുത്തങ്ങു ഭീഷണിപ്പെടുത്തും. അതുകൊണ്ടെല്ലാവർക്കും അവനെ പേടിയാണു്.

തെങ്ങുകയററമാണു കേളന്റെ ജോലി. ഉടമസ്ഥൻ കൊടുക്കുന്നതല്ല, കേളനിഷ്ടമുള്ള കൂലിയാണവൻ വാങ്ങുന്നതു്. അവർക്കും ഒരു സംഘടനയുണ്ടു്. "തെങ്ങുകയററത്തൊഴിലാളിയൂണിയൻ." അതിന്റെ നേതാവാണു കേളൻ. കൂലിനിരക്കു നിശ്ചയിക്കുന്നതും അയാളാണു്.

എന്നും പ്രഭാതത്തിൽ കേളന്റെ പുരമുററത്തുള്ള ശിലാസനങ്ങളിൽ "കൊള്ളാവുന്ന" നാലഞ്ചുപേർ ഇരിക്കുന്നുണ്ടാവും. അവർ അവനെ ജോലിക്കു വിളിക്കാൻ ചെന്നു സത്യാഗ്രഹമനുഷ്ഠിക്കുകയാണു്. "ആരെല്ലാം വന്നാലും എനിക്കു തോന്ന്യടത്തോട്ടേ ഞാൻ പോകൂ." കേളൻ ഖണ്ഡിതമായങ്ങു പറയും. അതിനാർക്കുമെതിരില്ല.

ഈ "തോന്ന്യടം" എവിടെയൊക്കെയാണെന്നാണു് അടുത്തപ്രശ്നം. അതിനാണു വക്കീച്ചേട്ടൻ കേളനെ അന്നൊന്നു സൽക്കരിച്ചതു്. പിറേറന്നു് അവൻ അയാളുടെ വീട്ടിൽ ജോലിക്കു ചെല്ലാനുള്ള ഒരു ശുപാർശ.

"എനിക്കെന്റെ തമ്പ്രാനേ! ഇത്തിരിമരവെള്ളം മോന്തണം! അതു കിട്ടുന്നിടത്തോട്ടു ഞാൻ പോകും." അവൻ തന്റെ കാര്യമങ്ങു തുറന്നുപറഞ്ഞു. ആരെയും കണക്കിലേറെ കീഴിയാത്ത കേളൻ വക്കീച്ചേട്ടനെ "തമ്പുരാനെ"ന്നു വിളിക്കുന്നു. അപ്പോഴാണയാൾ മനസ്സിലാക്കിയതു തന്റെ "നിലയും വിലയും."

അന്നു സായാഹ്നത്തിൽ "തമ്പുരാനും അടിയാനും" റോഡിൽക്കൂടെ കടന്നുപോയതു് ആരും വിസ്മരിക്കയില്ല. "കൊന്തത്തോർത്തു"ം കൊടുവാളും ഇടതുതോളിൽ തൂക്കിയിട്ടിട്ടു് വലതുകൈകൊണ്ടു "തമ്പുരാ"ന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുകയാണു കേളൻ. "അദ്ദേഹ"ത്തിന്റെ വേഷവും ഒന്നു വേറെയാണു്? മുണ്ടും രണ്ടാം മുണ്ടും ഒന്നിച്ചു് അരയിൽ തിരുകിക്കൂട്ടി കെട്ടിവച്ചിരിക്കുന്ന വക്കീച്ചേട്ടൻ നഗ്നനല്ല; അർദ്ധനഗ്നനുമല്ല. വേച്ചും വീണും റോഡിന്റെ വശങ്ങളിലേക്കു തെന്നിത്തെറിച്ചുപോകുന്നുണ്ടെങ്കിലും കേളന്റെ ബലിഷ്ഠഹസ്തത്തിൽ അയാൾ സുരക്ഷിതനാണു്.

തനിക്കു വിരോധമുള്ളവരെയൊക്കെ മുറയ്ക്കു ശകാരിക്കുകയും ചീത്തപറയുകയുമാണു് ഈ "ജൈത്രയാത്ര"യിൽ "തമ്പുരാ"ന്റെ ജോലി. കേളൻ അതൊക്കെ "കൈമണി"കൊട്ടി പ്രഖ്യാപിക്കുകയും.

"എഴ്ഴ്ഴാ. കേഴ്ളാ..."

"എന്നാ തമ്പ്രാനേ."

"എഴാ! ഞാനാഴാണെന്നഴിയാമോ"

"കൊള്ളാം കൊള്ളാം, പിന്നേതോന്നാ കേളനറിന്നേ. പൊന്നുംകൊടത്തോരു വക്കീമ്പ്രാൻ. അഞ്ചു പാത്രഴം ഒന്നാം തഴം കള്ളു് കേളനു വാങ്ങിച്ചുതന്ന പാക്യംപൊറന്ന തമ്പ്രാൻ."

"ഹാ...ഹാ...ഹാ..." "കേഴ്ളാ...." തമ്പുരാൻ കേളന്റെ പുറത്തു സ്നേഹിച്ചൊരടി.

"തല്ലിക്കോൾന്നാട്ടേ തമ്പ്രാനെ, കേളൻ മിണ്ടൂല്ല. പക്ഷേ വേറൊരുത്തൻ, ങാ, ഒണ്ടല്ലോ ഇല്ലത്തെ എമ്പോക്കിത്തമ്പ്രാനായാലും വേണ്ടില്ല; കേളൻ വിടൂല്ല. അവനിന്റെ തല; കേളന്റെ കൊടുവാൾ! ...ഹ...ഹ...ഹാ..."

"ഉം... എഴാ കേളാ! നീയഴിഞ്ഞോ."

"എന്നാ തമ്പ്രാനെ, പഴഞ്ഞാട്ടെ"

"മേ.....മേ....പ്രഴത്തെ കുഴിഴൻ പഴഞ്ഞു ഞാൻ കള്ളുകുഴിയനാണു്, അതുവ്വോ...കേളാ?"

"ഹ ഹാ! തമ്പുഴാനെങ്ങും കള്ളുകുടിയനല്ല; വല്ലപ്പോഴും കുടിച്ചാലും കള്ളുകുടിയനല്ല; ഇപ്പപ്പോലും കള്ളുകുടിയനല്ല."

"അങ്ങനെ പഴ കേളാ! നീയാ വിവഴമുള്ളോൻ. പഴ—ഞാൻ കള്ളുകുഴിയനാണോ! കേളാ."

"അല്ല, തമ്പ്രാനെ! അല്ല." കേളൻ സ്ഥിരീകരിച്ചു. "ഞാനോ തമ്പ്രാനെ?"

"നീയുമല്ലഴാ. കള്ളുകുഴിയരെന്നു പഴയന്ന മെഴു തെമ്മാഴികളെയല്ലേ?" തമ്പുരാനും സയുക്തികം സമർത്ഥിച്ചു.

അങ്ങനെ ആ "കള്ളുകുടിയനല്ലാത്തവർ" രണ്ടുപേരും നടന്നും നടക്കാതെയും മുമ്പോട്ടുനീങ്ങി.

"കേളാ!" വക്കീച്ചേട്ടൻ പിന്നെയും നീട്ടിവിളിച്ചു. പെട്ടെന്നു് ഓടയിലുള്ള ഒരു ചെളിക്കുഴിയിലേക്കു് അവർ മറിഞ്ഞുവീണു. വലത്തുവശത്തു കുന്നിൻമുകളിലുള്ള ദേവാലയത്തിൽനിന്നു സന്ധ്യാനമസ്കാരത്തിനുള്ള മണിനാദം മുഴങ്ങി.

പതിതസഹസ്രങ്ങളെ ദിവ്യനാഥൻ തന്റെ പാവനസന്നിധിയിലേക്കു ക്ഷണിക്കുന്ന മധുരാഹ്വാനം! വക്കീച്ചേട്ടൻ തലയുയർത്തിനോക്കി. പൂർവ്വദിക്കിൽ നിരന്നാടിയടുക്കുന്ന ഇരുൾപ്പരപ്പിന്റെ മുമ്പിൽ വിജയമകുടംപോലെ ഉയർന്നുനില്ക്കുന്ന കുരിശു് അയാൾ കണ്ടു. രണ്ടു വെള്ളിമേഘങ്ങൾ അതിന്റെ മുകളിൽ വന്നു വെള്ളവിരിപ്പു തൂകി. അങ്ങു പടിഞ്ഞാറെ ചക്രവാളത്തിൽ ചരമശയ്യയിൽ കിടന്നുകൊണ്ടു ദിനേശൻ തന്റെ ക്ഷീണിച്ച കരങ്ങൾ നീട്ടി അതിനെ തഴുകുകയാണു്.

"പഴ്ള്ളിപ്പഴിക്കലായോ കേളാ!" വക്കീച്ചേട്ടൻ ചോദിച്ചു.

"അച്ചീന്നോ! വന്നാട്ടെ. നമ്മക്കു പോകാം."

ആ "സുഹൃദ്ബന്ധം" പിന്നെയും നടന്നു. വക്കീച്ചേട്ടന്റെ ദേഹത്തു രണ്ടുമൂന്നു മുറിവുകൾ പററിയെന്നു രക്തം കണ്ടപ്പോൾ അയാൾ ഗ്രഹിച്ചു. പക്ഷേ അതു വകവച്ചില്ല.

"പള്ളിപ്പഴി കഴിഞ്ഞോ?" അയാൾ സ്വരം താഴ്ത്തി പിന്നെയും ചോദിച്ചു.

Church Distribution
Pictures and Calendars

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ടുപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണ സ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. യ്ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1

"ഇല്ല തമ്പ്രാനെ! ഇങ്ങേഴക്കെന്നാ ഇത്തറ പേഴ്ടി."

"എഴാ! അച്ചൻ കണ്ടാ ദ്മാശ്ശം. കഴിഞ്ഞ ഞാഴാഴ്ച കള്ളുകുഴിയെപ്പററി കൊടുങ്കമാ പിഴസംഗമഴ്ന്നു."

"അച്ചൻ! പാവഴ തമ്പ്രാനെ! നമ്മളു കള്ളുകുഴിച്ചാലുങ്ങക്കെന്നാ." കേളനങ്ങു വിധിച്ചു.

"ഹ! ഹാ! ഹാ! നീ സാഴാ മിഴുക്കൻ." അയാൾ കൂട്ടുകാരന്റെ തോളിൽ പിടിച്ചുവച്ചു. "ഞാനുമതാ പഴേന്നെ അച്ചനാണോ എനിക്കു ചെലവിനു തഴന്നെ." അയാൾ പിന്നെയും പൊട്ടിച്ചിരിച്ചു. ശ്മശാനസ്ഥലവും കടന്നു് ഇരുളിന്റെ ഹൃദയത്തിലേക്കു് അവർ നടന്നകന്നു. അവിടെ സ്പന്ദിക്കുന്ന ഒരസ്ഥിപഞ്ജരമമരുന്നുണ്ടു്. രണ്ടുമാസം മുമ്പാണു് വക്കീച്ചേട്ടന്റെ പിതാവു മരിച്ചതു്. ആ വൃദ്ധൻ പട്ടിണികിടന്നുണ്ടാക്കിയ പണമാണു് മകന്റെ മനുഷ്യത്വത്തെത്തന്നെ കാർന്നു തിന്നുന്നതു്. ആ മൺതരികൾ പോലും മൂകമായി വിളിച്ചുറിയിക്കുന്നുണ്ടാവാം, "നിറുത്തോടാ നിന്റെ പേക്കൂത്തുകൾ" എന്നു്.

* * *

ദിവസങ്ങൾ ഏട്ടുപത്തുകഴിഞ്ഞു. അന്നും കേളൻ നമ്പർ 28-ൽനിന്നിറങ്ങിയതു തികഞ്ഞ സംതൃപ്തിയോടെയാണു്. പക്ഷേ വക്കീച്ചേട്ടനല്ല ഇപ്പോൾ അവന്റെ തമ്പുരാൻ.

"പെരിങ്ങോട്ടെ തമ്പ്രാനുശിരുമുള്ളോനാ. അദ്ദേമാണങ്ങളെയറിം. കേളനിന്റെ വെശപ്പും താഹോം തീത്താമെ കേളൻ മാക്കൂല്ല....." പിന്നെയും പുതിയ തമ്പുരാനെപ്പററി കേളൻ പറയുന്നുണ്ടു്. അതിനിടയ്ക്കു് "അദ്ദേഹ"മിറങ്ങി വന്നു അവന്റെ ചെവിയിൽ എന്തോ ഒക്കെയോ രഹസ്യം പറഞ്ഞു. ദൂരെനിന്നും ഒരാൾ നടന്നടുക്കുന്നുണ്ടു്. അയാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു "പുതിയ തമ്പുരാൻ" പറഞ്ഞു: "അതാ വരുന്നുണ്ടു്."

കേളൻ തലകുലുക്കി. പരിപൂർണ്ണനിശ്ശബ്ദത. എന്തോ നിശ്ചയദാർഢ്യത്തോടെ അവർ മുമ്പോട്ടുനടന്നു. എതിരേവന്നയാൾ അവരെ സമീപിച്ചു. "ചട പടാ" എന്നു നാലഞ്ചു ശബ്ദം. കേളന്റെ കൈ ആഗതന്റെ കവിൾത്തടങ്ങളിൽ ശക്തിയായി ഉരുമ്മി. അയാളും വിട്ടില്ല. കേളന്റെ നെഞ്ചത്തു രണ്ടുമൂന്നു ഭാരമുള്ള ഇടി അടങ്ങപ്പിച്ചുകൊടുത്തു. തുടർന്നു ഒരു ദ്വന്ദ്വയുദ്ധം. അടവുകൾ മാറിമാറി ഇരുവരും പൊരുതുകയാണു്.

റോഡരികിൽ സംഘട്ടനത്തിനു "ശ്രുതി" മുറുക്കി വെല്ലുവിളിവരെ എത്തിയിരുന്ന രണ്ടു ശ്വാനകവീരന്മാർ എങ്ങോട്ടോ പാഞ്ഞു മറഞ്ഞു. "വിവേകമുള്ള" മനുഷ്യർതന്നെ തങ്ങളുടെ കൃത്യം ഏറെറടുത്തതു കണ്ടു് അവ പൊയ്ക്കളഞ്ഞതായിരിക്കാം.

"എടാ തെണ്ടിക്കാമാളി, നീ പെട്ടെന്നു് എല്ലാം മറന്നോടാ." മലർന്നടിച്ചു റോഡിൽ വീണിട്ടു് വാശിയോടെ എഴുന്നേററുവന്ന വക്കീച്ചേട്ടന്റെ സ്വരമായിരുന്നു അതു്. "കഴിഞ്ഞ ഞായറാഴ്ച ഞാനല്ലേടാ നിനക്കു മേടിച്ചുതന്നതു്. നിന്നെ ഞാൻ വിടുമോ?"

അവർ പിന്നെയും ഏററുമുട്ടി. പത്തുപതിനഞ്ചുവാര മുമ്പോട്ടു നടന്നിരുന്ന "പെരിങ്ങോട്ടെ തമ്പുരാൻ" പിന്തിരിഞ്ഞോടിവന്നു.

"ഛേ, ചുമ്മാതിരിക്കു കേളാ." ആ "മദ്ധ്യദാമൻ" കേളനെ പിടിച്ചുമാററി.

വഴിയിലെ ബഹളം കേട്ടു ജനങ്ങൾ ഓടിക്കൂടി. വക്കീച്ചേട്ടനും ആരുടെയോ പിടിയിലകപ്പെട്ടു. എന്നിട്ടും പോർക്കോഴികളെപ്പോലെയാണവരിരുവരും നില്ക്കുന്നതു്.


"തമ്പ്രാനെ, തമ്പ്രാനെന്നെ ഉരുപ്പാടു തല്ലിയാട്ടെ. ഞാൻ കമാന്നു ചബ്ധിക്കൂല്ല." കേളൻ തന്നെ പിടിച്ചിരിക്കുന്ന പുതിയ തമ്പുരാനോടു പറഞ്ഞു. "പക്ഷേ ആ എരപ്പത്തെമ്മാടിയെ കേളൻ വിടൂല്ല. അവന്റെ മൊതലും നായിന്റെ മീശേം തുല്യാ..." അവൻ പിന്നെ പലതും വിളിച്ചുപറഞ്ഞു. വക്കീച്ചേട്ടനു് ഒരു ലജ്ജാഭാരം. "പെരിങ്ങോട്ടെ തമ്പുരാനു" ഉള്ളിലൊതുങ്ങാത്ത ചിരിയും.

* * *

അടുത്ത ഞായറാഴ്ചയും വികാരിയച്ചൻ പള്ളിയിൽ പ്രസംഗിച്ചു മദ്യപാനത്തെപ്പററി. "അന്തസ്സും അഭിമാനവും ആഭിജാത്യവുമെല്ലാം അപകടത്തിലാക്കുന്ന ഈ നാരകീയപാനം നിങ്ങൾ ഉപേക്ഷിക്കണം. ഒരു കത്തോലിക്കനു ചില ആദർശമൂല്യങ്ങളുണ്ടു്. അവയാണു് അവനെ അന്യരുടെമുമ്പിൽ മാനനീയനാക്കുന്നതു്. അവയൊക്കെ നിങ്ങൾ മദ്യാലയത്തിൽ വിററുകളഞ്ഞാലോ? ...... കണ്ണിൽക്കാണുന്ന വിഡ്ഢികളെയൊക്കെ നിങ്ങൾ കാശുമുടക്കി സൽക്കരിക്കും. പക്ഷേ ആ "കുടിക്കുന്ന പട്ടികൾ" തരംവരുമ്പോൾ നിങ്ങളുടെ അഭിമാനവും ആരോഗ്യവും ആയുസ്സുതന്നെയും കാർന്നെടുത്തുകളയും ......"

അവന്റെ "തമ്പുരാൻ"വിളികൾ വക്കീച്ചേട്ടന്റെ മനസ്സിൽ മിന്നിപ്പൊലിഞ്ഞു. അയാൾ അവനതമുഖനായി അങ്ങനെയിരുന്നുപോയി.

ആ വൈദികന്റെ അന്നത്തെ കണ്ഠക്ഷോഭവും വെറും "വനരോദന"മായിത്തീരുമോ? എന്തോ? ആർക്കറിയാം?



"പഴ്ള്ളിപ്പഴിക്കലായോ കേളാ!" വക്കീച്ചേട്ടൻ ചോദിച്ചു.

# ഉൽക്കണ്ഠാകുലമായ ആ കാലഘട്ടം

(മിസ്സിസ് ഡോക്ടർ പോളം മാമ്പിള്ളി)

രണ്ടായിരം കൊല്ലങ്ങൾക്കപ്പുറം. അതൊരുൽക്കണ്ഠാകുലമായ കാലഘട്ടമായിരുന്നു. ലോകം വഷളത്വത്തിന്റെ പാരമ്യത്തിൽ എത്തിച്ചേർന്നു. സഹോദരന്മാർ പരസ്പരം എതിർത്തുകൊണ്ടിരുന്നു. വൈരാഗ്യവും വധവും സമാധാനത്തെയും സ്നേഹത്തെയും നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു. രാജ്യങ്ങൾ തമ്മിൽ സദാ യുദ്ധംതന്നെ. ഭരണാധികാരികൾ ദുഷ്ടരും ദുരാഗ്രഹികളുമായിരുന്നു.

ദുർമ്മോഹമാകുന്ന ദുർദ്ദേവതയ്ക്കു അനേകായിരം നരബലികൾ നടത്തിയാണു് അന്നത്തെ റോമാധിപതിയായ അഗസ്റ്റസ് റോമാസാമ്രാജ്യം കരസ്ഥമാക്കിയതു്. സ്വേച്ഛാപ്രഭുത്വത്തിന്റെ ഉടവാളൂരി ഭരണം നടത്തുവാൻ കാംക്ഷിച്ച അദ്ദേഹം വിസ്തൃതവും വിഭവസമൃദ്ധവുമായ ആ സാമ്രാജ്യം കൈയിലൊതുങ്ങിക്കിട്ടിയപ്പോൾ തന്റെ ശത്രുക്കളെന്നു സംശയിക്കപ്പെട്ട സകലരേയും നിർദ്ദയം കൊന്നുകളഞ്ഞു. സകല അധികാരങ്ങളും സ്വപാദാധീനത്തിലാക്കി തന്നിഷ്ടംപോലെ ഭരണം നടത്തി.

അനുകമ്പയെന്നതു് അണുപോലും, അദ്ദേഹത്തിനില്ലായിരുന്നു. കഴുത്തറുത്തുകൊല്ലുവാൻ വിധിക്കപ്പെട്ട ഒരു സാധു, തന്റെ ശവം ശരിയായി സംസ്കരിക്കുവാൻ സംബന്ധികളെ അനുവദിക്കണമേയെന്നു താണുകേണപേക്ഷിച്ചു. ആ അവസാനയാചനയ്ക്കു്, അതു കഴുകന്മാരുടെ കാര്യമാണെന്നാണു് അദ്ദേഹം മറുപടി പറഞ്ഞതു്. പെറൂഗിയ നിവാസികളെ ഒന്നാകമാനം കൂട്ടക്കൊല നടത്തുവാൻ കല്പിച്ചപ്പോൾ ആ സാധുക്കൾ കൂട്ടമായി കരഞ്ഞുകൊണ്ടു ജീവരക്ഷാർത്ഥം പ്രാർത്ഥിച്ച അവസരത്തിൽ അവർ മരിച്ചേ മതിയാവൂ എന്നു് ആ ക്രൂരമനുഷ്യൻ നിർദ്ദേശിച്ചു. ദുരാഗ്രഹിയായ അദ്ദേഹത്തിന്റെ അധികാരസീമയിൽ പെട്ടവർ കാട്ടിക്കൂട്ടുന്ന ദുഷ്ടതകളൊന്നും കണ്ടില്ലെന്ന മട്ടിൽ കണ്ണടച്ചുകളയുവാൻ ഒരു പണക്കിഴി ധാരാളം മതിയായിരുന്നു.

അക്കാലത്തുതന്നെയാണു് ദാവീദിന്റെ ചെങ്കോലിനെ ചതിയാൽ തട്ടിയെടുത്ത ഹേറോദേസ് യൂദയാരാജ്യം ഭരിച്ചിരുന്നതു്. ക്രൂരചിത്തനായ അദ്ദേഹം റോമാധിപതിക്കു കൈനിറയെ കനകം കാഴ്ചവെച്ചു കണ്ണുമയക്കി യഹൂദജനതയുടെ ഭരണാധികാരം കരസ്ഥമാക്കി. ഗർവ്വിഷ്ഠനും പ്രതികാരേച്ഛുവുമായ അദ്ദേഹം ഏതു കൊടിയ കൊലയും ചെയ്യുവാൻ അഗസ്റ്റസിനെക്കാൾ ഒട്ടും പിന്നോക്കമല്ലായിരുന്നു.

ഒരു രാജകുടുംബത്തിലെ അവകാശികളെ എല്ലാവരേയും അദ്ദേഹം നിർദ്ദയം വധിച്ചുകളഞ്ഞു. ആ അന്യായപ്രവൃത്തിയെ ന്യായീകരിക്കുവാൻവേണ്ടി ആ വംശത്തിലെ ഒരു സ്ത്രീയെ വിവാഹംകഴിച്ചു. എന്നാൽ വെറും ഒരു സന്ദേഹത്തെ മാത്രം മുൻനിറുത്തി ആ സ്ത്രീയെ കൊന്നുകളഞ്ഞു. എന്നിട്ടും അടങ്ങാത്ത തന്റെ കോപാഗ്നിയെ ശമിപ്പിക്കുവാൻ വേണ്ടി അവളുടെ മാതാവിനെക്കൂടി വധിച്ചു. അതിനെതിരു പറഞ്ഞ ഫാരിസേയപ്രമാണികളെ എണ്ണത്തുണി ചുററി കത്തിച്ചു. മാതൃഹത്യയിൽ കുപിതരായി തന്റെ പുത്രന്മാർ ഒരുകാലത്തു തന്നോടു പ്രതികാരം ചെയ്യേങ്കിലോയെന്നു ഭയന്നു മൂന്നു പുത്രന്മാരേയും ഒരുമിച്ചു കുത്തിക്കൊന്നു. ഈവക ദുഷ്കർമ്മങ്ങളെല്ലാം ശിക്ഷാർഹങ്ങളല്ലാതാക്കിത്തീർത്തതു് അദ്ദേഹം അഗസ്റ്റസിനു കൊടുത്തുകൊണ്ടിരുന്ന കനത്ത കനകം മാത്രമാണു്. അങ്ങനെ അദ്ദേഹത്തിന്റെ ദുഷ്പ്രവൃത്തികൾക്കു അതിരും എതിരുമില്ലാതായി.

രാജ്യങ്ങൾ മിക്കതും വിഗ്രഹാരാധനയും ദുഷ്കൃത്യങ്ങളുംകൊണ്ടു നിറഞ്ഞു. ദേവാലയങ്ങൾ തിരുനാളാഘോഷങ്ങളിലെ കച്ചവടകേന്ദ്രങ്ങളായി രൂപാന്തരപ്പെട്ടു. പണമുണ്ടാക്കുവാനുള്ള ഒരുപകരണം മാത്രമായി അതിനെ കരുതി. സ്വന്തം ലാഭമുദ്ദേശിച്ചു കച്ചവടക്കാർക്കു മതാനുവാദം നൽകിയ പുരോഹിതന്മാർ മതത്തിന്റെ മറപിടിച്ചുനിന്നുകൊണ്ടു് വഞ്ചനകൾ ചെയ്തുതുടങ്ങി. അവർ വർത്തകർക്കു അനുകൂലമായി നിയമങ്ങളെ വ്യാഖ്യാനിച്ചു പൊതുജനപ്രീതി സമ്പാദിച്ചു. തൽഫലമായി ഭീമമായ സംഖ്യ കരസ്ഥമാക്കിയിരുന്ന പുരോഹിതന്മാരും, യഹൂദപ്രമാണികളും കൈക്കൂലികൊടുത്തു വശീകരിച്ചിരുന്ന ഹുണ്ടികവ്യാപാരികളും തടിച്ചുകൊഴുത്ത പണക്കാരായിത്തീർന്നു. സമ്പത്തിന്റെ കുമ്പാരത്തിന്മേൽ കയറിയിരുന്നവർ പാവങ്ങളുടെ നിണനീർ ഊററിക്കുടിച്ചു.

സാധുക്കളോടും രോഗികളോടും ആർക്കും അലിവില്ലാതെയായി. പട്ടിണിയുടെ കൊടുംതീയിൽ വെന്തുനീറുന്ന സാധുക്കൾക്കു് ഒരു സാന്ത്വനവാക്കുപോലും ലഭിച്ചിരുന്നില്ല. ദാരിദ്ര്യത്തിന്റെ അഗാധതയിൽ ഇറങ്ങിനിന്നവർ കരഞ്ഞുതുടങ്ങി. അബലകൾ തങ്ങളുടെ വിലയേറിയ പാതിവ്രത്യംപോലും വിററു ഭക്ഷിച്ചു. നാനാതരത്തിലുള്ള രോഗങ്ങളും ഭയങ്കരതരമായ യാതനകളും സാധുക്കൾ മനംമടുക്കെ ഭുജിക്കേണ്ടിവന്നു.

അരോചകവും ഭയാനകവുമായ കുഷ്ഠരോഗം പലർക്കും പടർന്നുപിടിച്ചു. അഴുകിപ്പഴുകി ചലമൊലിച്ചു മരവിച്ച ദേഹത്തോടും വീർത്ത ചുണ്ടുകൾ, ചുവന്ന കണ്ണുകൾ, കനത്ത ചെവികൾ, മുറിഞ്ഞ വിരലുകൾ എന്നിവയോടുംകൂടി അവർ വിജനപ്രദേശങ്ങളിൽ നരകിച്ചു ജീവിച്ചു. ആ ദുർഭഗർ സമുദായത്തിൽനിന്നു പുറംതള്ളപ്പെട്ടു. പൊതുവഴികളിൽ സഞ്ചരിക്കുവാനോ സംസാരിക്കുവാനോ പോലും അവർ അനുവദിക്കപ്പെട്ടിരുന്നില്ല.

നിലത്തുവീണുരുണ്ടു് പരിഭ്രമജനകമായ ഗോഷ്ഠികൾ കാണിക്കുന്ന അപസ്മാരരോഗികൾ, സുബോധമശേഷമില്ലാത്ത ഭ്രാന്തന്മാർ, പ്രകാശമെന്തെന്നറിഞ്ഞിട്ടില്ലാത്ത കുരുടന്മാർ എന്നിവർക്കു ദൈവംതന്നെ തുണ എന്ന മട്ടായി. അതെല്ലാം അവരുടെ പാപംമൂലം വന്നതാണെന്നും അതവരനുഭവിച്ചേതീരു എന്നും അന്നത്തെ വിത്തേശന്മാർ വിശ്വസിച്ചു. സ്വാർത്ഥത ലോകത്തിൽ അങ്ങോളമിങ്ങോളം കളിയാടി. അതിന്റെ ഫലമായി വൈരാഗ്യം, പ്രതികാരേച്ഛ, ദുഷ്ടത, അഹങ്കാരം എന്നിവകൊണ്ടു ലോകം താറുമാറായി. പരിപാവനമായ അഹിംസയെപ്പററി ആരും ആലോചിക്കുകപോലും ചെയ്തില്ല. പരിശുദ്ധമായ സ്നേഹം എന്താണെന്നവർ ചിന്തിച്ചതേയില്ല. സ്വാർത്ഥത്തിന്റെ ദുർന്നീരുകൊണ്ടു തടിച്ചുകൊഴുത്ത അന്നത്തെ മനുഷ്യൻ സുഖഭോഗമാനാദികൾക്കായി മാത്രം ജീവിച്ചു.


ഇപ്രകാരം സുഖലോലുപരും സ്വാർത്ഥതല്പരരുമായ അവരുടെ ഉൽക്കണ്ഠ മുഴുവൻ ധനാർജ്ജനത്തിലായിരുന്നു. പ്രത്യുത നിസ്സഹായരായ സാധുക്കളും സജ്ജനങ്ങളും പ്രവാചകന്മാർ പ്രവചിച്ചിട്ടുള്ള മിശിഹായുടെ ആഗമനത്തെ ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അവർ സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. അനേകതലമുറകളായി അത്യാകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ക്രിസ്തുവിനെ കണികാണുവാൻപോലും കഴിയാതെ പലരും നിരാശയോടുകൂടി മൃതിയടഞ്ഞു.

ഉൽക്കണ്ഠാകുലമായ ആ കാലഘട്ടത്തിൽ പലതരത്തിലുള്ള പാപത്താൽ നശിച്ചുപോകുന്ന തന്റെ പ്രിയപ്പെട്ട നരകുലത്തിന്റെ ദയനീയസ്ഥിതി കണ്ടു് ദയാപരനായ ദൈവം അതിനെ രക്ഷിക്കുവാൻ നിശ്ചയിച്ചു. പതിവുപോലെ പ്രവാചകന്മാരെ അയക്കുന്നതിനല്ല അവിടുന്നു് ഉദ്യമിച്ചതു്. പാപത്തിന്റെ പാഴ്‌വലയിൽ വീണു വലയുന്ന ലോകത്തെ താങ്ങിയുയർത്തുവാൻ തന്റെ തിരുക്കുമാരൻമാത്രമേ കരുത്തുള്ളുവെന്നു് അവിടുത്തേക്കു് അറിയാമായിരുന്നു. അന്നത്തെ കടുത്ത പാപികളുടെ ദുഷ്ടമനസ്സിനെ ഇളക്കുന്നതിനു തന്റെ ദിവ്യസുതന്റെ സുന്ദരസ്വരത്തിനുമാത്രമേ സാധ്യമാകുകയുള്ളുവെന്നു് അവിടുന്നു കണ്ടു. ലോകത്തിന്റെ കറപിടിച്ച പാപമലിനത കഴുകിക്കളയുവാൻ ക്രിസ്തുവിന്റെ ചുടുരക്തത്തിനു മാത്രമേ ശക്തിയുള്ളുവെന്നു് അവിടുന്നു് അറിഞ്ഞു.

തൽഫലമായി ദൈവമാതാവാകുവാൻ യോഗ്യതയുള്ള ഒരു സ്ത്രീ വഴിയായി, അതെ, ജന്മപാപത്തിന്റെ നിഴൽപോലും തീണ്ടാത്ത ഒരു കന്യക വഴിയായി മിശിഹായെ ലോകത്തിലേക്കയക്കുന്നതിനു ദൈവം തിരുമനസ്സായി. അങ്ങനെ ചിരകാലപ്രതീക്ഷിതമായ ആ ആഗമനകാലവും വന്നണഞ്ഞു.

മലയാള കഥാപ്രസംഗപ്രസ്ഥാനത്തിൽ മധുരമായൊരു പരിവർത്തത്തിന്റെ മഹനീയ നേതൃത്വം വഹിക്കുന്ന വിശ്രുത കലാകാരന്മാർ

കാഥികൻ ജോസഫ് ചിയ്യേടനും പാർട്ടിയും




1. കാഥികൻ ജോസഫ് ചിയ്യേടൻ, P. O. അയ്യമ്പിള്ളി, 2. ഫിഡിൽ രാജൻ ടി. ഡി. മാത്യു, തൊടുപുഴ, 3. ഹാർമ്മോണിസ്റ്റ് ടി. എസ്സ്. ആന്റണി, മാലിപ്പുറം. 4 മൃദംഗിസ്റ്റ് കെ. എൻ. രാവുണ്ണി, തൃശൂർ.

തയ്യാറായി! സഹൃദയലോകം ആകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന പുളകംകൊള്ളിക്കുന്ന പുതിയകഥ: "മരിയാ ഗൊരേത്തി"

*Booking Agent*

**K· P· Joseph, Optician, Broadway, Ernakulam**



# വീടപകടങ്ങൾ

(ശിവറാം)

ഒഴിവുദിവസങ്ങൾ ആഫീസിൽ ജോലിചെയ്യുന്നവർക്കും കോളേജിൽ പഠിക്കുന്നവർക്കും ആഴ്ചയിലെല്ലാം കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഉന്മേഷവും ആശ്വാസവും ആഹ്ലാദവും നൽകുന്നു.

അന്യദിക്കിൽ പ്രവൃത്തിയിലേർപ്പെട്ടു കഴിയുന്നവർ ഒഴിവുകാലങ്ങളിൽ വീട്ടിൽ വന്നാൽ അതൊരലട്ടുനിറഞ്ഞ വീടല്ലെങ്കിൽ യഥാർത്ഥസൗഖ്യം അനുഭവിക്കുന്നു.

ഡോളിയും മാത്യുവും 4 ദിവസത്തെ കോളേജുമുടക്കത്തിനു് സ്വന്തം വീട്ടിൽ വന്നിരിക്കയാണു്. ആങ്ങളയും പെങ്ങളും സദാ ഉത്സാഹഭരിതരാണു്. ഡോളി കോളേജിൽ മൂന്നാംകൊല്ലവും മാത്യു ആദ്യത്തെകൊല്ലവുമാണു്. കുസൃതികൾ, അവ ഏതു ഡിഗ്രിയിലുള്ളതായിരുന്നാലും മാത്യു അവയിൽ ഒന്നാമനാണു്. കോളേജിൽ കൂക്കുവിളിവിദഗ്ധനായ മാത്യുവിനെ "ഉരുളൻ" എന്നു് ചില പെൺകുട്ടികൾ വിളിക്കാറുണ്ടു്. ഈയിടതന്നെ എലക്ഷൻപ്രചരണാർത്ഥം നമ്മുടെ നാടു സന്ദർശിക്കാനിടയായ ഒരു മാന്യാതിഥി കോളേജിലുംവന്നു പ്രസംഗിക്കാനിടയായപ്പോൾ ശേബാക്കടിക്കാനും ചൂളം വിളിക്കാനും, ഓലിയിടാനും മററും മുൻകൈയെടുത്തു് പെരുമാറിയതു് നമ്മുടെ കൊച്ചു മാത്യുവല്ലാതെ വേറാരുമല്ല.

വീട്ടിൽ ഇളയ പുത്രനായതുകൊണ്ടായിരിക്കാം, മാത്യുവിനെ മാതാപിതാക്കൾക്കും സഹോദരിക്കും വലിയകാര്യമാണു്. അവൻ ചെയ്യുന്ന പ്രവൃത്തികൾ എത്ര ഭയങ്കരനാശഹേതുകങ്ങളായാലും, അതിന്റെ ഫലം എത്ര കഠോരമായിരുന്നാലും പുത്രവത്സലരായ അമ്മയുമപ്പനും അതെല്ലാമങ്ങു ലഘൂകരിക്കയാണു് പതിവു്.

നാട്ടുകാരുടെ ശ്രദ്ധമുഴുവൻ തെരഞ്ഞെടുപ്പുകാര്യത്തിലാണു്. കൊച്ചുമാത്യുവിനു് പ്രത്യേകമായൊരു കക്ഷിപിടിത്തമില്ലെങ്കിലും ചീത്തവിളിക്കയും കൂക്കുവിളിക്കയും ചെയ്യുന്ന പാർട്ടി ഏതാണോ അതിൽ ചേർന്നു സധീരം പ്രവർത്തിക്കാനാണയാളെപ്പോഴും ഇഷ്ടപ്പെടുന്നതു്.


വെയിലുതാണു. പടിഞ്ഞാറൻ കാററു് കുലുങ്ങിച്ചിരിച്ചു് ശരീരം കിക്കിളിയിട്ടുകൊണ്ടിരിക്കയാണു്. അതിവിശാലമായ പുരയിടമാണു് ആ പഴയ കുടുംബത്തിനുള്ളതു്. മുളകുകൊടി പടർന്നുപുണർന്നാശ്ലേഷിക്കാത്ത മരങ്ങളവിടെ ചുരുങ്ങും. വാഴത്തോപ്പിൽ എന്നും മൂത്തുമുററിയ കായ്ക്കുലകൾ കാണും. കിളികൾ പഴങ്ങൾ മണത്തു് വാഴത്തോപ്പിൽ പാറിക്കൂടിയിരിക്കയാണു്. ഡോളിയും മാത്യുവും അവരുടെ പ്രിയപ്പെട്ട പുരയിടത്തിലെ പുതിയ കാററുണ്ടു് ചുററിനടക്കയാണു്. അധികനാൾ പുസ്തകങ്ങളിൽ തുടർച്ചയായി കഴിയുന്നതിനിടയ്ക്കു് വീട്ടിൽ വന്നപ്പോഴിങ്ങനെ ഒരു ചുററിനടപ്പു് അത്യന്തം ഉല്ലാസപ്രദമായി ആർക്കും തോന്നുമല്ലോ.

പഴുത്ത കപ്പങ്ങയുണ്ടോ, പീച്ചുവെണ്ടയ്ക്കയുണ്ടോ, പേരയിൽ പഴുത്ത പേരയ്ക്കയുണ്ടോ, തിന്നാരകത്തിലെ നാരങ്ങ ഏതെങ്കിലും വയററിപ്പിടാറായിട്ടുണ്ടോ ഇതൊക്കെയാണു് നമ്മുടെ കൊച്ചുമാത്യുവിന്റെ അന്വേഷണം.

"ടാ, മാത്തുക്കുട്ടീ—ഭേഡാ! ഒരു സാധനം—ഓടിവന്നേ!" ഡോളി ഉച്ചത്തിൽ വാഴത്തോപ്പിൽനിന്നു് വിളിച്ചുപറഞ്ഞു. "എന്തോന്നാ ചേച്ചീ—വല്ലതും കോളൊണ്ടോ" എന്നൊക്കെ ചോദിച്ചുകൊണ്ടു് എള്ളുവിതച്ചിരിക്കുന്നതിന്റെ മദ്ധ്യത്തി



"അയ്യോ! ചേച്ചീ" എന്നുപറഞ്ഞു പുറകോട്ടോതുമലച്ചതു്....



മുതലക്കോടം ഇംഗ്ലീഷുഹൈസ്കൂളിൽ നടത്തിയ ഏകാന്തധ്യാനത്തിന്റെ അവസരത്തിൽ എടുത്ത ഫോട്ടോ.

ൽക്കൂടി കേറി തകരക്കാടിൻറെററത്തുകൂടി ഒരു ചൊറികണ്ണച്ചെടിയിലുരസിക്കൊണ്ടു് മാത്തുക്കുട്ടി വാഴച്ചുവട്ടിലെത്തിക്കഴിഞ്ഞു. പെണ്ണുങ്ങൾനോക്കിയിടത്തു കണ്ണുനോക്കി. എൻെറ ദൈവമേ! കൊച്ചുമാത്തുവിൻെറ വായിൽ ഒരു ഇടവപ്പാതിതന്നെയുണ്ടായി. ഒരു നെടുനെടുങ്കൻ പൂവൻകുല. വാഴക്കൈകൾ ഒടിഞ്ഞുവാടി അതിനെ ആരും കാണാതെ മറച്ചുവച്ചിരിക്കയാണു്. വാടിയ വാഴക്കൈകൾ മാറിയപ്പോഴാണു് മാത്തുക്കുട്ടിയുടെ കൊതിമുഴുത്തതു്. മുകളിലത്തെ രണ്ടു പടല നല്ലവണ്ണം പഴുത്തിരിക്കുന്നു. പഴം തിന്നാൻ കൊതികൊണ്ട മാത്തു ഇടസ്കൂടിസ്കു് കാലും ചൊറിഞ്ഞുകൊണ്ടു് ഉള്ളാചാണ്ടംപോലെ വീട്ടിലെത്തി വാക്കത്തിയുമായി തിരിച്ചുവന്നു് വാഴവെട്ടിക്കഴിഞ്ഞു. ഒരു പെരുംകുല—ഒരു ഇരുനൂററൻപതു കായുവരും. കേടുകൂടാതെ വെട്ടി താഴെയിട്ടു. ആർത്തിയോടെ നാലുപഴം ഉരിഞ്ഞു് കൊച്ചുമാത്തു വയററിലാക്കി.

"മാത്തുക്കുട്ടി! നമ്മടെ ഫോനൻചേട്ടനെ വിളിച്ചു് അതു് വീട്ടിൽ എടുത്തുവെപ്പിക്കാം. ഭാരം കൂടുതലാണു്. ഞാൻ ദാ ഇപ്പം വിളിച്ചുവിടേക്കാം." ഡോളി അടുത്ത വേലിക്കടുക്കലേക്കു നടന്നു.

"ചേച്ചീ! ഇതല്ല ഇതിനപ്പുറമൊള്ള ഭാരം കൊച്ചുമാത്തുവിനു പുല്ലാണു്. ഇതു് ഞാൻ വേണമെങ്കിൽ ഒററക്കൈക്കു് വീട്ടിൽ എത്തിക്കാം."

മാത്യു കുനിഞ്ഞുനിന്നു് വാഴക്കുല ആഞ്ഞൊരു പൊക്കു്–"അയ്യോ ചേച്ചീ" എന്നു പറഞ്ഞു പുറകോട്ടു് ഒരു മറിച്ചിൽ! നേരംപോക്കായിരിക്കുമെന്നു കരുതി ഡോളി നേരെ നടന്നതേയുള്ളു.

ഫോനൻചേട്ടനും ഡോളിയും വാഴക്കുല എടുക്കാൻ വന്നപ്പോൾ നടുവിനു കൈയുംകൊടുത്തു് പതുക്കെ ഞരങ്ങിക്കൊണ്ടു് കൊച്ചുമാത്തു പറമ്പിൽ കിടക്കയാണു്.

"എന്തുപററി എൻെറ മാത്തുക്കുട്ടീ!"

ഡോളി നിലവിളിക്കാൻ തുടങ്ങി. മാത്യുവിനെ താങ്ങിയെടുത്തു വീട്ടിൽ കൊണ്ടുപോയി. "നട്ടെല്ലിനു് കേടുപററിയിരിക്കുന്നു. എക്സ്‌റേ എടുക്കയും ചുരുങ്ങിയതു് ഒരു മാസമെങ്കിലും ആശുപത്രിയിൽ കിടക്കയുംവേണം" — ഇതാണു വിളിച്ചുകൊണ്ടുവരപ്പെട്ട മഹമ്മദ് ഡോക്ടർ പരിശോധനകഴിഞ്ഞു് പ്രസ്താവിച്ചതു്.

അങ്ങനെ ഒഴിവുദിവസങ്ങൾ ആസ്വദിക്കാനായി വീട്ടിൽവന്ന ആ വിദ്യാർത്ഥി പ്ലാസ്റററിട്ടു വരിഞ്ഞുകെട്ടിയ പുറവുമായി ആശുപത്രിക്കട്ടിലിൽ മിനിട്ടുകൾ എണ്ണി ഞരങ്ങിമൂളിക്കഴിക്കയാണു്.

ഒരു അപകടം നിങ്ങളുടെ വിശ്രമവേളകളേയോ സന്തോഷാവസരങ്ങളേയോ വേദനാജനകമാക്കുന്നതിനു് ഇടകൊടുക്കരുതു്.

വീട്ടിൽ പല ഘനമുള്ള സാധനങ്ങളും ഒരു സ്ഥലത്തുനിന്നു മററു സ്ഥലത്തേക്കു് മാററേണ്ട ആവശ്യങ്ങൾവരുന്നു. എല്ലാ സാധനങ്ങൾ ഉയർത്തുമ്പോഴും കാൽമുട്ടു മടക്കി കാലിൻെറ മാംസപേശികളുടെ സഹായത്തോടെ ചെയ്യണം. പുറത്തെ മാംസപേശികൾ ഉപയോഗിച്ചു ഭാരം ഉയർത്തിയാൽ നട്ടെല്ലിനു കേടു സംഭവിക്കും.

പിന്നെ ഭാരംകൂടിയ സാധനങ്ങൾ ഒരിക്കലും തനിയെ പൊക്കാൻ ശ്രമിക്കരുതു്. അതിനു് മററുള്ളവരുടെ സഹായം ആവശ്യപ്പെടുക.

ഉരലുമാററാനും, ഒരു വിറകുകുട്ടി മറിച്ചിടാനും, ഒരുകുട്ട പുളി എടുത്തു് പറമ്പിൽ നിരത്താനും മററും വീട്ടിലെ പെണ്ണുങ്ങൾ സാഹസപ്പെടാറുണ്ടു്. അവർക്കു് നടുവൊടിഞ്ഞു് അകാലത്തിൽ അവശത പ്രാപിക്കണമെന്നു് ആഗ്രഹമില്ലെങ്കിൽ വളരെ സൂക്ഷത്തോടെമാത്രമേ ആയാസമായകാര്യങ്ങൾ ചെയ്യാവൂ.

കൊച്ചുമാത്യുവിനിപ്പോഴൊരു സങ്കടമുണ്ടാകും, എലക്‌ഷൻ പ്രസംഗങ്ങളിൽ മൈക്കിൻെറ ഒച്ചയേക്കാൾ ഉച്ചത്തിൽ മുക്കറയിടാനും ഓലിയിടാനും തനിക്കു സാധിക്കുന്നില്ലല്ലോ എന്നു്. എന്തെന്നാൽ ഡാക്ടർപറഞ്ഞു, ഒരുമാസമെങ്കിലും കൊച്ചുമാത്യു ആശുപത്രിയിൽ കിടക്കണമെന്നു്. (തുടരും)

ഉണ്ണീയീശോയുടെ അനുഗ്രഹത്താലും മാതാവിൻേറയും വി. ഫിലോമിനായുടേയും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്തായുടേയും സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Annakutty V· Pulakudyil

## ഇടവകവാർത്തകൾ

കാഞ്ഞിരത്താനം: ചെറുപുഷ്പമിഷൻലീഗിൻെറ ഒരസാധാരണയോഗം നവംബർ 18-ാംനു- റവ. ഫാ. എമ്മാനുവേൽ വടക്കേമുറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബ്രദർ വി. യു. കുര്യൻ തദവസരത്തിൽ ഒരു പ്രസംഗംചെയ്തു.

—ചാമക്കാലാ ഇടവകയിൽ ലഭിച്ച പാൽപ്പൊടിയും ഗോതമ്പുമാവും സ്ഥലം വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ പാവപ്പെട്ട വിദ്യാർത്ഥികളുടെയിടയിൽ വിതരണംചെയ്തിരിക്കുന്നു.

—അതിരമ്പുഴ ഫൊറോനാപള്ളി ഇടവകയിലെ മിഷൻസഹായസംഘങ്ങളുടെ 9-ാം സംയുക്തവാർഷികം നവം. 18-ാം തിയതി ചങ്ങനാശേരി മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. റവ. ഫാ. ജോസഫ് കാച്ചപ്പിള്ളി ഒരു പ്രസംഗംചെയ്തു.

—കോതനല്ലൂർ കത്തോലിക്കാകോൺഗ്രസ്സ്ശാഖയുടെ ഒരു പൊതുയോഗം നവം. 18-ാംനു- മി. പി. വി. ദേവസ്യായുടെ അദ്ധ്യക്ഷതയിൽക്കൂടി, കോൺ: ശാഖയുടേയും വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറയും സംയുക്തവാർഷികം ഡിസം. 23 ാംനു- വിപുലമായ തോതിൽ കൊണ്ടാടുവാൻ തീരുമാനിക്കുകയും അതിലേക്കു് 24 പേരടങ്ങിയ ഒരു വോളണ്ടിയർ സംഘം രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗത്തിൽവച്ചു് ലീജിയൻ ഓഫ് മേരിയുടെ ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—ചായ്പൂരു്: വെട്ടിക്കൽചന്തയിൽ നവമായി പണിതിരിക്കുന്ന "രാജാ ബിൽഡിംഗ്സിൽ "സെൻറ് തോമസ്സ് ഡിസ്പെൻസറി" എന്ന പേരിൽ ഒരു ആശുപത്രി ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—പരിയാരം: പുതുക്കാട്ടുപള്ളി ഇടവകക്കാർ പരിയാരം ഇടവകയിലേക്കു മാറിപ്പോകുന്ന റവ. ഫാ. വറുഗീസ് അരികര അവർകൾക്കു് ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—പുളിങ്കുന്നു്: അകത്തോലിക്കരുടെ മാനസാന്തരത്തിനുവേണ്ടി ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ ആഭിമുഖ്യത്തിൽ നവംബർ 18-ാംനു- കാവാലം, ചിങ്ങവനം, പുളിങ്കുന്നു മുതലായ സ്ഥലങ്ങളിൽക്കൂടി ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

## വിവാഹം

എറണാകുളം: കരിശുങ്കൽ ശ്രീ കെ. എൽ. ഔസേപ്പിൻെറ പുത്രൻ മി. കെ. ഒ. ജോണും മാറക്കര ഇടവക പൂവംപുഴയ്ക്കൽ ശ്രീ സഖറിയാസിൻെറ പുത്രി മിസ് അന്നംകുട്ടിയും തമ്മിലുള്ള വിവാഹം നവം. 19-ാംനു- എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. അതിരൂപതാ വികാരിജനറാൾ മോൺ. പോത്തനാംമുഴി അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

## ചരമം

കൊഴുവനാൽ ഇടവക കൊഴുവനാം തെക്കേതിൽ ശ്രീമതി മത്തായി മറിയം നവം. 7-ാംനു- 86-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—പുതുക്കറിച്ചി: ശ്രീ മാത്യു എം. പെരേര അവർകൾ നവം. 13-ാംനു- 77-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—തൃശ്ശൂർ: ഒല്ലൂരിലെ കാട്ടൂക്കാരൻ കുടുംബാംഗവും ഇൻഡ്യാഗവമ്മെൻറിൻെറ ഡെപ്യൂട്ടി ധനകാര്യോപദേഷ്ടാവായിരുന്നു പെൻഷൻപററി പിരിഞ്ഞ ദേഹവുമായ ശ്രീ ജോസഫ് എം. ബി. ഈ. നവം. 22-ാംനു- നിര്യാതനായിരിക്കുന്നു.

R· I· P·

## സരസ കഥകൾ

### പുഞ്ചിരിതൂകാൻ പഠിക്കണം

പുഞ്ചിരിയെ സംബന്ധിച്ചിടത്തോളം രണ്ടു തെററിദ്ധാരണകളാണുള്ളതു്. ഒന്നു്, എല്ലാവരും വിചാരിക്കുന്നു, അവർക്കു പുഞ്ചിരിതൂകാൻ അറിയാമെന്നു്. രണ്ടു്, അതൊരു ധനാഗമമാർഗ്ഗമല്ലെന്നു്. ഇവ രണ്ടും അടിസ്ഥാനരഹിതങ്ങളാണെന്നു് ഈയിടെ ഒരുദാഹരണം തെളിയിക്കപ്പെടുകയുണ്ടായി.

ന്യൂയോർക്കിലെ ഒരു വലിയ കമ്പനി, ജോലിക്കാരെ പുഞ്ചിരിതൂകാൻ പഠിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രസിദ്ധ ചലച്ചിത്രഡിറക്ടരായ ജേയ് ബി. ഈഡനെ നിയമിച്ചു. കമ്പനിയിലെ ജോലിക്കാരോരോരുത്തരും അദ്ദേഹത്തിൻെറ കീഴിൽ രണ്ടാഴ്ചക്കാലം പരിശീലനം നടത്തിയത്രെ. അതിൻെറ ഫലമോ? മൂന്നുമാസം കഴിഞ്ഞു കണക്കു പരിശോധിച്ചപ്പോൾ കമ്പനിയുടെ വില്പന 15 ശതമാനം വർദ്ധിച്ചിട്ടുള്ളതായി കണ്ടു.

### ജോലിചെയ്യാൻ?

അവിശ്രമം ജോലിചെയ്യുന്ന ഒരാളാണു ന്യൂയോർക്കിലെ പുതിയ സഹായമെത്രാനായ മോൺ. ഫൾട്ടൻ ജെ. ഷീൻ. ഭക്ഷണത്തിനുവേണ്ടി അദ്ദേഹം 20 മിനിട്ടിൽക്കൂടുതൽ വ്യയംചെയ്യുകയില്ല. ഉച്ചയ്ക്കുമുമ്പുള്ള സമയം പ്രസംഗങ്ങൾ തയ്യാറാക്കുക, പദ്ധതികൾ ആസൂത്രണം ചെയ്യുക ആദിയായ പ്രധാനജോലികൾക്കായി വിനിയോഗിക്കുന്നു. ഉച്ചകഴിഞ്ഞു സന്ദർശകരെ സ്വീകരിക്കും. സായാഹ്നത്തിനുശേഷം ലഭിക്കുന്ന സമയം പഠനത്തിനും ഗവേഷണത്തിനുമായി ചെലവഴിക്കയാണു പതിവു്. അദ്ദേഹത്തിൻെറ ഉപദേശം തേടിയും സംശയങ്ങൾക്കു നിവാരണം വരുത്തുന്നതിനായും കുമ്പസാരിക്കുന്നതിനായും വരുന്നവരുടെ സംഖ്യ വളരെ വലുതാണു്. ഭക്താഭ്യാസങ്ങൾക്കായി അദ്ദേഹം അധികം സമയം നീക്കിവച്ചിട്ടുമില്ല. അദ്ദേഹത്തിൻെറ ജോലിതന്നെ വിശിഷ്ടമായ ഒരു പ്രാർത്ഥനയും ആദ്ധ്യാത്മികകൃത്യവുമാണെന്നതാണു് അതിനു കാരണം.

വിശ്രമമറിയാത്ത ഈ അദ്ധ്വാനശീലം അദ്ദേഹത്തിൻെറ ആരോഗ്യത്തിനു ഭംഗംവരുത്തുകയില്ല എന്ന ആശങ്ക പലർക്കുമുണ്ടു്. പക്ഷേ അങ്ങനെയൊരു ഭയം അദ്ദേഹത്തെ തീണ്ടിയിട്ടില്ല. ഇക്കഴിഞ്ഞ ജൂൺമാസത്തിൽ അദ്ദേഹം മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചപ്പോൾ ഏതാനും ആഴ്ചകൾ റോമിൽ താമസിച്ചു് ആശ്വസിക്കുവാൻ തിരുമനസ്സുകൊണ്ടു് ഉപദേശിച്ചു. അതിനു് അദ്ദേഹം വിനയസമേതം നല്കിയ മറുപടി ഇതായിരുന്നു: "ഞാൻ വിചാരിച്ചതു്, അവിടുന്നു് എന്നെ മെത്രാനായി അഭിഷേകംചെയ്തതു് ജോലിചെയ്യാനാണെന്നായിരുന്നു."

## ക്രിസ്തുനാഥഗീതം

(ഹംകഹസാനം—ഏ. മ.)

യേശുമഹേശാ-സ്നേഹാധിരാജാ-<br>
എന്നാളുമങ്ങെൻ ആശ്രയം നാഥാ (യേ.<br>
മർത്ത്യരക്ഷയ്ക്കായ് ഗാഗുൽത്താതന്നിൽ<br>
ക്രൂശതിലേറി ജീവൻവെടിഞ്ഞ (യേ.<br>
സക്രാരിതന്നിൽ പാപികൾക്കായി<br>
നിത്യവും ഗുപ്തവാസം ചെയ്തിടും (യേ.<br>
ഭവ്യപ്രദനാം ദൈവകുമാരാ<br>
ദിവ്യവരങ്ങൾ വർഷിക്ക മേന്മേൽ (യേ.<br>
സ്നേഹസ്വരൂപാ ശോകഹാരകാ<br>
സ്നേഹിക്കുന്നങ്ങേ കാരുണ്യരാശേ (യേ.

(കുര്യൻ എ. തലാപ്പിള്ളിൽ)

## മാതാക്കൾക്കു സമ്മാനം

കൂടുതൽ കുട്ടികളുള്ള സ്ത്രീകൾക്കു് മൂന്നുതരം മെഡലുകൾ സമ്മാനിക്കുവാൻ റുമേനിയായിലെ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നതായി നവംബർ 24-ാംനു- അവിടെനിന്നു പ്രസിദ്ധംചെയ്തിരിക്കുന്ന ഒരൗദ്യോഗികവാർത്തയിൽപറയുന്നു. ആദ്യത്തെ ബഹുമതിമുദ്രയുടെ പേർ "മാതൃത്വത്തിൻെറ വീരവനിത" എന്നാണു്. ഇതു പത്തോ അതിലധികമോ മക്കളുള്ള മാതാക്കൾക്കായിരിക്കും നൽകുക. ഏററവും ഇളയകുട്ടിക്കു ഒരുവയസ്സിലധികം പ്രായമായിരിക്കണമെന്നും മററുള്ളവർ ജീവിച്ചിരിക്കുന്നവരോ യുദ്ധത്തിൽ മരിച്ചവരോ ആയിരിക്കണമെന്നും വ്യവസ്ഥയുണ്ടു്. രണ്ടാമത്തെ ബഹുമതിമുദ്ര "മാതൃത്വത്തിൻെറ മഹത്വം" എന്നു വിളിക്കപ്പെടുന്നു. 7 മുതൽ 9 വരെ മക്കളുള്ള സ്ത്രീകൾക്കാണു് അതിനുള്ള അവകാശം. "മാതൃത്വത്തിൻെറ മെഡൽ" എന്ന നാമത്തോടുകൂടിയ മൂന്നാമത്തെ ബഹുമതിമുദ്രയ്ക്കുള്ള അർഹത അഞ്ചോ ആറോ സന്താനങ്ങളുടെ മാതാക്കളായിരിക്കുന്നവർക്കാണു്.

## വേണ്ടെന്നുവച്ചു!

ആംഗ്ലിക്കൻ സഭയുടെ നാഷനൽ അസംബ്ലി കഴിഞ്ഞ ജൂണിൽ സമ്മേളിച്ചു. ഒരു ക്രിസ്ത്യാനിക്കു മിണ്ടാമഠത്തിൽ ചേരാമോ എന്നുള്ള പ്രശ്നം അവിടെ ആലോചനയ്ക്കെടുക്കാൻ തീരുമാനിച്ചിരുന്നതാണു്. റവ. വാൾട്ടർ ഹന്നാ എന്നൊരു ആംഗ്ലിക്കൻ ഇക്കാര്യം സംബന്ധിച്ച സമ്മേളനത്തിനുമുമ്പു്, പത്രമാസികകളിൽ കർശനമായ വിമർശനങ്ങൾ നടത്തിക്കൊണ്ടിരുന്നു. കാൻറർബറി മെത്രാപ്പോലീത്താ ഉൾപ്പെടെ പല ആംഗ്ലിക്കൻ വൈദികാദ്ധ്യക്ഷന്മാരും വൈദികരും ഫ്രീമെയിസൻന്മാരാണെന്നുപോലും അദ്ദേഹം എടുത്തുകാണിക്കയുണ്ടായി. ഇതിനെത്തുടർന്നാണു് സമ്മേളനത്തിലേക്കു് ഈ പ്രശ്നം സംബന്ധിച്ചു് ഒരു പ്രമേയം അയക്കപ്പെട്ടതും, സമ്മേളനത്തിൽ ഇതേപ്പററി ആലോചിപ്പാൻ തീരുമാനിച്ചതും. എന്നാൽ ഒടുവിൽ, പല്ലാവും ഈ ആലോചനാവിഷയമാക്കേണ്ടെന്നു തീരുമാനിക്കയാണുണ്ടായതു !!

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, NOVEMBER 28, 1951 ‖ No 15


## സ്ഥാനാർത്ഥികൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ

തിരു കൊച്ചി നിയമസഭയിൽ ആകെ 108 സീറ്റുകളാണുള്ളത്. അവയ്ക്കായി വിവിധ കക്ഷികളിൽപ്പെട്ടവരും സ്വതന്ത്രരുമായ 441 പേർ മത്സരിക്കുന്നുണ്ട്. പാർലമെന്റിൽ തിരു-കൊച്ചിക്ക് അവകാശപ്പെട്ട 12 സീറ്റുകൾക്കായി മത്സരിക്കുന്നവരുടെ എണ്ണം 45 ആണ്. ഇപ്രകാരം വിവിധ കക്ഷികളും വ്യക്തികളും തമ്മിൽ മത്സരം നടക്കുമ്പോൾ സ്ഥാനാർത്ഥികൾക്കു വേണ്ട യോഗ്യതകളെപ്പറ്റി പ്രതിപാദിക്കുന്നത് സമ്മതിദായകന്മാർക്കു തങ്ങളുടെ വോട്ടവകാശം യഥായോഗ്യം ഉപയോഗിക്കുന്നതിനു സഹായകമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### കത്തോലിക്കാ കോൺഗ്രസിന്റെ നിശ്ചയം

ഈ വിഷയം സംബന്ധിച്ച് ഇക്കഴിഞ്ഞ നവംബർ 5-ാം-നു കോട്ടയത്ത് ഷെവലിയർ ജോസഫ് പെട്ട അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച അ. കേ. ക. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ചെയ്ത നിശ്ചയം താഴെ ചേർക്കുന്നു: "പൊതുനന്മയും, പ്രത്യേകിച്ച് കത്തോലിക്കാസമുദായത്തിന്റെ പ്രത്യേക താല്പര്യങ്ങളും സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും യത്നിക്കുമെന്ന്, കഴിഞ്ഞകാലങ്ങളിലെയും ഇപ്പോഴത്തെയും പ്രവർത്തനങ്ങളിൽനിന്ന് അനുമാനിക്കാവുന്ന സ്ഥാനാർത്ഥികൾക്കു മാത്രമേ, സംസ്ഥാനിക നിയമസഭയിലേക്കും പാർലമെന്റിലേക്കും അടുത്തു നടക്കുവാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ട് നൽകാവൂ എന്ന്, ബാംഗളൂരിൽകൂടിയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫറൻസ് 1951 ഒക്ടോബർ 23-ാം-നു-യിലെ പ്രസ്താവനമൂലം പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി, എല്ലാ കത്തോലിക്കാ വോട്ടറന്മാരോടും ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു." ചുരുക്കിപ്പറഞ്ഞാൽ, രാജ്യത്തിന്റെ പൊതുനന്മയും കത്തോലിക്കാസഭയുടെ വിശിഷ്ടതാല്പര്യങ്ങളും പരിരക്ഷിക്കുമെന്നു നമുക്ക് ഏതൊരു സ്ഥാനാർത്ഥിയെക്കുറിച്ചാണോ ഉറപ്പുവിചാരിക്കാൻ കൂടുതൽ ന്യായമുള്ളത്, ആ സ്ഥാനാർത്ഥിക്കു നമ്മുടെ വോട്ട് നൽകേണ്ടതാണ്. അങ്ങനെയാരുറപ്പു നമുക്കു ലഭിക്കുന്നതിനായി നാം സ്ഥാനാർത്ഥികളുടെ കഴിഞ്ഞ കാലങ്ങളിലേയും ഇപ്പോഴത്തേയും പ്രവർത്തനങ്ങളും അവരുടെ സ്വഭാവവിശേഷങ്ങളും പരിശോധിക്കേണ്ടിയിരിക്കുന്നു.

### കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങൾ

നേരത്തെ നിയമസഭയിൽ അംഗങ്ങളായിരിക്കുകയോ പൊതുകാര്യങ്ങളിലേർപ്പെട്ട് സ്വാധീനം ചെലുത്തുകയോ ചെയ്തിട്ടുള്ള സ്ഥാനാർത്ഥികളെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ രണ്ടു വിദ്യാഭ്യാസപ്രക്ഷോഭണങ്ങളിൽ— സർ. സി. പി. പ്രൈമറിസ്കൂളുകൾ രാഷ്ട്രസാൽക്കരിക്കുന്നതിനായുള്ള പദ്ധതി ആവിഷ്കരിച്ചപ്പോഴും, ശ്രീ പനമ്പിള്ളി മാനേജരന്മാരുടെ ന്യായമായ അവകാശങ്ങളെ അവഗണിച്ചുകൊണ്ടുള്ള തന്റെ സെക്കണ്ടറിസ്കൂൾ പദ്ധതി ആവിഷ്കരിച്ചപ്പോഴും— അവരിലോരോരുത്തരും പാർട്ടിയോഗങ്ങളിലും നിയമസഭാസമ്മേളനങ്ങളിലും പൊതുമണ്ഡലങ്ങളിലും അവലംബിച്ച നില എന്തായിരുന്നെന്നു പര്യാലോചിക്കേണ്ടതാണ്. സമുദായതാല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനായി അവർ യഥാശക്തി പരിശ്രമിക്കുകയാണോ അതോ പ്രതിയോഗികളുമായി കൂട്ടുനിന്നു സഭാതാല്പര്യങ്ങളും സമുദായതാല്പര്യങ്ങളും അപകടത്തിലാക്കുകയാണോ ചെയ്തത്? പ്രത്യേകിച്ചും, വൈദികമേലദ്ധ്യക്ഷന്മാർ പ്രസ്താവനകൾവഴി തങ്ങളുടെ അഭിപ്രായം എന്തെന്നു അസന്ദിഗ്ദ്ധമായി രേഖപ്പെടുത്തുകയും സമുദായം പൊതുയോഗങ്ങൾ മുഖേന ഏകകണ്ഠമായി സ്വരമുയർത്തുകയും ചെയ്തതിനുശേഷം അവർ അവലംബിച്ച നില എന്താണ്? ഈ മാനദണ്ഡംവച്ചു അകത്തോലിക്കരായ സ്ഥാനാർത്ഥികളേയും ഏറെക്കുറെ അളക്കാവുന്നതാണ്. ന്യൂനപക്ഷങ്ങൾക്ക് സ്വന്തം വിദ്യാലയങ്ങൾ നടത്തുവാൻ അനുവാദമുണ്ടായിരിക്കുമെന്നത് ഭരണഘടന അംഗീകരിച്ചിരിക്കുന്ന ഒരു മൗലികാവകാശമാണ്. ഈ അവകാശത്തെ നീതിബോധവും ആദർശനിഷ്ഠയുമുള്ള ഏതൊരുവനും ആദരിക്കേണ്ടതാണ്. ആകയാൽ അകത്തോലിക്കരായ സ്ഥാനാർത്ഥികളും കഴിഞ്ഞ വിദ്യാഭ്യാസപ്രക്ഷോഭണങ്ങളിൽ, പ്രത്യേകിച്ചും ഇക്കഴിഞ്ഞ പ്രക്ഷോഭണത്തിൽ, എങ്ങനെയാണ് വർത്തിച്ചതെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ദേവാലയങ്ങൾ, സിമിത്തേരികൾ ആദിയായവ സ്ഥാപിക്കുന്നതിന് അവർ എതിരുനിന്നിട്ടുണ്ടോ എന്നുമാലോചിക്കണം. ജനനനിരോധനം സംബന്ധിച്ച കോൺഗ്രസ്സ് പാർട്ടിയോഗത്തിലും നിയമസഭാസമ്മേളനത്തിലും ഉണ്ടായ വാദപ്രതിവാദങ്ങളിൽ ഇവർ എന്തു പങ്കാണ് വഹിച്ചത് എന്ന സംഗതിയും ചിന്താവിഷയമാക്കേണ്ടതാണ്. സ്ഥാനാർത്ഥികൾ ക്രിസ്തീയനാമധാരികളായാലും ശരി അല്ലെങ്കിലും ശരി, കത്തോലിക്കാസമുദായാംഗങ്ങളായാലും ശരി അല്ലെങ്കിലും ശരി, അവർ കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് തുടങ്ങിയ നിഷിദ്ധസംഘടനകളുടെ അംഗങ്ങളായിരിക്കുകയോ വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്നും പര്യാലോചിക്കേണ്ടതാണ്. പ്രസ്തുത സംഘടനകളിൽനിന്ന് അവർ പിൽക്കാലത്തു പിന്മാറിയെന്നു പറയുന്നപക്ഷം, ആ പ്രസ്താവത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നും പരിഗണിക്കേണ്ടിയിരിക്കുന്നു.

### ഇപ്പോഴത്തെ പ്രവർത്തനങ്ങൾ

നേരത്തെ പ്രത്യക്ഷത്തിൽ ഉത്തമജീവിതം നയിച്ചവരും ഉത്തമാദർശങ്ങൾക്കുവേണ്ടി നിലകൊണ്ടവരും പിന്നീട് ആ ജീവിതരീതിയിൽനിന്നും ആദർശങ്ങളിൽനിന്നും വ്യതിചലിച്ചെന്നു വരാവുന്നതാണ്. അതുപോലെതന്നെ, നേരത്തെ ആദർശയോഗ്യമായ ജീവിതം നയിക്കാതിരുന്നവർ, പിന്നീട് സ്വജീവിതത്തിന്റെ ഒരു നവീനാദ്ധ്യായം തുറന്നെന്നും വരാം. അത്തരം പരിവർത്തനങ്ങൾ അസാധാരണങ്ങളല്ലെന്നു ചരിത്രവും നമ്മുടെ നിത്യാനുഭവങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. തന്നിമിത്തം, സ്ഥാനാർത്ഥികളുടെ അതീതജീവകാലചരിത്രം കളങ്കരഹിതമായിരുന്നാലും കറപുരണ്ടതായിരുന്നാലും ശരി, ഇപ്പോഴത്തെ അവരുടെ ജീവിതരീതിയും പ്രവർത്തനങ്ങളും അവർ നൽകുന്ന ഉറപ്പുകളുമാണ് പ്രധാനമായി പരിഗണനാർഹമായിരിക്കുന്നത്. അവരുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രത്യക്ഷപ്പെടേണ്ട ഗുണലക്ഷണങ്ങളിൽ ഒന്നാമത്തേത് ഈശ്വരവിശ്വാസമാണ്.

### ഈശ്വരവിശ്വാസം

യഥാർത്ഥമായ സന്മാർഗ്ഗികജീവിതത്തിന്റെയും ധാർമ്മികബോധത്തിന്റെയും അടിസ്ഥാനം ഈശ്വരവിശ്വാസമാണ്. ഈശ്വരവിശ്വാസമില്ലാത്ത ഒരു വ്യക്തി ബാഹ്യമായിട്ടോ താല്ക്കാലികമായിട്ടോ ധാർമ്മികപ്രമാണങ്ങൾ അനുസരിച്ചെന്നുവരാം. എന്നാൽ എല്ലാ കാര്യങ്ങളിലും എല്ലാ കാലത്തും അയാൾ അവയെ അനുസരിച്ചെന്നുവരികയില്ല. അയാളുടെ ധാർമ്മികബോധമാകുന്ന സൗധത്തിന് ബലിഷ്ഠമായ ഒരടിസ്ഥാനമില്ലാത്തതിനാൽ, സ്വാർത്ഥം, ബന്ധുജനങ്ങളുടെ ന്യായരഹിതമായ പ്രേരണാശക്തി, അതിരുകവിഞ്ഞ ആശ്രിതവാത്സല്യം, ധനമോഹം, അധികാരപ്രമത്തത, അഹങ്കാരം ആദിയായ പ്രലോഭനങ്ങളാകുന്ന കാററൂതുമ്പോൾ ആ സൗധം നിലംപതിക്കാനിടയുണ്ട്. നിയമദാതാവും വിധികർത്താവുമായ ദൈവത്തിലുള്ള വിശ്വാസമാണ് നീതിപൂർവ്വകമായ പ്രവർത്തനരീതിക്കു നിദാനമായിരിക്കുന്നതെന്നത്രെ 12-ാം പീയൂസ് മാർപ്പാപ്പാ ഉദ്ബോധിപ്പിച്ചിരിക്കുന്നത്. തിരുമേനി ഭരണഭാരം കൈയേററശേഷം ആദ്യമായി പ്രസിദ്ധപ്പെടുത്തിയ "സുമ്മി പൊന്തിഫിക്കാത്തുസ്" എന്ന വിശ്വലേഖനത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി: "സ്വാഭാവികനിയമത്തിന്റെ അടിസ്ഥാനം, സർവ്വശക്തനായ സൃഷ്ടികർത്താവും എല്ലാവരുടേയും പിതാവും പരമപരിപൂർണ്ണനായ നിയമദാതാവും മാനുഷികകൃത്യങ്ങളുടെ വിവേകമതിയും നീതിമാനുമായ സമ്മാനദാതാവുമായ ദൈവത്തിലുള്ള വിശ്വാസമാണ്. ദൈവത്തിന്റെ മാറാംവരാത്ത ആ തിരുമനസ്സിനു സ്വമേധയാ കീഴ്പ്പെട്ടുവർത്തിക്കാത്തപക്ഷം, അതു നീതിയുക്തമായ പ്രവർത്തനത്തിന്റെ എല്ലാ അടിസ്ഥാനതത്വങ്ങളേയും തകിടംമറിക്കുന്നതായിരിക്കും." ആകയാൽ സാക്ഷാൽ ദൈവവിശ്വാസമില്ലാത്ത വ്യക്തികൾ നിയമസഭകളിൽ പ്രവേശിക്കയോ ഭരണാധികാരികളായി ഭവിക്കയോ ചെയ്യാതിരിപ്പാൻ സമ്മതിദായകന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഇററലിയിലെ തിരഞ്ഞെടുപ്പുപ്രമാണിച്ച് 1948-ൽ റോമിലെ കർദ്ദിനാൾസംഘം താഴെചേർക്കുന്ന നിർദ്ദേശം നല്കുകയുണ്ടായി: "ദൈവികനിയമങ്ങളും പരസ്യവും രഹസ്യവുമായ ജീവിതത്തുറകളിൽ മതത്തിനും തിരുസ്സഭയ്ക്കുമുള്ള അവകാശങ്ങളും ആദരിക്കയും സംരക്ഷിക്കയും ചെയ്യുമെന്ന് ഉറപ്പുള്ള സ്ഥാനാർത്ഥികൾക്ക്, അഥവാ സ്ഥാനാർത്ഥികളുടെ ലിസ്റ്റുകൾക്കുമാത്രം കത്തോലിക്കർ വോട്ടുചെയ്യേണ്ടിയിരിക്കുന്നു." ബാംഗളൂരുസമ്മേളിച്ച മെത്രാന്മാരുടെ പ്രസ്താവനയും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: "ദൈവത്തിന്റെ അസ്തിത്വത്തേയും മനുഷ്യാത്മാവിന്റെ അസ്തിത്വത്തേയും മരണാനന്തരജീവിതത്തേയും നിഷേധിക്കുകയോ നിരീശ്വരപരമായ കമ്മ്യൂണിസത്തെ ആദരിക്കുകയോ ചെയ്യുന്ന സ്ഥാനാർത്ഥികൾക്കു കത്തോലിക്കർ വോട്ടുനല്കരുത്. ദൈവവിശ്വാസം ഇല്ലാതിരിക്കുന്നപക്ഷം ജനാധിപത്യത്തിന്റെ അടിസ്ഥാനവും കുടുംബജീവിതവും മനുഷ്യജീവിതവും അട്ടിമറിയും. ജീവിതത്തിന്റെ ആദ്ധ്യാത്മികവശത്തെ അവിശ്വസിക്കുന്നവർക്കു നമ്മുടെ രാജ്യത്തേയും രാജ്യവാസികളേയും നയിക്കുവാൻ ഒരിക്കലും സാദ്ധ്യമാകുന്നതല്ല."

### സന്മാർഗ്ഗബോധം

ഈശ്വരവിശ്വാസത്തോട് അനുബന്ധമായിട്ടുള്ളതാണ സന്മാർഗ്ഗബോധം. തങ്ങളുടെ അനുദിനജീവിതത്തിൽ സന്മാർഗ്ഗബോധവും ധർമ്മനിഷ്ഠയും പ്രദർശിപ്പിക്കുന്നവർമാത്രമേ രാഷ്ട്രീയകാര്യങ്ങളിലും സത്യവും നീതിയും പാലിക്കുമെന്നു പ്രത്യാശിക്കുവാൻ ന്യായമുള്ളൂ. ആകയാൽ "സ്വഭാവശുദ്ധിയും സത്യസന്ധതയും" ഉള്ളവർക്കേ വോട്ടുനല്കാവൂ എന്നു ബാംഗളൂർ സമ്മേളിച്ച മെത്രാന്മാർ നിർദ്ദേശിക്കുന്നു. 1944-ലെ ക്രിസ്മസ് സന്ദേശത്തിൽ മാർപ്പാപ്പാതിരുമേനി പാർലമെന്റംഗങ്ങൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളെപ്പററി പ്രതിപാദിക്കുകയിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "ഫലപ്രദമായി പ്രവർത്തിക്കുന്നതിനും മററുള്ളവരുടെ മതിപ്പും വിശ്വാസവും സമാർജ്ജിക്കുന്നതിനും ഉന്നതമായ ധാർമ്മികനിഷ്ഠയും സ്ഥിരനിശ്ചയവുമുള്ളവരായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു സംഘം ആളുകൾ ഏതൊരു നിയമസഭയിലുമുണ്ടായിരിക്കണമെന്നാണ് അനുഭവം അനിഷേധ്യമായി തെളിയിച്ചിരിക്കുന്നത്. അവർ ക്രിസ്തീയതത്വങ്ങളെപ്പററി ദൃഢബോദ്ധ്യമുള്ളവരും എല്ലാ പരിതഃസ്ഥിതികളിലും പ്രമാദരഹിതവും സുനിശ്ചിതവുമായ അഭിപ്രായരൂപവൽക്കരണത്തിനു കഴിവുള്ളവരും പ്രായോഗികമായ നീതിബോധമുള്ളവരുമായിരിക്കണം; സുവ്യക്തവും അവികലവുമായ ആദർശങ്ങളും സുസ്ഥിരവും ഋജുവുമായ ഒരു നയവും അവർക്കുണ്ടായിരിക്കണം."

കമ്മ്യൂണിസത്തെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കുകയിൽ സുപ്രസിദ്ധഗ്രന്ഥകാരനും പ്രാസംഗികനും അമേരിക്കയിൽ ന്യൂയോർക്കിലെ സഹായമെത്രാനുമായ മോൺ. ഫർട്ടൺ ജെ. ഷീൻ പ്രസ്താവിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. "രാഷ്ട്രീയമായി കമ്മ്യൂണിസത്തെ നേരിടാനുള്ള മാർഗ്ഗം നിയമസഭാസ്ഥാനാർത്ഥികളെ പാർട്ടികളുടേയും വർഗ്ഗത്തിന്റേയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാതെ ധാർമ്മികദൃഷ്ട്യാ അവർക്കോരോരുത്തർക്കുമുള്ള വിലയെ ആധാരമാക്കി തിരഞ്ഞെടുക്കുകയെന്നതാണ്. അതായത്, ഓരോ സ്ഥാനാർത്ഥിയും ഏകഭാര്യാവ്രതം പാലിക്കുന്നവനാണോ, അയാൾ തന്റെ പ്രാർത്ഥനകൾ ചൊല്ലാറുണ്ടോ, വിദേശങ്ങളിൽനിന്നു ചൊല്ലിക്കൊടുക്കുന്ന ഒരു പാർട്ടിനയം സ്വീകരിച്ചിരിക്കുന്നവനാണോ, (മനുഷ്യസ്വാതന്ത്ര്യങ്ങളെ പ്രഖ്യാപിച്ച) അററ്ലാൻറിക്ക ചാർട്ടറിനു അനുയോജ്യമായി നാം ജീവിക്കണമെന്നു വിശ്വസിക്കുന്നവനാണോ, വാഷിംഗ്ടണെപ്പോലെ ദേശീയജീവിതത്തിനു മതവും സന്മാർഗ്ഗവും ആവശ്യമാണെന്നു വിശ്വസിക്കുന്നവനാണോ എന്നെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു .... സന്മനസ്സുള്ളവരെ സംബന്ധിച്ചിടത്തോളം, സന്മാർഗ്ഗവിരുദ്ധവും ജനകീയവിരുദ്ധവും നാസ്തികവുമായ ശക്തികൾക്കു അനുകൂലമായി നിലകൊള്ളുന്ന പാർട്ടികളുമായി ഒത്തുതിരിപ്പിൽ— അതു ബാഹ്യമാത്രമായാലുംശരി— ഏർപ്പെടുന്നതിനെക്കാൾ ഉപദ്രവകരമായി യാതൊന്നുമില്ല. ദുർവൃത്തരായ ആളുകൾക്കു പിന്തുണനല്കാതിരിപ്പാനുള്ള ധൈര്യം നമുക്കുണ്ടായിരിക്കണം. അവരെ നാം വെറുക്കേണ്ട ആവശ്യമില്ല, പക്ഷെ അവരുമായി നാം ബന്ധം പുലർത്തിക്കൂടാത്തതാകുന്നു."

1948-ൽ ഇററലിയിലെ തിരഞ്ഞെടുപ്പിനുമുമ്പു ടൂറിനിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഫൊസാത്തി പ്രസിദ്ധപ്പെടുത്തിയതും തിരുമേനിയുടെ അധീനതയിലുള്ള 531 പള്ളികളിൽ വായിച്ചതുമായ ഇടയലേഖനത്തിൽ താഴെ ചേർക്കുന്ന ഗുണങ്ങൾ ഉള്ളവരെ മാത്രമേ കത്തോലിക്കാസമ്മതിദായകന്മാർ പിന്താങ്ങാവൂ എന്നു നിർദ്ദേശിച്ചിരുന്നു: "അവർ സ്വജീവിതംമുഖേന തങ്ങൾ സത്യസന്ധരാണെന്നും മതം അനുഷ്ഠിക്കുന്നവരാണെന്നും തെളിയിച്ചിരിക്കണം. അവർ കുടുംബജീവിതത്തെ പിന്താങ്ങുന്നവരായിരിക്കണം, തിരുസ്സഭയുടേയും പരിശുദ്ധസിംഹാസനത്തിന്റേയും നേർക്കു അനുസരണയുള്ളവരായിരിക്കണം, തൊഴിലാളികളുടെ നന്മയേയും രാജ്യത്തിന്റെ ശ്രേയസ്സിനേയും ലക്ഷ്യമാക്കിയുള്ള ക്രിസ്ത്യൻ സാമൂഹികശാസ്ത്രത്തിന്റെ തത്വങ്ങൾ ഗ്രഹിച്ചിട്ടുള്ളവരും പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുന്നവരുമായിരിക്കണം."

സഭാധികാരികൾ മാത്രമല്ല, രാഷ്ട്രീയാധികാരികളും സത്യസന്ധരും ധർമ്മനിരതരുമായ സ്ഥാനാർത്ഥികളെ മാത്രമേ പിന്താങ്ങാവൂ എന്ന് ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഇക്കഴിഞ്ഞ ആഗസ്റ്റ് 30-ാം-നു പ്രസിഡന്റ് രാജേന്ദ്രപ്രസാദ് ഹൈദ്രബാദിൽവച്ച് അവിടത്തെ ജനസംഘം അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം നല്കിയ വിരുന്നുസല്ക്കാരത്തിനുശേഷം ചെയ്ത പ്രസംഗത്തിൽ "സത്യസന്ധരും സമർത്ഥരുമായ വ്യക്തികൾക്കു മാത്രമേ വോട്ടു നല്കാവൂ എന്നൽബോധിപ്പിക്കുകയുണ്ടായി. സെപ്റ്റംബർ 10-ാം-നു ന്യൂഡെൽഹിയിൽകൂടിയ എ. ഐ. സി. സി. സമ്മേളനത്തിൽ, കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ താഴെചേർക്കുന്നതായിരിക്കണം മാനദണ്ഡം എന്നു നെഹ്റു പ്രസ്താവിച്ചു: "ഒന്നാമതായി ധർമ്മനിഷ്ഠ, രണ്ടാമതായും ധർമ്മനിഷ്ഠ, മൂന്നാമതായും ധർമ്മനിഷ്ഠ—ധർമ്മനിഷ്ഠയും സാമർത്ഥ്യവും. (Integrity first, integrity second, integrity third — integrity and ability) തിരഞ്ഞെടുപ്പു സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ ഒന്നാമത്തെ സർക്കുലറിലും പണ്ഡിററു നെഹ്റു ഇ

പ്രകാരം പ്രസ്താവിക്കുകയുണ്ടായി: "നാം തിരഞ്ഞെടുത്തയക്കുന്ന സ്ഥാനാർത്ഥികൾ ഏററം സത്യസന്ധന്മാരായിരിക്കണമെന്നു മാത്രമല്ല, അവർ അങ്ങനെയുള്ളവരാണെന്നു പൊതുജനങ്ങൾക്കു ബോധ്യമുള്ളവരുംകൂടി ആയിരിക്കണം. അത്തരം സൽകീർത്തിയില്ലാത്ത ആരേയും നാം സ്ഥാനാർത്ഥിയാക്കരുത്."

### ദീനാനുകമ്പ

സ്ഥാനാർത്ഥികൾക്കുണ്ടായിരിക്കേണ്ട മറെറാരു ഗുണം ദീനാനുകമ്പയാണ്. അദ്ധ്വാനിക്കയും അവശതയനുഭവിക്കയും ചെയ്യുന്ന ജനങ്ങളുടെ നേർക്ക് അവർക്കു സ്നേഹമുണ്ടായിരിക്കണം. തൊഴിലാളികളുടേയും പിന്നോക്കസമുദായക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ ചെയ്യാൻ അവർക്കു സന്നദ്ധതയുണ്ടായിരിക്കണം. ബഹുജനങ്ങളുടെ വോട്ടുകൊണ്ടു നിയമസഭയിലും അധികാരസ്ഥാനങ്ങളിലും കയറിപ്പററിയശേഷം അവരുടെ കാര്യങ്ങൾ അവഗണിക്കുകയെന്നതു അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായിരിക്കുമല്ലോ. ഈ വിഷയം സംബന്ധിച്ചു ബോംബേയിൽ സമ്മേളിച്ച മെത്രാന്മാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാർഹങ്ങളായിരിക്കുന്നു. "...വ്യവസായങ്ങളിലും കൃഷിജോലികളിലും മററു തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന ജോലിക്കാർക്കു അവർ അർഹിക്കുന്ന പദവിയും ജീവനഭൃതിയും വാങ്ങിക്കൊടുത്തു സാമൂഹികനീതി പുലർത്തുവാൻ സന്നദ്ധതയുള്ള സ്ഥാനാർത്ഥികളെ മാത്രമേ തിരഞ്ഞെടുക്കാവൂ. മതപരിഗണനകൂടാതെ പട്ടികജാതികൾക്കും പിന്നോക്കവർഗ്ഗക്കാർക്കും മററു ജനവിഭാഗങ്ങളോടൊപ്പം നീതി ലഭിക്കുന്നതിനും അങ്ങനെ രാജ്യത്തിൻെറ ഐശ്വര്യം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്ഥാനാർത്ഥികൾ നിലകൊള്ളുമെന്നു അവരി

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു കൃതജ്ഞത.

സി. ഡി. മത്തായി,
ചിറപ്പുറത്തു്, ഉഴവൂർ

---

ൽനിന്നു ഒരുറപ്പുലഭിക്കുവാൻ വോട്ടർമാർ യത്നിക്കേണ്ടതാണ്." 1949-ൽ ഫിലിപ്പൈൻസിലെ മെത്രാന്മാർ പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിലെ ഒരു വാക്യവും പ്രത്യേകം ഉദ്ധരണീയമായിരിക്കുന്നു: "ബാഹ്യമായി ഭക്തി പ്രദർശിപ്പിക്കയും, അതേസമയംതന്നെ തൊഴിലാളികളുടെനേർക്കു നീതിയും സ്നേഹവും കാണിക്കാതിരിക്കയും ചെയ്യുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ മതത്തിനുതന്നെ ആക്ഷേപം വരുത്തുകയാണെന്നു ഞങ്ങൾക്കറിയാം."

### സാമർത്ഥ്യം

ഒരു സ്ഥാനാർത്ഥിക്കു ധാർമ്മികമായ എത്രയേറെ ഗുണങ്ങളുണ്ടായിരുന്നാലും കുറെ സാമർത്ഥ്യംകൂടിയില്ലെങ്കിൽ രാജ്യത്തിനും ജനങ്ങൾക്കുംവേണ്ടി, സഭയ്ക്കും സമുദായത്തിനുംവേണ്ടി, കാര്യക്ഷമമായി എന്തെങ്കിലും ചെയ്യുവാൻ അയാൾക്കു കഴിയുന്നതല്ല. സ്ഥാനാർത്ഥികൾക്കു സാമർത്ഥ്യം ഉണ്ടായിരിക്കണമെന്ന മാർപ്പാപ്പാ തിരുമേനി 1944-ലെ ക്രിസ്തുമസ് പ്രഭാഷണത്തിലും വൈദികമേലദ്ധ്യക്ഷന്മാർ തങ്ങളുടെ ഇടയലേഖനങ്ങളിലും രാഷ്ട്രീയനേതാക്കന്മാർ തങ്ങളുടെ പ്രസംഗങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. വിസ്തരഭയത്താൽ അവ ഉദ്ധരിക്കുന്നില്ല. പ്രായോഗികമായി പറയുന്നപക്ഷം, സ്ഥാനാർത്ഥികൾ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ട മനക്കരുത്തും വിവേകവും ആജ്ഞാശക്തിയും ദീർഘവിക്ഷണവുമുള്ളവരായിരിക്കണം. പൊതുരംഗങ്ങളിൽ ഇറങ്ങി പ്രവർത്തിച്ചു പരിശീലനം ലഭിച്ചിട്ടുള്ളവരായിരിക്കണം. രാജ്യമീമാംസയുടേയും സാമ്പത്തികശാസ്ത്രത്തിൻേറയും പ്രായോഗികവശങ്ങളെങ്കിലും അറിയാവുന്നവരായിരിക്കണം. പ്രസംഗചാതുരിയും ഭാഷാസ്വാധീനതയുമുള്ളവരായിരിക്കണം. സ്ഥാനാർത്ഥികളുടെ സാമർത്ഥ്യത്തിൻെറ ഒരു പ്രായോഗികമാനദണ്ഡമെന്നോണം അവർക്കു എത്രമാത്രം പൊതുജനസമ്മതിയുണ്ടെന്നും മററുസമുദായാംഗങ്ങളുടെ ഇടയിൽ ന്യായമായ സ്വാധീനശക്തി ചെലുത്തുവാൻ—തിരഞ്ഞെടുപ്പിലും ഭാവിപ്രവർത്തനങ്ങളിലും വിജയംവരിക്കാൻ അതും ആവശ്യമാണല്ലോ—അവർക്കു എത്രമാത്രം കഴിവുണ്ടെന്നുംകൂടി പര്യാലോചിക്കാവുന്നതാണ്.

### വിജയസാദ്ധ്യത

ഒരുസ്ഥാനാർത്ഥിക്കു എത്രയേറെയോഗ്യതകളുണ്ടായിരുന്നാലും, അയാൾ ഉത്തമനായ ഒരു കത്തോലിക്കനായിരുന്നാലും,



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു്

## ഉപകാരസ്മരണ

പള്ളത്തു ചാക്കോ, തെക്കുംഭാഗം.

അയാൾക്കു വിജയസാദ്ധ്യതയില്ലെങ്കിൽ അയാളെ പിന്താങ്ങുന്നതു ചിലപ്പോഴെല്ലാം ബുദ്ധിശൂന്യമായിത്തീർന്നേക്കാം. ഉദാഹരണമായി, ഒരു നിയോജകമണ്ഡലത്തിൽ ഒരു ഐക്യമുന്നണിക്കാരനും ഒരു കോൺഗ്രസ്സുകാരനും മറേറതെങ്കിലും കക്ഷിയിൽപ്പെട്ടതോ സ്വതന്ത്രനോ ആയ ഒരു കത്തോലിക്കനും നിന്നു മത്സരിക്കുന്നുവെന്നു വിചാരിക്കുക. ആ നിയോജകമണ്ഡലത്തിൽ കത്തോലിക്കർ ഒരു ന്യൂനപക്ഷം മാത്രമാണെങ്കിൽ, കത്തോലിക്കാസ്ഥാനാർത്ഥിക്കു വിജയസാദ്ധ്യതയില്ലെന്നുവന്നേക്കാം. ആ സാഹചര്യങ്ങളിൽ കത്തോലിക്കരുടെ വോട്ടെല്ലാം കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു നൽകി ഐക്യമുന്നണിസ്ഥാനാർത്ഥിയെ പരാജയപ്പെടുത്താനാണു ശ്രമിക്കേണ്ടതു്.

### ഉറപ്പുകൾ വാങ്ങണം

മേൽവിവരിച്ച ഗുണലക്ഷണങ്ങളും വിജയസാദ്ധ്യതയുമുള്ള ഒരു സ്ഥാനാർത്ഥിക്കു എപ്പോഴും മുൻഗണന നൽകേണ്ടതാണ്. അത്തരമൊരാൾക്കു വോട്ടുചെയ്യുന്നതിനു സംശയിക്കേണ്ടതുമില്ല. പക്ഷെ മേല്പറഞ്ഞ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയ വ്യക്തികൾ ചുരുക്കമായിരിക്കാം. അപ്പോൾ ആ ആദർശത്തിനോടേററം അടുത്തുവരുന്ന സ്ഥാനാർത്ഥിയെ പിന്താങ്ങുക എന്നതു മാത്രമേ പ്രായോഗികമായി ചെയ്യുവാൻ സാധിക്കയുള്ളു. അത്തരം സാഹചര്യങ്ങളിൽ, പ്രത്യേകിച്ചും അകത്തോലിക്കാ സ്ഥാനാർത്ഥികളുടെകാര്യത്തിൽ, കത്തോലിക്കരായ സമ്മതിദായകന്മാർ ചില ഉറപ്പുകൾ വാങ്ങുന്നതു ആശാസ്യമായിരിക്കും. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുമെന്നും, ആരാധനാസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, വിദ്യാഭ്യാസസ്വാതന്ത്ര്യം മുതലായ മൗലികാവകാശങ്ങൾക്കു ഭംഗംവരുത്തുന്ന യാതൊരു നിയമത്തേയും പദ്ധതിയേയും പിന്താങ്ങുകയില്ലെന്നും, ബഹുജനക്ഷേമത്തിനു ഉതകുന്ന നീതിയുക്തമായ നടപടികൾക്കെല്ലാം പിന്തുണ നൽകുമെന്നും, കുടുംബജീവിതത്തിൻേറയും വിവാഹബന്ധത്തിൻേറയും പരിപാവനതയെ ഭഞ്ജിക്കുന്ന ജനനനിരോധനം, വിവാഹമോചനം ആദിയായവയെ അനുകൂലിക്കയില്ലെന്നും സ്ഥാനാർത്ഥികളെക്കൊണ്ടു വാക്കുപറയിപ്പിക്കേണ്ടതാണ്. കത്തോലിക്കരായ സ്ഥാനാർത്ഥികളിൽനിന്നും ഇത്തരം ഉറപ്പുകൾ വാങ്ങുന്നതു നന്നായിരിക്കും. സ്ഥാനാർത്ഥികൾ വോട്ടുതേടി സമ്മതിദായകന്മാരെ സമീപിക്കുമ്പോൾ ഇക്കാര്യങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതുതന്നെ ഒരു കത്തോലിക്കാപ്രവർത്തനമാണ്, വിശിഷ്ടമായ ഒരു പ്രേഷിതവൃത്തിയാണ്. ക്രിസ്റ്റഫർ പദ്ധതിയുടെ പ്രണേതാവായ ഫാദർ ജയിംസ് കെല്ലർ അവർകൾ വിവരിക്കുന്ന ഒരു സംഭവം ഇപ്പോൾ ഓർമ്മയിൽ വരുന്നു. ഒരമേരിക്കാക്കാരൻ ഉത്തരചൈനയിൽക്കൂടി തീവണ്ടിമാർഗ്ഗം യാത്രചെയ്യുമ്പോൾ ആ നാട്ടുകാരനായ ഒരു കച്ചവടക്കാരൻെറ പെരുമാററം അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചു. അയാൾ യാത്രക്കാരെ സമീപിച്ചു സാമാനങ്ങൾ വില്ക്കാൻ ശ്രമിച്ചശേഷം മടങ്ങുമ്പോൾ അവസാനമായി എന്തോ ചോദിക്കുന്നതായും അതു് അവരുടെ മുഖം വിവർണ്ണമാക്കുന്നതായും അനുഭവപ്പെട്ടു. ആകയാൽ അമേരിക്കാക്കാരൻ ഈ കച്ചവടക്കാരനെ വിളിച്ചു് യാത്രക്കാരെ ഇങ്ങനെ വിഷമിപ്പിക്കുന്ന സംഗതി എന്താണെന്നു ചോദിച്ചു. "ഞാൻ അവരോടു് ഓരോരുത്തരോടും നിങ്ങൾ എങ്ങോട്ടാണു് പോകുന്നതു് എന്നു ചോദിക്കും. അവർ പോകുന്ന സ്ഥലത്തിൻെറ പേർ അവർ പറയും. അപ്പോൾ എൻെറ ആശയം ഞാനിങ്ങനെ വ്യക്തമാക്കും: 'അതല്ല, ഞാൻ ചോദിച്ചതു് മരണശേഷം നിങ്ങളെവിടെ പോകുന്നുവെന്നാണ്'. ഈ ചോദ്യമാണ് അവരെ അസ്വസ്ഥരാക്കുന്നതു്." എന്നത്രെ ചൈനാക്കാരൻ നൽകിയമറുപടി. ഫാ. ജയിംസ് അഭിപ്രായപ്പെടുന്നതുപോലെ, ഇതു് പ്രേഷിതവൃത്തിക്കുള്ള അസാധാരണമായ ഒരു മാർഗ്ഗമാണെന്നിരുന്നാലും, നല്ലൊരു മാർഗ്ഗംതന്നെയാണ്. സ്ഥാനാർത്ഥികൾക്കു വോട്ടു വാഗ്ദാനം ചെയ്യുന്നതിനുമുമ്പ് ഇപ്രകാരം നമ്മുടെ തത്വങ്ങൾ അവരെ അനുസ്മരിപ്പിച്ചുകൊള്ളുക.

### സ്കോട്ട്ലൻറിലെ ഹൈരാർക്കിയുടെ ഉൽബോധനം

1947-ൽ സ്കോട്ട്ലൻറിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പു നടന്ന അവസരത്തിൽ അവിടത്തെ ഹൈരാർക്കി പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിലെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ: "വിവിധസ്ഥാനാർത്ഥികളുടെ യോഗ്യതകൾ ശ്രദ്ധാപൂർവ്വം തൂക്കിനോക്കിയശേഷവും ദൈവികമാർഗ്ഗദർശനത്തിനായി പ്രാർത്ഥിച്ചശേഷവുമാണ് നിങ്ങൾ നിങ്ങളുടെ വോട്ടു നൽകേണ്ടതു്. വോട്ടുചെയ്യാൻ അവകാശമുള്ളവരെല്ലാം അതുപയോഗിക്കണം. ക്രിസ്തീയ തത്വശാസ്ത്രത്തിലെ മൗലികതത്വങ്ങൾ നിഷേധിക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിക്കു വോട്ടു ചെയ്യാതിരിക്കുവാൻ ഒരു കത്തോലിക്കനു മനസ്സാക്ഷിപ്രകാരം കടമയുള്ളതാണ്. (അതിനെതിരായി വർത്തിക്കുന്നതു പാപമാണെന്നു സാരം.) നമ്മുടെ രാജ്യത്തേയും ലോകത്തേയും സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഈ കാലഘട്ടത്തിൽ ഞങ്ങൾ ഞങ്ങളുടെ ചുമതല നിർവ്വഹിച്ചില്ല എന്ന കുററം ഞങ്ങളിൽ യാതൊരുത്തരുടെമേലും ആരോപിക്കപ്പെടാതിരിക്കട്ടെ. സഭാസിദ്ധാന്തങ്ങൾക്കു വിരുദ്ധമല്ലാത്ത ആദർശങ്ങളോടും നയങ്ങളോടുംകൂടിയ ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽ ചേരുവാൻ കത്തോലിക്കർക്കു സ്വാതന്ത്ര്യമുണ്ടെന്നുള്ളതു വാസ്തവമത്രെ. പക്ഷേ അവർ ആർക്കു വോട്ടുചെയ്യുന്നുവോ ആ സ്ഥാനാർത്ഥി, അയാളുടെ പാർട്ടിബന്ധം എന്തായാലും ശരി (നിഷിദ്ധമായ പാർട്ടികളുമായി ബന്ധം പുലർത്താമെന്നു് ഇതിനർത്ഥമില്ല), നമ്മുടെ സംസ്കാരത്തിൻെറ അസ്തിവാരമായ ക്രിസ്തീയാദർശങ്ങൾക്കു പിന്തുണ നൽകുവാൻ ഏററവുമധികം സന്നദ്ധതയുള്ളവനാണെന്നു് ആദ്യമേതന്നെ അവർക്കു ബോധ്യമുണ്ടായിരിക്കണം."

## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

ഡിസംബർ
2 ഞാ: സുവാറ 1-ാം ഞായർ
ആഗമനകാലം ആരംഭിക്കുന്നു
3 തി: ഫ്രാൻസിസ്കോ സവേരിസ്
4 ചൊ: ബാർബരാ
5 ബു: ആബ സാബ
6 വ്യാ: നിക്കോളാസ്
7 വെ: അംബ്രോസിസ്
8 ശ: കന്യകാ മറിയത്തിൻെറ
അമലോത്ഭവം

മുട്ടുചിറ
മൈലാടുംപാറ കുരിശുപള്ളിയിൽ
വി. ഫിലോമിനാപുണ്യവതിയുടെ
തിരുനാൾ മഹാമഹം
1951 ഡിസംബർ 16, 17 തീയതികളിൽ

തെങ്ങുരോഗ സംഹാരി

തെങ്ങുരോഗസംഹാരി. തെങ്ങിനു് മണ്ടവാട്ടക, വെള്ളക്കാപൊഴിയുക, തേങ്ങാവാട്ടുക, ചെല്ലികുത്തുക, കാററുവിഴുക, ചോറുപഴുക്കുക മുതലായി തെങ്ങുകൾക്കു് ഉണ്ടാകുന്ന എല്ലാവിധരോഗങ്ങളേയും മാററുന്നതിനും തഴപ്പിച്ചുവളർത്തുന്നതിനും അത്യുത്തമമായ ഒരു മരുന്നാണ് ഈ വളം.

വിതരണക്കാർ:- പി. ജെ. സ്കറിയാ, സെൻറ് ഫിലോമിനാസ് വില്ല, ഇളമണ്ണൂർ, അടൂർ.

ചീഫ് ഏജൻറ്സ്:- 1) ബേബി സോപ്പ് ഇൻഡസ്ട്രീസ്, ചങ്ങനാശേരി 2) ജോസഫ് സി. അയിക്കരയിൽ, മുത്തോലി, പാലാ. 3) കൊച്ചുമ്മൻ ജോർജ്ജ്, പാറക്കോട്ട്, അടൂർ. 4) ദി മററക്കര ബാങ്ക്, മററക്കര, കിടങ്ങൂർ. 5) എം. ററി. ആൻറണി, മാന്തറ, മാടപ്പള്ളി, കണ്ണോട്ട. 6) കെ. എസ്. വറുഗീസ്, കാവാലംപുത്തൻപറമ്പിൽ, എതുമേറ 7) വറുഗീസ് മത്തായി, എലൂർ, വെട്ടിക്കൽ മാക്കാറ, വായിപ്പൂർ. 8) ററി. സി. തോമസ്, മർച്ചൻറ്, മാക്കററ് ജംക്ഷൻ, പായിപ്പാട്. 9) ററി. എ. തോമസ്, താവറിൽ, ചേന്നങ്കരി, മങ്കൊമ്പ്. 10) ബേബി സ്റ്റോഴ്സ്, വെണ്ണിക്കുളം. 11) തോമസ് കല്ലുപുരയിൽ, കടയത്തൂർ, കാഞ്ഞാർ. 12) മത്തൻ ജോസഫ് (കുട്ടി) ബോട്ടുജട്ടി, പൂഞ്ഞിക്കുന്നു്.

# ക.മാനേജർമാർ

വിദ്യാഭ്യാസപദ്ധതി സംബന്ധിച്ച്

തിരു-കൊച്ചി കത്തോലിക്ക് സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെ ഒരു പൊതുയോഗം നവംബർ 21-ാംനു ചങ്ങനാശേരി മെത്രാസനമന്ദിരത്തിൽ സമ്മേളിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ ചെയ്തിരിക്കുന്നു: ഭേദഗതിചെയ്യപ്പെട്ട പുതിയ വിദ്യാഭ്യാസപദ്ധതിയിൽ ഉടനെ ചേരേണ്ടതാണ്. മുൻപദ്ധതിമൂലം അടയ്ക്കേണ്ടിവന്ന വിദ്യാലയങ്ങൾ പുനരനുവദിക്കുവാനും മുൻപദ്ധതിയിൽ ചേരാതിരുന്ന കൊച്ചിയിലെ സെക്കണ്ടറിസ്കൂൾ വിഭാഗങ്ങളുടെ 1950 ഒക്ടോ. 1 മുതൽ 1951 ഒക്ടോ. 1 വരെയുള്ള കാലത്തെ ഗ്രാൻറ് അനുവദിക്കുവാനും ഗവമ്മെൻറിനോടപേക്ഷിക്കണം: ഒരദ്ധ്യാപകന്റെ കാര്യത്തിലുള്ള ന്യൂനതമൂലം ആ സ്കൂളിന്റെ ഗ്രാൻറു മുഴുവൻ തടയുവാൻ പാടുള്ളതല്ല. ട്രെയിനിംഗിനുള്ള വിദ്യാർത്ഥികളെ പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന രീതി നിറുത്തലാക്കേണ്ടതാണ്. നിർബന്ധിതവിദ്യാഭ്യാസരംഗത്തെ ചില വിദ്യാലയങ്ങളിൽ വിദ്യാർത്ഥിസംഖ്യ കുറവാണെന്ന കാരണത്താൽ ഗ്രാൻറ് പിടിച്ചിട്ടുള്ളതു് ഉടനെ അനുവദിച്ചുകിട്ടേണ്ടതാണ്. ഫീസ് സൗജന്യമനുവദിക്കുന്നതിൽ സമുദായവിഭാഗനിർണ്ണയാധികാരം ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതാണ്. അധഃകൃതപിന്നോക്കസമുദായാംഗങ്ങൾക്ക് വിദ്യാഭ്യാസസഹായം നൽകുന്നതിൽ ഹിന്ദുവെന്നും ക്രിസ്ത്യനെന്നുമുള്ള പരിഗണന ഉപേക്ഷിക്കേണ്ടതാണ്. ഗവമ്മെൻറംഗീകാരമുള്ള പുസ്തകങ്ങളിൽനിന്നും പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മാനേജർമാർക്കു നൽകേണ്ടതും പാഠ്യപുസ്തകക്കമ്മിററിയിൽ മാനേജരന്മാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതുമാണ്.

## ക്രയവിക്രയസ്വാതന്ത്ര്യം

അമേരിക്കയിലും റഷ്യയിലും

(ഓമർ ഹെൻട്രി)

ഈയിടെ ഞാനൊരു പുതിയ ടൈപ്പ് റൈററർ വാങ്ങി. അതോടെ, എന്റെ കൈവശമുണ്ടായിരുന്ന പഴയ ടൈപ്പ് റൈററർ വിററുകളയാമെന്നുകരുതി ഞാൻ വിവരം പരസ്യംചെയ്തു. അന്നു വൈകുന്നേരം ഒരാൾ എന്നെ ഫോണിൽ വിളിച്ചു. ആൾ അമേരിക്കക്കാരനല്ലെന്ന് സംസാരരീതിയിൽനിന്നും എനിക്കു മനസ്സിലായി. ഇംഗ്ലീഷ് അറിയാമെങ്കിലും അതയാളുടെ മാതൃഭാഷയല്ല; പഠിച്ചതാണ്. ടൈപ്പ്റൈററർ വിററുപോയോ എന്നായിരുന്നു ചോദ്യം. ഇല്ല എന്നു ഞാൻ മറുപടികൊടുത്തു. "അതെനിക്കു വിലയ്ക്കുതന്നുകൂടേ?" എന്നായിരുന്നു അടുത്ത ചോദ്യം. ഞാൻ അല്പമൊന്നന്ധാളിച്ചു. ആ ചോദ്യത്തിന്റെ അത്ഥം? എനിക്കൊരു ടൈപ്പ്റൈററർ വില്ക്കാനുണ്ട്. അതു വാങ്ങാനിഷ്ടമുള്ള ആൾക്കു കൊടുക്കുവാനും ഞാൻ തയാറാണ്. ഏതൊരാൾ വാങ്ങിയാലും എനിക്കൊന്നുമില്ല. വില കിട്ടണം, അത്രമാത്രമേ എനിക്കു ശ്രദ്ധയുള്ളു. "വിരോധമില്ല," ഞാൻ മറുപടിപറഞ്ഞു, "നിങ്ങൾ വന്നു് മെഷീൻ കാണുക."

അയാൾവന്നു. വിദ്യാസമ്പന്നനായ ഒരുദ്യോഗസ്ഥൻ. അമേരിക്കയിൽവന്നിട്ട് കുറച്ചുനാളേ ആയുള്ളു: റഷ്യാക്കാരൻ. അയാൾ പറയുകയാണ്: അവരുടെ നാട്ടിൽ എന്തെങ്കിലും വാങ്ങുന്നതിന് പണമുണ്ടായാൽ മാത്രംപോരാ. ഗവമ്മെൻറിന്റെ അനുവാദംകൂടി വേണം. അയാൾ സ്വന്തം നാടിനെപ്പററി കുറേ സംസാരിച്ചു. റഷ്യയിൽനിന്നും പോന്നപ്പോൾ തന്റെ അത്യാവശ്യസാധനങ്ങൾപോലും കൊണ്ടുപോരുവാൻ അയാൾക്ക് അനുവാദംകിട്ടിയില്ല. കഷ്ടിച്ച് ജീവൻമാത്രം കൂടെക്കൊണ്ടുപോരാൻ സാധിച്ചിട്ടുണ്ട്. കമ്മ്യൂണിസത്തെപ്പററിയുള്ള സ്വന്തം അനുഭവങ്ങൾ വെളിപ്പെടുത്തുവാൻ അയാൾക്കാഗ്രഹമുണ്ട്. സർവ്വാധിപത്യത്തെ അയാൾ വെറുക്കുന്നുവത്രെ. സംസാരം അവസാനിച്ചപ്പോൾ ഞാൻ മെഷീൻ എടുത്ത് മംഗളാശംസയോടുകൂടി അയാളെ ഏല്പിച്ചു. അയാൾ സ്തംഭിച്ചുപോയി അതുകണ്ടിട്ട്. മനുഷ്യനിൽനിന്നു് ഇത്ര അനുഭാവപൂർവ്വമായ ഒരു പെരുമാററം സങ്കല്പിക്കാൻപോലും അയാൾക്കു കഴിഞ്ഞിട്ടില്ല. "അമേരിക്കാ!" വിസ്മയഭരിതനായി, തന്റെ ഉച്ചത്തിൽ അവിശ്വസനീയനായി അയാൾ അട്ടഹസിച്ചുപോയി, "മഹത്തായ, ഉൽകൃഷ്ടമായ അമേരിക്കാ! നിന്റെ സ്ഥിതി അത്ഭുതകരംതന്നെ."

(The Victorian)

## തിരു-കൊച്ചിവാർത്തകൾ

### വിദ്യാഭ്യാസസൗജന്യം

പിന്നോക്കസമുദായങ്ങളിൽ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ടവരുടെ ഇടയിൽപ്പെട്ട വിദ്യാർത്ഥികൾക്കു ഓരോ ക്ലാസിലേക്കും ഓരോ കൊല്ലത്തേക്കേ ഫീസ്സൗജന്യം ലഭിക്കുകയുള്ളുവെന്നും, കൊച്ചിപ്രദേശത്തു് പ്രൈമറിക്ലാസുകളിൽപ്പെട്ട അധഃകൃതവിദ്യാർത്ഥികൾക്കു് പുസ്തകങ്ങളും മററും നല്കിയിരുന്ന പതിവു നിർത്തലാക്കി പകരം പണം കൊടുക്കുന്നതാണെന്നും ഒരു ഗവമ്മെൻറു പ്രൊസീഡിംഗ്സിൽ പറഞ്ഞിരിക്കുന്നു.

### തടങ്കലിലിരിക്കുന്ന സ്ഥാനാത്ഥികൾ

തടങ്കലിലിരിക്കുന്ന സ്ഥാനാത്ഥികൾക്ക് അതതു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു തീയതിവരെ ആഴ്ചയിൽ രണ്ടുപ്രാവശ്യം സന്ദർശകരെ സ്വീകരിപ്പാൻ അനുവദിച്ചിരിക്കുന്നു.

### തിരഞ്ഞെടുപ്പും ഉദ്യോഗസ്ഥന്മാരും

സിവിൽസർവ്വീസുമായിബന്ധപ്പെട്ടിരുന്ന യാതൊരാളും തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുന്നതിൽ കവിഞ്ഞു് ഏതെങ്കിലുംപാർട്ടിയിൽ താല്പര്യം കാണിക്കുകയോ അവയുമായി ബന്ധപ്പെടുകയോ ചെയ്യരുതെന്ന് ചീഫ്സെക്രട്ടറി ശ്രീ കെ. ജി. മേനോൻ ഒരു പ്രക്ഷേപണപ്രസംഗത്തിൽ ഉൽബോധിപ്പിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: തിരു-കൊച്ചിയിലെ ഓഫീസർമാരിൽ അധികംപേരും റിട്ടേണിംഗ് ഓഫീസർ, പ്രിസൈഡിംഗ് ഓഫീസർ, പോളിംഗ് ഓഫീസർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കേണ്ടിവരുന്നതാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓഫീസർമാരും ക്ലാക്കുമാരും മററും വോട്ടിന്റെ കാര്യം രഹസ്യമായി സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥരാണ്. അവർ വോട്ടുസംബന്ധിച്ച് ഏതെങ്കിലും വോട്ടറെ ഏതെങ്കിലുംവിധത്തിൽ സ്വാധീനംചെയ്യുവാൻ പാടുള്ളതല്ല. ഇതിനു വിപരീതമായി വർത്തിക്കുന്നവർ ശിക്ഷാർഹരായി ഭവിക്കുന്നതാണ്.

Social Problem,
Social Legislation,
Social Information,
in
"SOCIAL ACTION"
a monthly edited by
The Indian Institute of Social Order
St. Vincent Street, Poona 1.
Rs. 4/per year



**The Third Anniversary**
*of*
Mrs. Mariakutty Joseph Putherikal
Ernakulam

Born on 19th February 1918.
Died on 28th November 1948.

**R. I. P.**

Inserted by her sorrowing Children.

## ഇന്ത്യാവാർത്തകൾ

### വിമാനാപകടം

നവംബർ 21-ാംനു കല്ക്കട്ടയിലേക്കു പുറപ്പെട്ട ഡക്കാൺ എയർവേയ്സ്വക ഒരു യാത്രാവിമാനം ഡംഡം വിമാനത്താവളത്തിനു സമീപംവെച്ചു് തകന്നു നിലംപതിക്കുകയാൽ അതിലുണ്ടായിരുന്ന 17 പേരിൽ ഒരാളൊഴികെ എല്ലാവരും മൃതിയടഞ്ഞിരിക്കുന്നു. അഖിലേന്ത്യാപത്രാധിപസംഘം പ്രസിഡണ്ടു് ശ്രീ ലാലാ ദേശബന്ധു ഗുപ്തയും മൃതരായവരുടെ കൂട്ടത്തിൽപ്പെടുന്നു.

### ശ്രീ ഷൺമുഖം വൈസ്ചാൻസലർ

കൊച്ചിയിലെ ദിവാനും കേന്ദ്രഗവമ്മെൻറിന്റെ ധനകാര്യമന്ത്രിയുമായിരുന്ന ശ്രീ ആർ. കെ. ഷൺമുഖംചെട്ടിയാർ അണ്ണാമല സർവ്വകലാശാലയുടെ വൈസ്ചാൻസലറായി നിയമിതനായിരിക്കുന്നു.

### കാശ്മീർ

കാശ്മീരിലെ കോൺസ്റ്റിറ്റുവൻറ് അസംബ്ലി ഒരു ഭരണഘടന തയാറാക്കുന്നതുവരെക്ക് അവിടെ ഒരു താല്ക്കാലിക ഭരണ വ്യവസ്ഥ നടപ്പിലാക്കിയിരിക്കുന്നു. ഇതോടെ അവിടത്തെ ഭരണാധികാരം രാജാവിൽനിന്നും മന്ത്രിസഭയിലേക്ക് കൈമാററംചെയ്യപ്പെട്ടിരിക്കുന്നു.

## വിദേശവാർത്തകൾ

### അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതി

ശ്രീ വിജയലക്ഷ്മീപണ്ഡിററിനുപകരം അമേരിക്കയിലെ ഇന്ത്യൻ അംബാസിഡറായി ഇററലിയിലെ ഇന്ത്യൻ അംബാസിഡറായ മി. ബി. ആർ. സെൻ നിയമിതനായിരിക്കുന്നു.

### 6000 അമേരിക്കർ വധിക്കപ്പെട്ടെന്ന്

കൊറിയയിലെ അമേരിക്കൻ തടവുകാരിൽ 6000 ത്തോളം പേർ കമ്മ്യൂണിസ്റ്റുകാരുടെ ക്രൂരതകൾക്കു വിധേയരായി മൃതിയടഞ്ഞിട്ടുണ്ടെന്ന ഊഹം ശരിയാണെന്നതിന് മതിയായ തെളിവുകളുണ്ടെന്ന് ഐക്യരാഷ്ട്ര സൈന്യകമാൻഡറായ ജനറൽ റിഡ്ജ്വേ പ്രസ്താവിച്ചിരിക്കുന്നു. യുദ്ധാരംഭത്തിനുശേഷം 10886 അമേരിക്കൻ ഭടന്മാരെ കാണാതായിട്ടുണ്ടെന്നാണ് സൈനികതലസ്ഥാനത്തിൽനിന്നുള്ള റിപ്പോർട്ട്.

### ഈജിപ്ത്


സൂയസ്കനാൽ മേഖലയിൽ ബ്രിട്ടന്റേയും ഈജിപ്തിന്റേയും സൈന്യങ്ങൾ തമ്മിൽ ഇടയ്ക്കിടെ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷുകാരെ ഇറക്കുവാനുള്ള ഈജിപ്തിന്റെ ശ്രമത്തിനും, തങ്ങളുടെ നില സുരക്ഷിതമാക്കുവാനുള്ള ബ്രിട്ടന്റെ തീരുമാനത്തിനും ഇതുവരെ ഒരയവും സംഭവിച്ചിട്ടില്ല. സുഡാനിലും, ബ്രിട്ടീഷ്പക്ഷപാതികളും, ഈജിപ്ഷ്യൻ പക്ഷപാതികളും എന്നിങ്ങനെ രണ്ടുചേരികൾ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ, മദ്ധ്യപൂർവ്വദേശത്തിനൊട്ടാകെ ഒരു പ്രതിരോധപദ്ധതി ആവിഷ്കരിക്കാനുള്ള പാശ്ചാത്യശക്തികളുടെ ശ്രമത്തെ റഷ്യ തീവ്രമായി എതിർത്തുകൊണ്ടിരിക്കുന്നു.

### കൊറിയ

ഐക്യരാഷ്ട്രപ്രതിനിധികളും കമ്മ്യൂണിസ്റ്റുപ്രതിനിധികളും തമ്മിൽ നടന്ന കൂടിയാലോചനകളുടെ ഫലമായി വെടിനിർത്തൽരേഖയെ സംബന്ധിച്ച് ഒരു യോജിപ്പിലെത്തിയിരിക്കുന്നു. 30 ദിവസത്തിനകം വിശദമായ ഒരു യുദ്ധവിരാമസന്ധിക്കു ഇരുകക്ഷികളും ഒപ്പുവയ്ക്കുന്നതാണെന്നും അങ്ങനെ ക്രിസ്തുമസോടുകൂടി കൊറിയയിലെ വെടിവെയ്പ് അവസാനിക്കുന്നതാണെന്നും പ്രതീക്ഷിക്കപ്പെടുന്നു.

### റഷ്യൻ പത്രങ്ങൾ

119 ഭാഷകളിലായി 7700 പത്രങ്ങൾ റഷ്യയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. 3 കോടി 35 ലക്ഷം പ്രതികളാണ് ഒരു കണക്കിൻപ്രകാരം കഴിഞ്ഞകൊല്ലം അവിടെ പ്രചരിച്ചിട്ടുള്ളത്. അവയെല്ലാം ഏകസ്വരമേ ഉണ്ടാകാൻ പാടുള്ളു, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്വരം. പത്രാധിപന്മാരെ നിയമിക്കുന്നതുപോലും പാർട്ടിയിൽനിന്നാണ്. പാർട്ടിയുടെ ഹിതാഹിതങ്ങൾ ഗ്രഹിച്ചുകൊണ്ടിരിക്കുന്നതിന് പാർട്ടിസമ്മേളനങ്ങളിൽ പത്രാധിപന്മാരും സന്നിഹിതരായിരിക്കേണ്ടതാണ്. പദപ്രശ്നങ്ങൾപോലും പാർട്ടിപ്രചരണത്തിനുപയോഗിക്കുന്നു—ഏററം പ്രചാരമുള്ള "ഓഗൊനെക്ക്" എന്ന മാസികയിലെ ഒരു പദപ്രശ്നത്തിലെ ചില ചോദ്യങ്ങൾ നോക്കുക. 1 ജമ്മനിയിലെ അമേരിക്കൻ പാവ (അഡനോവ്വർ). 2 യുദ്ധക്കൊതിയന്മാർ ചേക്കേറുന്ന തെരുവ് (വാൾസ്ട്രീററ്). 3 കൊള്ളക്കാരുടെ ഇഷ്ടക്രമം (വിമാനാക്രമണം).




FROM THE DAILY NEWSPAPER "EL DIARIO ILUSTRADO", SANTIAGO, CHILE

സോവ്യററു കല്പനത്തിനു കീഴ്പ്പെട്ട റഷ്യയിലെ മൂകലക്ഷങ്ങൾ "സമാധാനകാംക്ഷിയായ സ്റ്റാലിൻ ജയിക്കട്ടെ" എന്നുദ്ഘോഷിച്ചുകൊണ്ടു് കൊടിപിടിച്ചു ഒരു ഘോഷയാത്ര 'നേതാവി'ന്റെ മുമ്പിൽക്കൂടി നടത്തുന്നു. സ്റ്റാലിനാകട്ടെ ഹിററ്ലറിന്റെ ഭൂതമായിയിൽ നില്ക്കുന്നു. മുമ്പിൽ സമാധാനപ്രാവിന്റെ രൂപം കൊടുത്തുകൊണ്ടു് ഒരു ഭയങ്കരപീരങ്കി തയാറാക്കി വച്ചിരിക്കുന്നു. ആവശ്യത്തിനുവേണ്ട വെടിക്കോപ്പ് അതിന്റെ പിന്നിലും.




# അന്ധകാരത്തിൻെറ പ്രവൃത്തി

ഇതുകൂടേയും നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ: നാം ഇനി നമ്മുടെ ഉറക്കത്തിൽനിന്നു ഉണരേണ്ട സമയമായിരിക്കുന്നു, നാഴികയുമായിരിക്കുന്നു. നാം വിശ്വസിച്ചിരുന്നപ്പോഴത്തേതിൽ അധികമായി ഇപ്പോൾ രക്ഷ നമ്മോടു അടുത്തിരിക്കുന്നു. ഇപ്പോൾ രാത്രി കടന്നുപോയി, പകൽ അടുത്തിരിക്കുന്നു. ആകയാൽ നമുക്കു് ഇരുട്ടിൻെറ പ്രവൃത്തികളെ നമ്മിൽനിന്നു നീക്കിവെച്ച് വെളിച്ചത്തിൻെറ ആയുധം ധരിക്കാം. പകൽസമയത്തെന്നപോലെ മര്യാദയോടുകൂടി നമുക്കു നടക്കാം. (തെറി) പാട്ടിലല്ല, മദ്യപാനത്തിലല്ല, അശുദ്ധശയനത്തിലല്ല. അസൂയയിലല്ല, തർക്കത്തിലുമല്ല; പിന്നെയോ, നിങ്ങൾ നമ്മുടെ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ. ദുർമ്മോഹങ്ങൾക്കായി നിങ്ങളുടെ ശരീരത്തെപ്പററി വിചാരപ്പെടാതേയും ഇരിക്കുവിൻ. (ആഗമനം 1-ാം ഞായർ, ലേഖനം: റോമ XIII, 11—14)

ഒരിക്കൽ രണ്ടുപേർകൂടി അർദ്ധരാത്രി സമയത്തു് തങ്ങളുടെ ശത്രുവിനെ കുത്തി കൊന്നു. അതിനുശേഷം അവർ ആ മൃതശരീരം വിനാവിളംബം കുഴിച്ചുമൂടുന്നതിനുള്ള ശ്രമമായി; ഇരുട്ടിൻെറ മറവിൽത്തന്നെ അതും നിർവ്വഹിച്ചുകഴിയണമല്ലോ. അങ്ങനെ അവർ ഒരു കുഴിയുണ്ടാക്കിയശേഷം ആ മൃതശരീരം അതിൽ നിക്ഷേപിക്കുവാനൊരുങ്ങി. അപ്പോഴേക്കും, "ഇവിടെ വേണ്ട; വല്ലവരും അന്വേഷിച്ചു കണ്ടെത്തിയാലോ? നമുക്കു് മറെറാരു സ്ഥലത്തു് കുഴിച്ചുമൂടാം" എന്നു ഒരുവൻ അഭിപ്രായപ്പെട്ടു. അങ്ങനെ മറെറാരുസ്ഥലത്തേക്കു മൃതശരീരം കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ ഭീതിയും പരിഭ്രമവുംമൂലം മേൽപ്പറഞ്ഞ സംശയംതന്നെ വീണ്ടും അവരിൽ പ്രബലപ്പെടുകയും മറെറാരു സ്ഥലത്തേക്കു മൃതശരീരം കൊണ്ടുപോകയുംചെയ്തു. ഇപ്രകാരം ഭീതിയും സംശയവുംമൂലം സ്ഥലങ്ങൾ മാറിമാറി, ഒടുവിൽ കിഴക്കു വെള്ളവിടുവാൻ തുടങ്ങിയിട്ടും അവർ ശവസംസ്കാരം നിർവ്വഹിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അപ്പോഴേക്കും ചില വഴിപോക്കർ ഇതു കണ്ടെത്തുകയും കൊലപാതകക്കുററം തെളിയുകയുംചെയ്തുവത്രെ. നോക്കുക, അന്ധകാരത്തിൻെറ മറവു പിന്നിൽ എത്ര വലിയ ഭയങ്കരപാതകങ്ങൾ നിർവ്വഹിക്കപ്പെടുന്നു! നിർവ്വഹിച്ചുകഴിഞ്ഞശേഷവും ആ പാതകങ്ങൾ ആരും കണ്ടുപിടിക്കാതിരിക്കുവാനായി മനുഷ്യർ എത്രമാത്രം ക്ലേശിക്കുന്നു! പാപകൃത്യങ്ങൾ അത്രയ്ക്കു ഹീനങ്ങളാണു്; നൈസർഗ്ഗികമായിത്തന്നെ പാപകൃത്യങ്ങളുടെ നികൃഷ്ടത മനുഷ്യരാശിക്കു ബോദ്ധ്യമാണു്; തന്നിമിത്തം രാത്രിയും അന്ധകാരവും മറവും ഉപയോഗിച്ചു് മനുഷ്യദൃഷ്ടിക്കു് വിഷയമാകാത്തവിധത്തിൽ രഹസ്യമായി മാത്രമേ മനുഷ്യൻ പാപകൃത്യങ്ങൾ ചെയ്യുന്നുള്ളു. ചെയ്തശേഷവും അക്കാര്യം മനുഷ്യർ അറിയാതിരിപ്പാൻ അവൻ അശ്രാന്തം പരിശ്രമിക്കുന്നു. അതുകൊണ്ടാണു് ഇന്നത്തെ ലേഖനത്തിൽ വി. ശ്ലീഹാ "ഇരുട്ടിൻെറ പ്രവൃത്തികൾ നമ്മിൽനിന്നു് നീക്കിക്കളയുവാൻ" നമ്മെ ഉൽബോധിപ്പിക്കുന്നതു്.

എന്നാൽ മനുഷ്യൻ എത്രതന്നെ രഹസ്യത്തിൽ, അന്ധകാരത്തിൻെറയോ മറെറാ ആവൃതികളിൽ, ചെയ്യുന്ന പാപകൃത്യമായാലും ദൈവത്തിൻെറ ദൃഷ്ടിയെ മറയ്ക്കുവാൻ സാദ്ധ്യമല്ലെന്നു പ്രത്യേകം സ്മരിക്കേണ്ടതാണു്.... സങ്കീർത്തനങ്ങളിലെ ചില വാക്യങ്ങൾ ഇത്തരുണത്തിൽ സ്മരണീയമാണു്: "അങ്ങേ അരൂപിയിൽനിന്നു് ഞാൻ എവിടേക്കു ഓടിപ്പോകും? അങ്ങേ തിരുമുഖത്തുനിന്നു് ഞാൻ എവിടേക്കു പലായനംചെയ്യും? ഞാൻ സ്വർഗ്ഗത്തിലേക്കു കയറിയാൽ അവിടെ അങ്ങു് സന്നിഹിതനാണു്. ഞാൻ നരകത്തിലേക്കിറങ്ങിയാൽ അവിടേയും അങ്ങയുടെ സാന്നിദ്ധ്യമുണ്ടു്. ഞാൻ പ്രഭാതത്തിൽ ചിറകുകൾ വിരിച്ചുകൊണ്ടു് സമുദ്രങ്ങളുടെ അററങ്ങളിലേക്കു പറന്നാലും അവിടേയും അങ്ങേ കരങ്ങൾ എന്നെ നയിച്ചുകൊണ്ടിരിക്കും; അങ്ങേ വലത്തുകൈ എന്നെ താങ്ങുകയുംചെയ്യും. ഞാൻ പറഞ്ഞു: ഒരുപക്ഷേ അന്ധകാരം എന്നെ മറച്ചുകൊള്ളും; എൻെറ നിഷിദ്ധസന്തോഷങ്ങളിൽ രാത്രി എനിക്കു പ്രകാശം നൽകും. എന്നാൽ അന്ധകാരം അങ്ങേക്കു് അന്ധകാരമായിരിക്കയില്ല; രാത്രി അങ്ങേക്കു പകൽപോലെ പ്രകാശമുള്ളതായിരിക്കും; ഇരുളും വെളിച്ചവും അങ്ങേക്കു തുല്യമായിരിക്കയുംചെയ്യും." (സങ്കീ. 138). ഉദ്ധൃതവാക്യങ്ങളിൽ സഞ്ചിതമായിരിക്കുന്ന പരമാർത്ഥം നമ്മെ അന്ധകാരത്തിൻെറ പ്രവൃത്തികളിൽനിന്നു ഒഴിഞ്ഞുമാറുവാൻ പ്രേരിപ്പിക്കട്ടെ.

പാപങ്ങളെ അന്ധകാരത്തിൻെറ പ്രവൃത്തികളെന്നു വിളിക്കുവാൻ മററു ചില കാരണങ്ങൾകൂടിയുണ്ടു്. അന്ധകാരത്തിൻെറ അരൂപിയായ പിശാചിൻെറ പ്രവൃത്തിയാണു് പാപം. "പാപം ചെയ്യുന്നവൻ പിശാചിൽനിന്നുള്ളവനാകുന്നു. എന്തെന്നാൽ ഈ പിശാചു് ആദിമുതൽതന്നെ പാപിയാകുന്നു" (I. Jn. III 8). പാപംചെയ്യുന്നവൻ അന്ധകാരമൂർത്തിയെ അനുകരിക്കയാണു് ചെയ്യുന്നതു്. ശരിയായ ജ്ഞാനത്തിൻെറയും ദിവ്യപ്രകാശത്തിൻെറയും അഭാവംകൊണ്ടാണു് പാപകൃത്യങ്ങൾ ചെയ്യപ്പെടുന്നതു്, ബുദ്ധിയിലും മനസ്സിലും അന്ധകാരം വ്യാപിക്കയും ഈശ്വരപ്രേരണകളാകുന്ന ദിവ്യപ്രകാശത്തിനു് ഇടമനുവദിക്കാതിരിക്കയും ചെയ്യുന്നതുകൊണ്ടു് ഒരുവനിൽ പാപം നഗ്നവിളയാട്ടം നടത്തുന്നു. കൂടാതെ പാപകൃത്യങ്ങൾ ഒരുവനെ നിത്യാന്ധകാരത്തിലേക്കു—നിത്യന[illegible]ത്തിലേക്കു—വലിച്ചുകൊണ്ടുപോകയും ചെയ്യുന്നു.

പാപം പാപമായിത്തന്നെ പരിഗണിക്കപ്പെട്ടുന്നിടത്തോളംകാലം അതു് അന്ധകാരത്തിലും രഹസ്യത്തിലുംമാത്രമേ ചെയ്യപ്പെടുകയുള്ളു. എന്നാൽ ഇതിനൊരു പ്രതിവിധി പാപാസക്തമായ ഇന്നത്തെ ലോകം കണ്ടുപിടിച്ചിട്ടുണ്ടു്. അതായതു്, പാപത്തെ പാപമല്ലാതെ—പുണ്യമായി— ചിത്രീകരിച്ചുകാണിക്കുക; അപ്പോൾപിന്നെ അന്ധകാരവും മറവും രഹസ്യവും ഒന്നും വേണമെന്നില്ലല്ലോ. ഇസയാസ് പ്രവാചകൻ പണ്ടേ ശപിച്ചിട്ടുണ്ടു് ഇക്കൂട്ടരെ: "നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്നവർക്കും, പ്രകാശത്തിനുപകരം ഇരുട്ടും ഇരുട്ടിനുപകരം പ്രകാശവും നൽകുന്നവർക്കും, മധുരത്തിനുപകരം കയ്പും കയ്പിനുപകരം മധുരവും പ്രദാനംചെയ്യുന്നവർക്കും ശാപം." ഭൗതികത്വത്തിൽ മുങ്ങിക്കുളിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽനിന്നും ഈ നിഷിദ്ധമനസ്ഥിതി നമ്മുടെ പ്രിയപ്പെട്ട ഭാരതത്തിലേക്കും കടന്നുകഴിഞ്ഞിരിക്കുന്നു. വിവാഹത്തിൻെറ പരിശുദ്ധിയെ മലിനമാക്കുന്ന വിഷയങ്ങളിലാണു് ഈ വെള്ളപൂശൽ നടന്നുകൊണ്ടിരിക്കുന്നതു്. കൃത്രിമോപാധികൾ ഉപയോഗിച്ചുകൊണ്ടുള്ള ജനനനിയന്ത്രണവും അതിനോടനുബന്ധിച്ച മററു നിഷിദ്ധകൃത്യങ്ങളും കത്തോലിക്കാസഭയെന്നല്ല ലോകംമുഴുവനുംതന്നെ പാപകൃത്യങ്ങളായിട്ടാണു് പരിഗണിച്ചിട്ടുള്ളതു്. സഭയ്ക്കു് ഇന്നും എന്നും ഈ സനാതനസന്മാർഗ്ഗതത്വത്തെ മുറുകെപ്പിടിച്ചുകഴിയൂ. എന്നാൽ ഇന്നു് നമ്മുടെ ഭാരതത്തിലെ സ്ഥിതിയെന്തു്? പണ്ടു് നാലാൾകൂടിയാൽ പറയാൻകൂടി മടിക്കുന്ന ഈ വിഷയങ്ങൾ ഇന്നിതാ പരസ്യമായി കൊട്ടിഘോഷിക്കപ്പെടുന്നു, പ്രചരിപ്പിക്കപ്പെടുന്നു. സംഘടനകളും ഗവമ്മെണ്ടുതന്നേയും ഈ പാപകൃത്യങ്ങളിൽപരിജ്ഞാനവുംപരിശീലനവുംനൽകുന്നതിനായി ആളും അർത്ഥവും ആസ്പത്രികളും വിനിയോഗിക്കുവാൻപോകുന്നു എന്തിൻെറ പേരിൽ? പട്ടിണി ഇല്ലാതാക്കുവാൻ—ഭദ്രതയുടെ പേരിൽ! പാപം പുണ്യമായി!! ഭാരതത്തിലെ മെത്രാന്മാർ സന്ദർഭോചിതമായി ഇറക്കിയിട്ടുള്ള പ്രസ്താവന നമുക്കു മാർഗ്ഗദർശനം നൽകട്ടെ. "....കൃത്രിമോപാധികൾ മുഖേനയുള്ള സന്താനനിയന്ത്രണം പ്രകൃതിനിയമത്തിനും ദൈവനിയമത്തിനും എതിരായുള്ള ഒരു പാതകമാണെന്നു ഞങ്ങളുടെ അജഗണങ്ങൾക്കു മുന്നറിയിപ്പു നൽകേണ്ടതു ഞങ്ങളുടെ കർത്തവ്യമായിക്കരുതുന്നു. വിവാഹത്തിൻെറ പ്രാഥമികോദ്ദേശ്യം മനുഷ്യകുലത്തിൻെറ വിപുലീകരണമാണു്. മനഃപൂർവ്വം ജനനത്തെ നിയന്ത്രിക്കുന്നതോ ജീവനെ നശിപ്പിക്കുന്നതോ കൊലപാതകത്തിനു് ഏതാണ്ടു തുല്യമായ പാപമാണു്. ജനനനിയന്ത്രണത്തിനുള്ള കൃത്രിമോപാധികളുടെ ഉപയോഗം കുടുംബജീവിതത്തെ വിഷലിപ്തമാക്കുകയുംസ്വാർത്ഥപരമായ ഒരു വാസനയും ഭൗതികമാത്രമായ ഒരു ജീവിതവീക്ഷണവും സാമൂഹ്യവും സാമ്പത്തികവുമായ ക്രമക്കേടുകളും വളരുവാൻ നിദാനമായിഭവിക്കയും ചെയ്യും... ..." രാഷ്ട്രപിതാവായ ഗാന്ധിയുടെ അഭിപ്രായവും ഇതുതന്നെയാണു്: "... ...ഈ നവീനാശയം (ജനനനിയന്ത്രണം) പ്രയോഗത്തിൽ വരുന്നപക്ഷം മനുഷ്യകുലം ധാർമ്മികമായും കായികമായും അസ്തമിക്കുവാൻ ഇടവരും... തിന്മയെ നന്മയെന്നുവിളിച്ചു് പുകഴ്ത്തിക്കാട്ടുന്ന ദൗർഭാഗ്യം നമ്മുടെ തലമുറയ്ക്കായി സംവരണംചെയ്യപ്പെട്ടിരിക്കുന്നു......" ഉദരത്തിൽ ശിശുവിനെ വഹിക്കുന്ന ഒരു സ്ത്രീയെ കാണുമ്പോൾ "പാവം! അറിഞ്ഞുകൂടാത്തവൾ!" എന്നെല്ലാം സമുദായം പരോക്ഷമായിട്ടെങ്കിലും അവളെ പുച്ഛിക്കയും ധാരാളം മക്കളുള്ള മാതാപിതാക്കന്മാർ സമുദായത്തിൻെറ പരിഹാസവിഷയമാകുകയും ചെയ്യുന്നെങ്കിൽ ആ സമുദായം ധാർമ്മികമായി അധഃപതിച്ചുകഴിഞ്ഞിരിക്കും. അന്ധകാരത്തിൻെറ പ്രവൃത്തികൾ പരിവർജ്ജിക്കുവാൻ നീതിസൂര്യൻെറ ഉദയത്തിനു ഒരുക്കമായുള്ള ഈ ആഗമനകാലത്തു്നാം ഉള്ളഴിഞ്ഞു് പരിശ്രമിക്കണം.

(ജെ. ചെമ്മണ്ണൂർ)

---

ഇപ്പോൾ അച്ചടിയിലിരിക്കുന്ന

## "അറിയേണ്ടും കാര്യങ്ങൾ"

എന്ന പുസ്തകം 1952 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തുന്നതും

ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ എൻെറ മകൻ ലോനപ്പൻ (വൈദ്യഭൂഷണം & D. A. I. T.) എറണാകുളം സെയിൽസ് ഡപ്പോവിൽ ക്യാമ്പു് ചെയ്തുവരുന്നതു് അടുത്ത ഒന്നാംതിയ്യതി (1951 ഡിസംബർ മാസം 1-ാംനു-) മുതൽ നിർത്തൽ ചെയ്യുന്നതുമാണു്.


N. B. എറണാകുളം സെയിൽസ് ഡപ്പോ പതിവുപോലെ നടത്തിവരുന്നതായിരിക്കും.

Prop: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ,

കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം), നെല്ലായി P. O.

---

For favours received



ലൂസി ജോർജ്ജ് അടപ്പൂരു്

പുത്തൻപുരയിൽ, കല്ലൂർ.

---

## കൃതജ്ഞത

അങ്കമാലി വേളാങ്കണ്ണി മാതാവിൻെറ സഹായത്താൽ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു നന്ദി. താമസിച്ചതിൽ ഖേദിക്കുന്നു.

കോതമംഗലത്തു മലയിൽകിഴു്
ഓലിയപുറത്തു (കടായത്തു)
കോരുതു് ജോസഫു്

---

## കൃതജ്ഞത

ബ. സിസ്റ്റർ അൽഫോൻസാമ്മയുടെ സഹായത്താൽ ഒരു അസാദ്ധ്യകാര്യം സാധിച്ചതിനു് കൃതജ്ഞത.

By Mathew Varghese
Elanjikal

---

For favours received



ഐസ്സു മത്തായി താഴത്തവീട്ടിൽ, കല്ലൂർ

---

# ദൈവജനനി

## ഇന്ത്യയുടെ മദ്ധ്യസ്ഥ

1950 ജനുവരിയിൽ ബാംഗ്ലൂരിൽവച്ചു് കർദ്ദിനാൾ ഗിൽറോയി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടന്ന ഇന്ത്യൻ ദേശീയസൂനഹദോസിൻെറ തീരുമാനങ്ങൾ തിരുസിംഹാസനത്തിൻെറ അവഗാഢമായ ശ്രദ്ധയ്ക്കുവിഷയീഭവിക്കുകയും അവ സംബന്ധിച്ചു് തിരുസിംഹാസനത്തിൻെറ തീരുമാനം ഈ ഒക്ടോബർ 28-ാംനു- രാജത്വതിരുനാൾ ദിവസം ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പ. കന്യകാമറിയത്തെ ഇന്ത്യയുടെ മദ്ധ്യസ്ഥയായി സൂനഹദോസിൻെറ അപേക്ഷപ്രകാരം തിരുസിംഹാസനത്തിൽനിന്നും നാമകരണം ചെയ്തിട്ടുണ്ടു്. ഈ തിരുനാൾ, ദേവമാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ ദിവസംതന്നെ ആഘോഷിക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയും ദേവമാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളും ആഗ. 15-ാംനു- ആണല്ലോ. ഇന്ത്യൻ കത്തോലിക്കരെ മൗലികമായി ബാധിക്കുന്ന മററനേകകാര്യങ്ങൾ അടങ്ങിയ സൂനഹദോസ് നിശ്ചയങ്ങൾ പൂർണ്ണരൂപത്തിൽ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണെന്നറിയുന്നു.

# വിമർശനവീഥി

## ചൈനയെപ്പററി സർദാർ പണിക്കർ

ഒരു മാന്യവായനക്കാരൻ ഞങ്ങൾക്കു് ഇങ്ങനെ എഴുതിയിരിക്കുന്നു.-

"റഷ്യയിലെ സ്ഥിതിഗതികളെപ്പററിയുള്ള വല്ലത്തോളിന്റെ പ്രസ്താവനകളെ സത്യദീപത്തിൽ യുക്തിപൂർവ്വം ഖണ്ഡിക്കുന്നതു് ഏററം നന്നായിരിക്കുന്നുണ്ടു്. ഇപ്പോൾ ഇതാ ചൈനയിലെ സ്ഥിതിയും വളരെ മെച്ചത്തിലാണെന്നു പറഞ്ഞുകൊണ്ടു് സർദാർ കെ. എം. പണിക്കർ, പണ്ഡിററു് ചന്ദ്രപാൽ ഇടങ്ങിയവർ ഓരോന്നു പറയുന്നുണ്ടു്. ഇവർക്കുള്ള മറുപടികളും അടുത്തലക്കത്തിൽ ഉണ്ടാകുമെന്നു കരുതുന്നു."

X X X

ചൈനയിൽ ഇൻഡ്യാഗവമ്മെൻറിന്റെ സ്ഥാനപതിയായ സർദാർ കെ.എം.പണിക്കർ കഴിഞ്ഞ ഒ. 28-ാംനു ന്യൂഡൽഹിയിൽവച്ചു് തന്റെ ബഹുമാനാത്ഥം നൽകപ്പെട്ട ഒരു പ്രസ് അസോസിയേഷൻ ലഞ്ചു് അവസരത്തിൽ ഇപ്പോഴത്തെ ചൈനയെപ്പററി ചെയ്തതും "ഹിന്ദു" പത്രത്തിൽ പിറേറദിവസം റിപ്പോർട്ടുചെയ്തിരുന്നതും ഇന്നാട്ടിലെ പത്രങ്ങൾ ഉദ്ധരിച്ചിരുന്നതുമായ പ്രസ്താവങ്ങളെപ്പററിയാണു് ഈ കത്തുകാരൻ പറയുന്നതെന്നു വിചാരിക്കുന്നു.

ഇന്ത്യാഗവമ്മെൻറിന്റെ സ്ഥാനപതിയായി ചൈനയിൽ ഉദ്യോഗം വഹിക്കുന്ന ഏതൊരുവനും ചൈനയെപ്പററി വളരെ സൂക്ഷിച്ചുവേണം പ്രസ്താവങ്ങൾ ചെയ്യുവാൻ. ചൈനയിൽ ഇപ്പോൾ ഇല്ലാത്തതു് ഉണ്ടെന്നു പറയുന്ന വ്യാജമൊന്നും ആ പ്രസ്താവങ്ങളിൽ അടങ്ങിയിരിക്കണമെന്നില്ല. അവിടെ ഉള്ളതു് ഉണ്ടെന്നു പറയുക ആവശ്യകമാണുതാനും. എന്നാൽ അങ്ങനെ പറയാൻ ഉപയോഗിക്കുന്ന വാക്കുകളും വാചകങ്ങളും ചൈനീസു് ഗവമ്മെൻറിനു് പ്രീതികരമായിരിക്കുമെങ്കിലും അവയുടെ അന്തരാർത്ഥം ചുഴിഞ്ഞുനോക്കാൻ ശ്രമിക്കുന്നവക്കു് ബോധ്യമാകാതിരിക്കുകയില്ല, ആ പ്രസ്താവങ്ങളെ അവയുടെ മുഖവിലയ്ക്കെടുക്കാൻ പാടില്ലെന്നു്; ചൈന ഇപ്പോൾ അവകാശപ്പെടുന്ന നിലയ്ക്കു് അവ ഹാനികരമാണെന്നു്. ചുരുക്കത്തിൽ സർദാർ പണിക്കരുടെ പ്രസ്താവങ്ങൾ പലതും നയതന്ത്രപരങ്ങളാണു്. ഈ സംഗതി ഞങ്ങൾ വഴിയേ വിശദീകരിച്ചുകൊള്ളാം. ഈ ലേഖനത്തിൽ ഏതാണ്ടു് പ്രചരണത്തിന്റെ സ്വഭാവമുള്ള ഒരു പ്രസ്താവമാണു് പരിശോധിക്കാൻ ഉദ്ദേശിക്കുന്നതു്.

### ചൈന റഷ്യയുടെ ഉപഗ്രഹമോ?

"ചൈന റഷ്യയുടെ ഒരു ഉപഗ്രഹമാണെന്നുള്ള ആരോപണം" അദ്ദേഹം "ശക്തിയായി നിഷേധിച്ചു." "ഇപ്പോഴത്തെ ചൈനീസ് ഗവമ്മെൻറിന്റെ വിദേശനയം ചിയാംഗു് കൈഷക്കിന്റേതിൽനിന്നോ അദ്ദേഹത്തിനുമുമ്പുള്ള ചൈനീസ് ചക്രവത്തിമാരുടേതിൽനിന്നോ വ്യത്യസ്തമല്ല" എന്നാണദ്ദേഹം പറഞ്ഞതു്. "ആ നയം പ്രയോഗത്തിൽ വരുത്തുന്നതിൽ ഇപ്പോഴത്തെ ഗവമ്മെൻറിനുള്ള ഫലദായകത്വത്തിലും ശക്തിയിലും മാത്രമേ വ്യത്യാസമുള്ളു."

കമ്മ്യൂണിസ്റ്റു് ചൈനയെ ഇന്ത്യ അംഗീകരിക്കുകയും ഇരുരാജ്യങ്ങളും സ്ഥാനപതികളെ നിയമിക്കുകയും ചെയ്തു. യു. എൻ. ഒ. യിൽ കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു പ്രാതിനിധ്യം നൽകണമെന്നുള്ള സോവ്യററു് റഷ്യയുടെ വാദം ഇന്ത്യ സ്വീകരിച്ചു. അതു പ്രയോഗത്തിൽ വരുത്താൻ പ്രധാനമന്ത്രി പണ്ഡിതജി നേരിട്ടും യു. എൻ. ഒ. യിലെ ഇന്ത്യൻ പ്രതിനിധി വഴിയായും തുടരെ ശ്രമംചെയ്തുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റു് ചൈനയുടെ പ്രാതിനിധ്യം സ്വീകരിച്ചില്ലെങ്കിൽ യു. എൻ. ഒ. തകരുമെന്നാണു് ഇന്ത്യയുടെ ഭയം.

എന്നാൽ കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു് യു. എൻ. ഒ. യിൽ പ്രാതിനിധ്യം നൽകാൻ യു. എസ്സിനും അതിനെ അനുഗമിച്ചു യു. എൻ. ഒ. യിലെ അംഗരാഷ്ട്രങ്ങൾ ഭൂരിപക്ഷത്തിനും സമ്മതമില്ല. സോവ്യററു് റഷ്യ കമ്മ്യൂണിസ്റ്റു് ചൈനയുടെ പ്രാതിനിധ്യകാര്യം ഏകദേശം 90 പ്രാവശ്യം യു. എൻ. ഒ. യിൽ അവതരിപ്പിച്ചു. അപ്പോഴെല്ലാം യു. എൻ. ഒ. ബഹുഭൂരിപക്ഷത്തോടുകൂടി അതു തള്ളിക്കളയുകയാണു് ചെയ്തിട്ടുള്ളതു്. അതിനു് അവർ പറയുന്ന പ്രധാനകാരണം കമ്മ്യൂണിസ്റ്റു് ചൈന സോവ്യററു് റഷ്യയുടെ ഉപഗ്രഹങ്ങളിലൊന്നാണെന്നാണു്. യു. എൻ. ഒ. യിൽ വിറേറാ അധികാരം നൽകപ്പെട്ടിരിക്കുന്ന വൻകിട രാജ്യങ്ങൾ അഞ്ചുണ്ടു് — യു. എസ്. എ; യു. എസ്. എസ്. ആർ., ബ്രിട്ടൻ, ഫ്രാൻസ്, ചൈന. ഇവിടെ ചൈന എന്നു പറയുന്നതു് യു. എൻ. ഒ. സ്ഥാപിച്ചകാലത്തുണ്ടായിരുന്ന, ചിയാംഗു് കൈഷക്കിന്റെ കീഴിലിരുന്ന ദേശീയ ചൈനയാണു്. ഈ അഞ്ചു രാജ്യങ്ങളിൽ സോവ്യററു് റഷ്യയാണു് വിറേറാ അധികാരം അനർഹമായും കൂടെക്കൂടെയും പ്രയോഗിച്ചിട്ടുള്ളതു്. അടുത്തു കഴിഞ്ഞ ഒന്നുരണ്ടുകൊല്ലത്തിനുള്ളിൽ സോവ്യററു് റഷ്യ 50-ലധികം പ്രാവശ്യം വിറേറാ അധികാരം ഉപയോഗിക്കുകയും, തദ്വാരാ യു. എൻ. ഒ. യുടെ നടപടികൾക്കു് കുഴപ്പാവരുത്തുകയും ലോകസമാധാനത്തിനായുള്ള അതിന്റെ ശ്രമങ്ങളെ സ്തംഭിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പോളണ്ടു്, ചെക്കോസ്ലോവാക്കിയാ, യുക്രെയിൻ, ബയിലോ റഷ്യ എന്നീ രാജ്യങ്ങൾ സോവ്യററു് റഷ്യയുടെ ഉപഗ്രഹങ്ങൾ എന്ന നിലയിൽ എല്ലാ പ്രശ്നങ്ങളിലും അവളോടുചേർന്നുനിന്നാണു് യു. എൻ. ഒ. യിൽ വോട്ടുചെയ്തിട്ടുള്ളതു്. ഈ സാഹചര്യങ്ങളിൽ കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു് യു. എൻ. ഒ. യിൽ പ്രാതിനിധ്യം നൽകാൻ യു. എസ്. എ. യും മററനേകം രാജ്യങ്ങളും വിസമ്മതിക്കുന്നതിൽ ആശ്ചര്യമില്ല. കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു് യു. എൻ. ഒ. യിൽ പ്രാതിനിധ്യം ലഭിച്ചാൽ അതോടുകൂടിത്തന്നെ അവൾക്കു് വിറേറാ അധികാരവും ലഭിക്കുമല്ലോ. സോവ്യററു് റഷ്യയുടെ ഉപഗ്രഹമെന്ന നിലയിൽ കമ്മ്യൂണിസ്റ്റു് ചൈന അതിന്റെ വിറേറാ അധികാരം റഷ്യയുടെ ഹിതമനുസരിച്ചു് പ്രയോഗിക്കുമെന്നും, അപ്പോൾ യു. എൻ. ഒ. യിൽ കുഴപ്പവും സ്തംഭനാവസ്ഥയും വർദ്ധിക്കുമെന്നുമാണു് യു. എസ്. എ. യുടേയും മററും ഭയം.

കമ്മ്യൂണിസ്റ്റു് ചൈന കൊറിയൻ യുദ്ധത്തിൽ ചാടിവീണു് യു. എൻ. ഒ. സൈന്യങ്ങൾക്കെതിരായും വടക്കേ കൊറിയായ്ക്കു് അനുകൂലമായും സമരംചെയ്യുന്നതു് ഈ വാദത്തിനു് ശക്തികൂട്ടിയിട്ടുണ്ടു്. വടക്കേ കൊറിയ തെക്കേ കൊറിയായ്ക്കെതിരായി യുദ്ധത്തിനു് പുറപ്പെടുകയും, അതിൽനിന്നും പിൻവാങ്ങണമെന്നുള്ള യു. എൻ. ഒ. യുടെ തീരുമാനം നിരസിക്കുകയും ചെയ്തതിനാൽ ആ രാഷ്ട്രത്തെ "അക്രമി" എന്നു് ഇൻഡ്യ ഉൾപ്പെടെ യു. എൻ. ഒ. യിലെ അംഗരാഷ്ട്രങ്ങൾ (റഷ്യയും ഉപഗ്രഹങ്ങളുമൊഴിച്ചു്) മിക്കവാറും മുഴുവനും കുററം വിധിച്ചു് പ്രമേയം പാസാക്കി. കമ്മ്യൂണിസ്റ്റു് ചൈന വടക്കേ കൊറിയായ്ക്കനുകൂലമായി യുദ്ധത്തിൽചെന്നു ചാടിയപ്പോൾ അവളേയും അക്രമിയെന്നു യു. എൻ. ഒ. യിലെ ബഹുഭൂരിപക്ഷം അംഗരാഷ്ട്രങ്ങൾ അപലപിച്ചു് പ്രമേയം പാസാക്കി. (ഇൻഡ്യ ഈ പ്രമേയത്തിനെതിരായിരുന്നു) യു. എൻ. ഒ. യുടെ സൈന്യങ്ങൾക്കെതിരായി ആക്രമണയുദ്ധം ചെയ്യുന്ന കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു് യു. എൻ. ഒ. യിൽ പ്രാതിനിധ്യം നൽകുന്നതു് ആ മഹാസംഘടനയുടെ ചാർട്ടറിലെ നിശ്ചയങ്ങൾക്കു വിപരീതമെന്നു മാത്രമല്ല, സാമാന്യബുദ്ധിക്കുപോലും ചേരാത്തതാണെന്നാണു് യു. എസ്. എ. യുടേയും മററും വാദം.

ഈ പശ്ചാത്തലത്തിൽ വേണം ചൈന സോവ്യററു് റഷ്യയുടെ ഉപഗ്രഹമല്ലെന്നു് സർദാർ പണിക്കർ ഉറപ്പിച്ചു ചെയ്യുന്ന പ്രസ്താവത്തെ വീക്ഷിക്കുവാൻ. ഇപ്പോൾ പാരീസിൽ നടന്നുകൊണ്ടിരിക്കുന്ന യു. എൻ. ഒ. അസംബ്ലിയുടെ സമ്മേളനത്തിലും കമ്മ്യൂണിസ്റ്റു് ചൈനയുടെ പ്രാതിനിധ്യകാര്യം സോവ്യററു് പ്രതിനിധി ആദ്യംമുതല്ക്കു് അവതരിപ്പിച്ചു. ആ അസംബ്ലിയിലേക്കുള്ള ഇൻഡ്യൻ പ്രതിനിധികളുടെ നേതാവായ മിസ്റ്റർ ബി. എൻ. റാവു പഴയപോലെ അക്കാര്യത്തിനുവേണ്ടി വാദിക്കുന്നുമുണ്ടു്. സർദാർ പണിക്കർ ഇൻഡ്യൻ പ്രതിനിധിസംഘത്തിൽ ഒരാളാണു്. അദ്ദേഹവും ചൈനയ്ക്കുവേണ്ടി ഈ കാര്യത്തിൽ വാദിക്കുന്നു. യു. എൻ. ഒ. ചൈനയെ അക്രമിയെന്നു കുററംവിധിച്ചതു് അനധികൃതമാണെന്നും തന്മൂലം അക്കാരണം പറഞ്ഞു് ചൈനയ്ക്കു് യു. എൻ. ഒയിൽ പ്രാതിനിധ്യം നിഷേധിക്കാൻ ന്യായമില്ലെന്നുമുള്ള യുക്തിവരെ അദ്ദേഹത്തിന്റെ വാദം എത്തുകയും ചെയ്തിരിക്കുന്നു.

### മാവോയുടെ വാക്കുകൾ സർദാറെ ഖണ്ഡിക്കുന്നു

ഇനി സർദാർ പണിക്കരുടെ പ്രസ്തുത പ്രസ്താവം യാഥാത്ഥ്യത്തിനു യോജിച്ചതാണോ എന്നു നോക്കാം. 1949 മദ്ധ്യത്തിൽ കമ്മ്യൂണിസ്റ്റു് ചൈനയുടെ മേധാവിയായ മാവോ സെടുംഗു് ലോകത്തോടു പ്രഖ്യാപിച്ചതിങ്ങനെയാണു്:-

"യു. എസ്. എസ്. ആറിന്റെ നേതൃത്വത്തിലുള്ള സാമ്രാജ്യവിരുദ്ധനിരയിലാണു് ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്നതു്. ആ നിരയിൽനിന്നേ സഹായവും പരമാത്ഥമായ സൗഹാർദ്ദവും ഞങ്ങൾക്കു പ്രതീക്ഷിക്കാൻ സാധിക്കൂ. അല്ലാതെ സാമ്രാജ്യനിരയിൽ നിന്നല്ല. ചൈനയിലെന്നല്ല ലോകമാസകലംതന്നെയും, ആരും ചാഞ്ഞുനിൽക്കുന്നതു് ഒന്നെങ്കിൽ സാമ്രാജ്യത്വത്തിന്റെ വശത്തേക്കോ അല്ലെങ്കിൽ സോഷ്യലിസത്തിന്റെ വശത്തേക്കോ ആണു്. നിഷ്പക്ഷമായ നില വെറും വേഷംമാത്രമാകുന്നു. ചൈനയിലെ കമ്മ്യൂണിസ്റ്റു് വിപ്ലവം യു. എസ്. എസ്. ആറിന്റെ സഹായംകൂടാതെ സാദ്ധ്യമായിരുന്നില്ല. പല രാജ്യങ്ങളിലേയും സാമാന്യജനങ്ങളുടെ പിൻതുണ അതിനു സഹായകവുമായിരുന്നു. ഒന്നെങ്കിൽ കടുവായെ കൊല്ലണം, അല്ലെങ്കിൽ കടുവായ്ക്കു് തീററിയായിത്തീരണം; രണ്ടിനും ഇടയ്ക്കുള്ള നില സാദ്ധ്യമല്ല."

വി. ഫിലോമിനയുടെയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ എന്റെ സുഖക്കേടു മാറിയതിനു കൃതജ്ഞത.

റോസമ്മ നാരകപ്പറമ്പിൽ,
മാഞ്ഞൂർ

ഈ വാക്കുകളുടെ അത്ഥം സ്പഷ്ടമാണല്ലോ. സോവ്യററു് റഷ്യയുടെ സഹായത്താലാണു് ചൈനയെ പിടിച്ചടക്കുവാൻ അവിടത്തെ കമ്മ്യൂണിസ്റ്റു് പാർട്ടിക്കു സാധിച്ചതെന്നും, ആ സഹായമാണു് മേലിലും കമ്മ്യൂണിസ്റ്റു് ചൈനയ്ക്കു് ആലംബമെന്നും മാവോ സമ്മതിക്കുന്നു.

### മാവോയുടെ പ്രവൃത്തികളും സർദാറിനെ ഖണ്ഡിക്കുന്നു

ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടി സോവ്യററു് റഷ്യയുടെ പിണിയാളുകളാണെന്നു് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും മററെല്ലാവരും സമ്മതിക്കുന്നുണ്ടല്ലോ. അക്കാരണത്താലാണു് നെഹ്റുവും പട്ടേലും പാനും ഉൾപ്പെട്ട ഒരു പ്രത്യേകകമ്മിററിയുടെ അന്വേഷണത്തേയും റിപ്പോർട്ടിനേയും ആധാരമാക്കി കോൺഗ്രസ് അതിന്റെ ഉത്തരവാദിത്വമുള്ള സകല സമിതികളിൽനിന്നും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടി അംഗങ്ങളെ ബഹിഷ്കരിച്ചതു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ഹിററ്ലറിനെതിരായ ബ്രിട്ടന്റെ യുദ്ധം സാമ്രാജ്യയുദ്ധമെന്നു അപലപിച്ചു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടി ബ്രിട്ടനെതിരായ നില സ്വീകരിച്ചു. എന്നാൽ ഹിററ്ലർ റഷ്യയെ ആക്രമിക്കാൻ തുടങ്ങിയ നിമിഷത്തിൽ പൊടുന്നനവേ അവർ വശംമാറി. അതുമുതൽ ഹിററ്ലറിനെതിരായ ബ്രിട്ടന്റെ യുദ്ധം ജനകീയയുദ്ധമെന്നു അവർ പ്രകീത്തിക്കുകയും ബ്രിട്ടനെതിരായിനിന്ന കോൺഗ്രസിനെ ഒററിക്കൊടുക്കുകയുംചെയ്തു. ഈ വസ്തുതകളാണു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടി സോവ്യററു് റഷ്യയുടെ പിണിയാളുകളാണെന്ന ആരോപണത്തിനു പ്രധാനമായ ആധാരമായി നില്ക്കുന്നതു്.

കഴിഞ്ഞ യുദ്ധത്തിൽ ചൈനയിലെ കമ്മ്യൂണിസ്റ്റു് പാർട്ടി ഈ നിലകൾ തന്നെയാണു സ്വീകരിച്ചതു്. അതിനെപ്പററി ഒരു പ്രസിദ്ധ ചൈനീസു് എഴുത്തുകാരൻ (Lin yu Tang) 1945 മാർച്ചു് 24-ാംനു "The Nation" എന്ന പ്രശസ്ത അമേരിക്കൻ പത്രഗ്രന്ഥത്തിൽ എഴുതിയിരുന്നതിങ്ങനെയാണു്:-

ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയംഗങ്ങൾ ലോകമെങ്ങുമുള്ള മററു രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയംഗങ്ങളോടു് സാധമ്മ്യം വഹിക്കുന്നതിന്റെ രഹസ്യമടങ്ങിയിരിക്കുന്നതു്, അവരുടെ പ്രഥമമായ രാജ്യഭക്തി മോസ്കോയുടെ നേക്കാണെന്നുള്ളതിലാകുന്നു. സ്റ്റാലിൻ ഹിററ്ലരുമായി സന്ധിചേന്നകാലത്തു് ചൈനീസു് കമ്മ്യൂണിസ്റ്റുകൾ യുദ്ധത്തിൽനിന്നു് ഏററവുമധികം ഒഴിഞ്ഞുമാറിനിന്നു. കൊമിൻടേണിന്റെ എക്സിക്യൂട്ടീവു് കമ്മിററിയംഗമായ മാവോ സെടുംഗു് ഏററവും രൂക്ഷമായി ബ്രിട്ടീഷ്വിരുദ്ധവും അമേരിക്കൻവിരുദ്ധവുമായ നില സ്വീകരിച്ചു. പ്രസ്തുതസന്ധിക്കുമുമ്പു് ഹിററ്ലർ ചൈനീസു് കമ്മ്യൂണിസ്റ്റുകാരുടെ ദൃഷ്ടിയിൽ "പേപ്പട്ടി"യായിരുന്നു; സന്ധിയുടെ കാലത്താകട്ടെ അദ്ദേഹത്തെ "രാഷ്ട്രപതി" എന്ന മനോജ്ഞനാമമാണു് അവർ വിളിച്ചതു്. ഹിററ്ലർ റഷ്യയെ ആക്രമിച്ചുതുടങ്ങിയതിനുശേഷം (1941 ജൂൺ 22) അദ്ദേഹം അവക്കു് "നിന്ദ്യനായ പട്ടി" തന്നെയായി. ചുങ്കിംഗിലെ കമ്മ്യൂണിസ്റ്റു് പ്രതിദിനപത്രത്തിലെ ഒരുഡസൻ മുഖപ്രസംഗങ്ങൾ തിയതികളോടുകൂടി ഇതിനു സാക്ഷ്യമായി ഉദ്ധരിക്കുവാൻ കഴിയും. ആ ജൂൺ 22 നു് 40 ദിവസംമുമ്പു് അതിലെ മുഖപ്രസംഗം "യൂറോപ്യൻ യുദ്ധത്തിൽ ഇടപെടരുതേ" എന്നായിരുന്നു. മാവോ സെടുംഗു് "നിഷ്പക്ഷത" നിഷ്കൃഷ്ടമായി ആവശ്യപ്പെട്ടു. റൂസ്‌വെൽററ് ഇംഗ്ലണ്ടിനുനൽകിയ ലെൻഡ്‌ലീസു് എന്ന വായ്പാസമ്പ്രദായം "അയഥാത്ഥമായ നിഷ്പക്ഷത"യാണെന്നും അതിന്റെ ഉദ്ദേശ്യം യു. എസ്സിനെ "രണ്ടാംസാമ്രാജ്യയുദ്ധത്തിൽ കൊണ്ടുചാടിക്കുക"യാണെന്നും അദ്ദേഹം ആക്ഷേപിച്ചു. ജപ്പാന്റെ മഞ്ചുക്കോ ആക്രമണം സ്റ്റാലിൻ അംഗീകരിച്ചതു് ചൈനീസു് കമ്മ്യൂണിസ്റ്റുകാർ ശരിവച്ചു. മാവോ ആംഗ്ലോ അമേരിക്കന്മാരെ "പട്ടികളുടെ മക്കൾ" എന്നാണു വിളിച്ചതു്. എന്നാൽ ജപ്പാൻകാരെ അതേവാക്കുകളിൽ അദ്ദേഹം ചീത്തപറഞ്ഞില്ല. ആംഗ്ലോ അമേരിക്കൻകാരുടേയും ജപ്പാൻകാരുടേയും സാമ്രാജ്യത്വം വ്യത്യസ്തമാണെന്നു വിചാരിക്കുന്നവരെ അദ്ദേഹം അപഹസിച്ചു.

മാവോയും അദ്ദേഹം നേതൃത്വം വഹിക്കുന്ന ചൈനീസു് കമ്മ്യൂണിസ്റ്റു് പാർട്ടിയും വിദേശരാജ്യങ്ങളെ ഗണിക്കുന്നതും വിദേശനയം സ്വീകരിക്കുന്നതും റഷ്യയുടെ താളത്തിനൊപ്പിച്ചാണെന്നു് ഈ വസ്തുതകൾ തെളിയിക്കുന്നില്ലേ? അകയാൽ കമ്മ്യൂണിസ്റ്റു് ചൈന റഷ്യയുടെ ഉപഗ്രഹമല്ലെന്നുള്ള സർദാർ പണിക്കരുടെ പ്രസ്താവം വസ്തുതകൾക്കു് വിപരീതമായിരിക്കുന്നു. ഹിന്ദുവിൽ റിപ്പോർട്ടുചെയ്തിരിക്കുന്ന പ്രസംഗത്തിൽ അദ്ദേഹം ഈ പ്രസ്താവത്തിനു തെളിവൊന്നും നൽകിയിട്ടില്ലയെന്നതും ചിന്താർഹമാണു്. തെളിവു നൽകാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലെന്നത്ഥം. മോസ്കോയിലെ കമ്മ്യൂണിസ്റ്റു് ഔദ്യോഗികപത്രമായ പ്രവ്ദ 1928 സെപ്റ്റംബർ 9-ാംനു ചെയ്ത പ്രസ്താവവും ഇത്തരുണത്തിൽ അത്ഥവത്താണു്. "ചൈനീസു് വിപ്ലവം (ദേശീയചൈനയ്ക്കെതിരായ ചൈനീസു് കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ വിപ്ലവം) സാർവ്വലൗകികവിപ്ലവത്തിന്റെ ഡിപ്പോ ആണു്. അതു സോഷ്യലിസ്റ്റു് സോവ്യററു് റിപ്പബ്ലിക്കുകളുടെ യൂണിയന്റെ പിന്നണിശക്തിയാകുന്നു." കമ്മ്യൂണിസ്റ്റു് ചൈന സോവ്യററു് റഷ്യയുടെ ഉപഗ്രഹമാണെന്നു് പ്രവ്ദ സമ്മതിക്കുന്നില്ലേ?

# സൂളർസിസ്റ്ററം

## സ്വരവൈകല്യം മാറാനുള്ള പദ്ധതി

(ഫാ. എം. എ. ആലപ്പാട്ട്, അവിട്ടത്തൂർ)

കാലിഫോർണിയായിൽ സാൻലൂയിറെ എന്ന സ്ഥലത്ത് ഒരു ഫ്രാൻസിസ്കൻ മിഷൻകേന്ദ്രമുണ്ട്. ഒരിക്കൽ ഒരു സന്ദർശകവൈദികൻ അവിടെ എത്തി. അദ്ദേഹം മനോഹരമായ പല കാഴ്ചകളും കണ്ട് അങ്ങനെ ഉലാത്തി നടക്കുമ്പോൾ കുറച്ചകലെ ഒരു സെമിനാരിവിദ്യാർത്ഥി, "ബീം—ബേം—ബോം—ബൂം"— എന്ന മട്ടിൽ ചില അപസ്വരങ്ങൾ തുടരെ പുറപ്പെടുവിക്കുന്നതു കേട്ടു. പുള്ളിക്കു കിറുക്കാണെന്നോ മററോ കരുതി ഉടൻ മിഷൻ സുപ്പീരിയരെ വിളിച്ചുകൊണ്ടുവന്നു സ്ഥലത്തേക്ക്. സുപ്പീരിയർ വന്ന് ആളെ കണ്ടപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറയുകയാണ്: "പിരിഅഴവൊന്നുമല്ല അച്ചോ അത്. പ്രൊഫസർ ഫിലിപ്പ് സൂളറിന്റെ സ്വരപരിശീലനക്ലാസിലെ ഒരു "സ്വരസ്റ്റുഡന്റ്", അത്രേയുള്ളു. ആ കുട്ടിക്കു പട്ടംകൊടുക്കുവാൻ ഞങ്ങൾ സംശയിച്ചിരിക്കുകയായിരുന്നു. നല്ല ദൈവവിളിയുണ്ട്. പക്ഷെ ഒരു ദുർഘടം. സംസാരിക്കുമ്പോൾ പെട്ടെന്നു സ്വരം അടയും. നാവിന് ഇടയ്ക്കിടയ്ക്ക് തളർവാതവും. വൈദികവൃത്തിക്കു സ്വരം എത്ര പ്രാധാന്യമുള്ളതാണ്! പല വിദഗ്ദ്ധന്മാരെയും ഞങ്ങൾ കാണിച്ചു ഫലമുണ്ടായില്ല. ഇപ്പോൾ ഞങ്ങൾ പ്രൊ: സൂളറിന്റെ ട്രെയിനിങ്ങ് കൊടുക്കുകയാണ്. വളരെ ഭേദമുണ്ട്."

പ്രൊ: സൂളറിനെപ്പററി ലോകം അറിഞ്ഞുവരുന്നതേയുള്ളു. വളരെ രസകരമാണ് അദ്ദേഹത്തിന്റെ ജീവിതകഥ. നല്ല ഗായകൻ. തന്റെ സ്വരഗാംഭീര്യത്തെപ്പററി വലിയ അഭിമാനമുണ്ടദ്ദേഹത്തിന്. സിനിമാശാലയിൽനിന്നു പോരുകയില്ല. ഒരു ഫിലിംസ്റ്റാറാകാനുള്ള എല്ലാം സാധ്യതകളും ഒത്തിണങ്ങിട്ടുണ്ട്. അങ്ങനെ ഒരു ദിവസം രാത്രി അഭിനയിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അദ്ദേഹത്തിന്റെ സ്വരം "ഹൃസ്വ"യി. ഒരക്ഷരം പുറത്തുവരികയില്ല. തൊണ്ടയിൽ വലിയ വേദനയും. ഏതോ ഒരു കണ്ഠമസ്സൽ പൊട്ടിക്കാണണം. എന്തൊരു നിർഭാഗ്യം! ഇതിൽപ്പരം ഒരവമാനം വരാനില്ല സൂളറിന്. ഹാളിൽ കൂടിയിരുന്ന ജനാവലി കൂക്കുവിളിച്ചു. അയാൾ ഇറങ്ങിപ്പോന്നു. സൂളർ വിചാരിച്ചു വീട്ടിൽ ചെന്ന് കുറച്ചു വിശ്രമവും ചില്ലറ ചികിത്സകളും നടത്തിയാൽ എല്ലാം വേഗത്തിൽ ശരിപ്പെടുമെന്ന്. പക്ഷെ ആഴ്ചകളും മാസങ്ങളും കടന്നുപോയിട്ടും ഒരു ഗുണവും കിട്ടിയില്ല. ഒരു നേരിയ സ്വരം വളരെ പണിപ്പെട്ടാൽ മാത്രം പുറത്തുവരും. പല സ്പെഷലിസ്റ്റുമാരേയും ചെന്നു കണ്ടു. ഓരോരുത്തരും ഓരോരോ തുറകളിൽ വിദഗ്ദ്ധന്മാരാണെങ്കിലും മനുഷ്യസ്വരം ഉല്പാദിപ്പിക്കുന്ന ആ യന്ത്രസാമഗ്രിയെപ്പററി വളരെ ഇത്തിരിമായിട്ടേ അവർ പഠിച്ചറിഞ്ഞിട്ടുള്ളു. മനുഷ്യസ്വരം ശക്തിപ്പെടുത്തുന്നതിനും നഷ്ടപ്പെട്ട സ്വരം വീണ്ടെടുക്കുന്നതിനുമുള്ള ഒരു പൂർണ്ണപദ്ധതി—ഒരു സിസ്റ്റം—അന്നുവരെ ലോകത്തിൽ ഉണ്ടായിരുന്നില്ല.

സൂളർ നിരാശനായില്ല, മൂന്ന് മൂന്നരക്കൊല്ലമായെങ്കിലും. ഇക്കാലത്തിനിടയ്ക്കു പല അനുഭവജ്ഞാനങ്ങളും കിട്ടി. ശാസ്ത്രീയമായി കുറെ അധികം പഠിച്ചു നാവുകൊണ്ടു ചില അഭ്യാസങ്ങളും നടത്തിനോക്കി. ഒടുവിൽ, നഷ്ടപ്പെട്ട സ്വരം വീണ്ടുകിട്ടി എന്നു മാത്രമല്ല പൂർവ്വാധികം ഗാംഭീര്യമുള്ളതും ശക്തിമത്തുമായ ശബ്ദം പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് അനുഭവപ്പെടുകയും ചെയ്തു.

അടങ്ങാത്ത ആനന്ദമുണ്ടായി സൂളറിന് പാട്ടുപാടുന്നതിനും അഭിനയിക്കുന്നതിനും സാധിച്ചപ്പോൾ. ഹോളിവുഡ്ഡിലേക്കാണ് പിന്നത്തെ പോക്ക്. ഇക്കാലഘട്ടത്തിൽ സെൻറ് പീററിന്റെ പാർട്ട് അഭിനയിക്കാൻ —Pilgrimage Play എന്ന കഥയിൽ— അദ്ദേഹം ക്ഷണിക്കപ്പെട്ടു. അതിന് താടിമീശ വളർത്തേണ്ടിവന്നു. മീശ വളർന്നപ്പോൾ ഹോളിവുഡ്ഡിലെ തന്റെ സ്നേഹിതന്മാർ മീശപിടിച്ചു വലിച്ചു തന്നെ കളിയാക്കാറുണ്ടായിരുന്നവത്രേ. സൂളറിന്റെ മുഖപ്രകൃതിയും വളരെ മാറി. അന്തരാടെ പ്പം ആന്തരികമായി ചില മാററങ്ങൾ സംഭവിക്കുന്നത് ആരും അറിഞ്ഞില്ല. സൂളർ ഒരു യൂണിറേററിയൻ മിനിസ്റ്ററുടെ മകനായിട്ടാണ് ജനിച്ചത്. എന്നാൽ 30 വയസ്സാകുന്നതിനുമുമ്പു തന്നെ ആറേഴ് പ്രോട്ടസ്റ്റൻറു മതവിഭാഗങ്ങളിൽ ചെന്ന് ചാടി. എല്ലാം ഒടുവിൽ വലിച്ചെറിഞ്ഞു. അങ്ങനെയുള്ള സൂളർ പ്രേഷിതപ്രമുഖനായ വി. പത്രോസിന്റെ പാർട്ട് അഭിനയിക്കാൻ പോകയാണ്. സുവിശേഷത്തിൽനിന്ന് പല ഭാഗങ്ങളും പഠിക്കുവാനുണ്ട്. മാറഭിനയക്കാർ സുവിശേഷവാക്യങ്ങളെ പരസ്പരവിരുദ്ധമായി വ്യാഖ്യാനിക്കുന്നതു കേട്ടപ്പോൾ പ്രോട്ടസ്റ്റൻറുമതത്തിന്റെ പൊള്ളത്തരം സൂളറിനെ ഇരുത്തി ചിന്തിപ്പിച്ചു.

അങ്ങനെയിരിക്കവെ, 1937-ൽ ലോസ് ആഞ്ചലിസിനടുത്തുള്ള സാൻ ഫെർനാണ്ടൊ മിഷനിൽ ഒരു മഹാപുരുഷന്റെ പാർട്ട് എടുക്കാൻ ഫോൺകോൾ കിട്ടി. 1850-തിനടുത്ത് വിമരണം പ്രാപിച്ച ആ ഫ്രാൻസിസ്കൻ മിഷനറി —ഫാദർ ഇബാറ. അദ്ദേഹത്തിന്റെ പാർട്ട് അഭിനയിക്കണമെങ്കിൽ വളരെയധികം കാര്യങ്ങൾ പഠിക്കുവാനുണ്ട്. ഒരുദിവസം ഫാദർ ഇബാറയുടെ ശവകുടീരത്തിൽ പ്രാർത്ഥിച്ചുകൊണ്ടുനിന്നപ്പോൾ, തന്റെ പാർട്ട് ഏററവും തന്മയത്വത്തോടുകൂടി അഭിനയിക്കുന്നതിനെക്കാൾ, വിശ്വാസത്തിന്റെ ഒരു വിശിഷ്ട ദാനമാണ് സൂളറിന് അപ്പോൾ അത്യാവശ്യമെന്നു ആ പുണ്യപുരുഷൻ തോന്നിച്ചുവത്രെ. അന്നുമുതൽ കത്തോലിക്കാസഭയെപ്പററി പഠിക്കുവാൻ തുടങ്ങി. സൂളറും മിസ്സിസ് സൂളറും അഞ്ചാറു മാസത്തിനുശേഷം ജ്ഞാനസ്നാനം സ്വീകരിച്ചു. ഫാദർ ഇബാറയോടുള്ള അതിരററ കടപ്പാടുനിമിത്തം ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർന്ന് അങ്ങനെ ഇരുവരും ഉത്തമകത്തോലിക്കരായി കഴിഞ്ഞുകൂടുകയാണ്.

സൂളറിന്റെ കഥ ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. ഇപ്പോൾ അദ്ദേഹം എന്തുചെയ്തുകൊണ്ടിരിക്കുന്നുവെന്നും നിങ്ങൾക്കറിയണം. പറയാം. സൂളറിനിപ്പോൾ ഒരമ്പതുവയസ്സ് കഴിഞ്ഞുകാണും. അന്നത്തെ മീശ ഇതുവരെയും കളഞ്ഞിട്ടില്ല. മുമ്പേതന്നെ ഒരുകാര്യവും പകുതി പകുതിയായി ചെയ്യുന്ന സമ്പ്രദായമേയില്ല സൂളറിന്. കത്തോ. സഭയിൽ ചേർന്നതിന്റെശേഷം ദൈവമഹത്വത്തിനായി അങ്ങേ അററം സ്വയം സമർപ്പിച്ചിരിക്കയാണ്. അദ്ദേഹം പറയുന്നു: "നൂറുകൊല്ലങ്ങൾക്കുമുമ്പു മരിച്ച ആ ഫ്രാൻസിസ്കൻ മിഷനറി—ഫാദർ ഇബാറ—അദ്ദേഹമാണ് എനിക്ക് വിശ്വാസമെന്ന ആ മഹാവെളിച്ചം തന്നത്. ആകട്ടെ, അദ്ദേഹത്തിന്റെ അനന്തരഗാമികളായ കാലിഫോർണിയായിലെ ഫ്രാൻസിസ്കൻ സഭാംഗങ്ങളെ ഞാൻ കണ്ടുപിടിച്ച ആ പുതിയ വിദ്യ—അനവധികൊല്ലത്തെ പഠനംകൊണ്ടും സഹനംകൊണ്ടും കിട്ടിയ ആ വിശിഷ്ടവിദ്യ—പഠിപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കയാണ്. അതും കത്തോലിക്കാസഭയിലെ വൈദികർക്കുമാത്രം എന്നൊരു നിർബന്ധംകൂടിയുണ്ടെനിക്ക്. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ കഴിയുന്നത്ര സ്വരം ഉയർത്തി വളരെക്കാലത്തോളം ക്രിസ്തുവിനെ പ്രസംഗിക്കുവാൻ."

സൂളർ ഇപ്പോൾ സാൻ ലൂയിറേ മിഷൻ സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കയാണ്. കാലത്തും വൈകുന്നേരവും ക്ലാസുണ്ട്. ആ ക്ലാസിലെ ഒരു വിദ്യാർത്ഥിയുടെ കഥയാണല്ലോ നാം ആദ്യം കണ്ടത്. സെമിനാരിയിൽനിന്ന് 30 നാഴിക അകലെ ഒരു വാടകവീട്ടിലാണ് താമസം. കാറുള്ളതുകൊണ്ട് അദ്ദേഹം തന്നെ ഡ്രൈവുചെയ്തുപോരും. ചിലപ്പോൾ ഭാര്യയേയും കാറിൽ കാണാം. രണ്ടുപേരും ഫോട്ടോ എടുക്കാൻ ഭ്രമമുള്ളവരാണ്. കളർ പടങ്ങൾ [illegible] ഉണ്ടാക്കുകയാണ് അവരുടെ വിനോദം. പിന്നീട് ആ പടങ്ങൾ ക്ലാസ്സിൽ കൊണ്ടുപോയി കുട്ടികളെ കാണിച്ചു മനുഷ്യന്റെ സ്വരനാഡികളെപ്പററി പലതും പഠിപ്പിക്കും. സൂളർസ്വരട്രെയിനിങ്ങിന്റെ പ്രധാനതത്വം ഇതാണ്: നാം ജനിക്കുമ്പോൾ വളരെ ശക്തിയുള്ള സ്വരം പ്രകൃത്യാ നമുക്കുണ്ട്. എത്ര പാടിയാലും ക്ഷീണം തട്ടാത്തവിധത്തിലാണത്രെ സ്വരനാഡികളെ ദൈവം ഘടിപ്പിച്ചിട്ടുള്ളത്. പിന്നീട് നാം ആ സ്വരം ദുരുപയോഗിക്കുന്നു. അല്ലെങ്കിൽ വേണ്ടപോലെ ഉപയോഗിക്കുന്നില്ല. ശാസ്ത്രീയമായി ആ സ്വരം പോഷിപ്പിക്കണം. നാലഞ്ചുമണിക്കൂറുനേരം ഉച്ചത്തിൽ പ്രസംഗിച്ചാലും സ്വരം പതറുകയോ ക്ഷീണംതട്ടുകയോ ചെയ്യുകയില്ലെന്നാണ് സൂളർ പറയുന്നത്. പുത്തൻകുർബാനയ്ക്ക് എടുത്ത സ്വരം—"ഗ്ലോറിയാ ഇൻ എക്സൽസിസ് ദേവോ" എന്നു പാടുവാനെടുത്ത സ്വരം—പിന്നീട് ഒമ്പതുകൊല്ലങ്ങൾക്കുശേഷവും തന്റെ വിദ്യാർത്ഥികൾക്ക് അതേതോതിൽ എടുക്കുവാൻ സാധിക്കുമെന്ന് സൂളർ വാദിക്കുന്നു. ഏതാണ്ട് ഒരു നാല്പതോളം വൈദികർ സൂളർ ട്രെയിനിങ്ങുകഴിഞ്ഞ് മിഷൻ രംഗങ്ങളിൽ പോയിട്ടുണ്ടിപ്പോൾ. അവരുടെ അനുഭവത്തിൽ സൂളർ സിസ്റ്റം ഒരു വമ്പിച്ച വിജയമായി അവർ പ്രഘോഷിക്കുന്നു.

സൂളറിന് ഒരു വലിയ ആഗ്രഹമുണ്ട്, കാലിഫോർണിയായിലെ ഫ്രാൻസിസ്കൻ സെമിനാരികളിൽ മാത്രമല്ല, ലോകത്തിലുള്ള എല്ലാ കത്തോലിക്കാ സെമിനാരികളിലും ഈ സിസ്റ്റം പഠിപ്പിക്കണമെന്ന്. വളരെ അത്യാവശ്യമുള്ള ഒരു "വിഷയമായി അദ്ദേഹം ഇതു പരിഗണിക്കുന്നു. പ്രായോഗികമായും ശാസ്ത്രീയമായും പ്രസംഗപരിശീലനം കൊടുക്കുന്നില്ല സെമിനാരികളിൽ. അതേസമയംതന്നെ അത്യാവശ്യമില്ലാത്ത ചില വിഷയങ്ങൾ—പേഗൻഫിലോസഫിമുതലായവ— ധാരാളമായി പഠിപ്പിക്കുന്നുണ്ടുതാനും. പ്രസംഗമാണ് അവരുടെ പ്രധാനകർത്തവ്യം. എന്നാൽ ഒരു പത്തഞ്ഞൂറ് നല്ല പ്രസംഗങ്ങൾ ഒരുങ്ങി സെമിനാരിയിൽനിന്നു പുറത്തുവരുന്ന എത്ര വൈദികരുണ്ടാകും? ഈ നില ഒരു വിരോധാഭാസമായി അദ്ദേഹം കരുതുന്നു. കേരളത്തിൽനിന്നും ഒന്നുരണ്ട് വൈദികരെ ഈ സൂളർ സ്വരസിസ്റ്റം പഠിക്കുവാൻ എന്തുകൊണ്ട് കാലിഫോർണിയായിലേക്ക് അയച്ചുകൂടാ നമുക്ക്?

ക്രിസ്മസ്
കാർഡുകൾ
വിളക്കുപടങ്ങൾ
മുതലായവ
സാമ്പിൾ സെററ്
ഡസൻ 1ക്ക് 2 ക.
എൽ. എഫ്. പ്രസ്, മഞ്ഞുമ്മൽ P.O.

## ദിവ്യകാരുണ്യവാഴ്വ്

ജന്മനാ കത്തോലിക്കരായിട്ടുള്ളവർക്ക് ഈ ദിവ്യകർമ്മത്തിന്റെ മനോഹാരിതയെപ്പററി പ്രത്യേകിച്ച് ഒരു ചിന്ത ഉണ്ടായില്ലെന്നുവരാം. വെളിച്ചത്തിൽ വിഹരിക്കുന്നവർക്ക് അതിന്റെ മേന്മ അന്ധകാരത്തിൽനിന്നു പ്രത്യാഗമിക്കുന്നവരെപ്പോലെ മനസ്സിലാകുന്നതല്ലല്ലോ. മാനസാന്തരപ്പെട്ടു കത്തോലിക്കാസഭയിലെത്തിയ വിശ്രുതരായ ചില അകത്തോലിക്കർ ദിവ്യകാരുണ്യാശിർവ്വാദകർമ്മത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതു കേൾക്കുന്നത് പ്രയോജനകരമായിരിക്കാം.

ആംഗ്ലേയകവിയും സാഹിത്യകാരനുമായ തിയോഡോർ മെയ്നാർസ് പറയുകയാണ്: "ദിവ്യകാരുണ്യവാഴ്വിനു സംബന്ധിക്കാൻ ഞാൻ പലപ്പോഴും പോകപതിവായിരുന്നു. പ്രസംഗങ്ങളല്ല, ഈ വിശുദ്ധകർമ്മമാണ് എന്റെ മാനസാന്തരത്തിനു വഴിതെളിച്ചത്. കത്തോലിക്കാപള്ളികളിൽ ദൈവസാന്നിദ്ധ്യമുണ്ടെന്നും, ആദ്ധ്യാത്മികമായ ഒരന്തരീക്ഷമുണ്ടെന്നും അതുവഴിക്കാണ് എനിക്കു ബോദ്ധ്യമായത്."

അമേരിക്കയിലെ ഒരു സർവ്വകലാശാലാ പ്രൊഫസറായ എഡ്വേർഡ് ഡോഡ്സൺ പറയുന്നു: "ഒരു ലെൻറൻ സെർമൺ കഴിഞ്ഞു ഒരിക്കൽ ഞാനൊരു വാഴ്വിൽ സംബന്ധിക്കാനിടയായി. എന്തൊരു വികാരപരമ്പരകളാണ് എന്റെ ഹൃദയത്തിൽ അലതല്ലിയത്. സഭാപ്രവേശനത്തിനുള്ള തീരുമാനം അന്നു അവിടെവച്ചുതന്നെ ചെയ്തു."

ഇന്നു അമേരിക്കയിൽ പേരുകേട്ട കത്തോലിക്കാപ്രവർത്തകയായ ഡൊറോത്തി ഡേ എഴുതുന്നു: "ന്യൂയോർക്കിലെ സെൻറു പാട്രിക്ക് കത്തീഡ്രലിൽ സായംകാലത്തു ഒരിക്കൽ കൂട്ടമണികേട്ടു ഞാൻ അങ്ങോട്ടു കയറി. അവിടെ വാഴ്വായിരുന്നു. ആദ്യമായിട്ടാണ് ഞാൻ ആ കർമ്മം ദർശിച്ചത്. എന്നെ അതു ശക്തിയായി സ്പർശിച്ചു. അവിടെ കൂടിയിരുന്ന ജനക്കൂട്ടങ്ങളുടെ ഭക്തിപ്രകടനം എന്നെ ആകർഷിച്ചു. അന്നുമുതൽ സഭയെപ്പററി ഞാൻ കൂടുതൽ പഠിക്കാൻ തുടങ്ങി."

——

## വിനോദവിധി



"എന്താ കരയുന്നത്?" "പള്ളിക്കൂടത്തിൽവച്ചു സാർ എന്നെ അടിച്ചു" "എന്നിട്ടെന്താ നീ അവിടെനിന്നു കരയാതെ ഇവിടെവന്നു കരയുന്നത്?" "പള്ളിക്കൂടത്തിൽനിന്നു കരയാൻ എനിക്കു ലജ്ജയായിരുന്നു."

* * *

"ഞാൻ നല്ലകുട്ടിയല്ലേ അമ്മേ?"

"അതേ മോനേ."

"അമ്മയ്ക്കെന്നെ വിശ്വാസമാണോ?"

"തീർച്ചയായും."

"എന്നിട്ടെന്താ മിട്ടായിപ്പാട്ട അലമാരിയുടെ മുകളിൽ വച്ചിരിക്കുന്നത്?"

* * *

"തോമസും ഞാനും കൂട്ടുകച്ചവടക്കാരാണ്."

"അതെങ്ങനെ?"

"ഞാൻ പോയി ജനലിൽ പുരാനുള്ള ചായം കൊട്ടത്തുകൊണ്ടുപോരും. ആ ചായം കൈയിൽ പററിയാൽ കഴുകിക്കളയാൻ വിഷമമാണ്. അതു കഴുകിക്കളയാൻ പററിയ ഒരുതരം സോപ്പുമാത്രമേയുള്ളു. രണ്ടുദിവസം കഴിയുമ്പോൾ അതുംകൊണ്ട് തോമസ് ചെല്ലും."

* * *

അദ്ധ്യാപകൻ: തോമസ് പറയൂ. ഇൻഡ്യയിൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ എത്ര യുദ്ധം നടന്നിട്ടുണ്ട്?

തോമസ്: ആറ്.

അദ്ധ്യാപകൻ: (ജോണി ഉറക്കം തൂങ്ങുന്നതു കണ്ട്): "ജോണി പറയൂ, ആ ആറ് ഏതെല്ലാമെന്ന്."

ജോണി (ഞെട്ടി എഴുന്നേററിട്ട്): "പെരിയാറ്, മൂവാററുപുഴയാറ്, പമ്പയാറ്... ബാക്കി മറന്നുപോയി, സാർ."

## ഇതാണു കത്തോലിക്കൻ

ഇംഗ്ലണ്ടിൽ ബ്രൌൺ മൗത്തിലെ നഗരസഭാദ്ധ്യക്ഷന്റെ തിരഞ്ഞെടുപ്പു വലിയ വാശിയോടുകൂടി ഈയിടെ നടന്നു. മി. മക്കിന്നെസ് എന്ന കത്തോലിക്കാ സ്ഥാനാർത്ഥിക്കു എതിരായി ഒരു പ്രോട്ടസ്റ്റൻറുകാരനാണ് മത്സരിച്ചത്. ഒരു കത്തോലിക്കനെ മേയറായി തിരഞ്ഞെടുക്കുന്നത് യുക്തമല്ലെന്നും, തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പ്രോട്ടസ്റ്റൻറു മതവിശ്വാസങ്ങളെ സംരക്ഷിച്ചുകൊള്ളാമെന്നു അദ്ദേഹം ഉറപ്പുനൽകണമെന്നും, പ്രോട്ടസ്റ്റൻറുമതകർമ്മങ്ങളിൽ അദ്ദേഹവും സംബന്ധിക്കണമെന്നും മററുമായിരുന്നു പ്രതിപക്ഷഭാഗത്തെ വാദങ്ങൾ. മക്കിന്നെസ് മറുപടി പറഞ്ഞു: "നഗരസഭാദ്ധ്യക്ഷപദത്തിനുവേണ്ടി എന്റെ മതവിശ്വാസങ്ങളിലൊന്നുംതന്നെ ബലികഴിപ്പാൻ ഞാൻ തയാറില്ലെന്നു ഇന്നു പ്രസ്താവിച്ചുകൊള്ളുന്നു കൂടാതെ, തെളിവായിപ്പറഞ്ഞാൽ, ഒരു കത്തോലിക്കാ ദൈവാലയത്തിലല്ലാതെ മററൊരു പള്ളിയിലും മതകർമ്മങ്ങളിൽ സംബന്ധിക്കാൻ എനിക്കു നിവൃത്തിയില്ല. എതിർകക്ഷികൾ ഘോഷിക്കുന്നതുപോലെ മെത്രാന്മാരുടെയോ, വൈദികരുടെയോ, മററാരുടെയെങ്കിലുമോ പ്രേരണയാലല്ല ഞാൻ ഈ നിശ്ചയത്തിൽ എത്തിച്ചേർന്നിട്ടുള്ളതെന്നു പ്രകടമായി പ്രസ്താവിച്ചുകൊള്ളട്ടെ." തിരഞ്ഞെടുപ്പിൽ മക്കിന്നെസിനു 2228-ം എതിരാളിക്കു 781-ം വോട്ടുകളാണ് ലഭിച്ചത്! ഇതാണ് കത്തോലിക്കൻ. അങ്ങനെയുള്ളവരെ ആരും വിലമതിക്കതന്നെ ചെയ്യും.

# Sathya Deepam

Vol. 25 — Ernakulam November 28, 1951 — No. 15


## വിദ്യാഭ്യാസപദ്ധതി—ഗവമ്മെൻറ് പ്രൊസീഡിംഗ്സ്

(തുടർച്ച)

### അനുബന്ധം

1 മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും അദ്ധ്യാപകരായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യത ഗവമ്മെൻറു നിശ്ചയിക്കുന്നതായിരിക്കും. സാധാരണഗതിയിൽ ട്രെയിനിംഗു കഴിഞ്ഞിട്ടുള്ളവക്കു മുൻഗണന നൽകാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

2 നിശ്ചിതയോഗ്യത സമ്പാദിച്ചിട്ടുള്ള സകലരും അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു് അർഹരാണ്.

3 ഗവമ്മെൻറനുവാദം സിദ്ധിച്ചിട്ടുള്ള ഒരു സ്കൂളിൽ മാനേജർ ഒരു അദ്ധ്യാപകനെ നിയമിച്ചാലുടൻ മാനേജർ അദ്ധ്യാപകനു് ഒരു താൽക്കാലികനിയമനയുത്തരവു നൽകേണ്ടതാണ്. ഈ ഉത്തരവിൽ താഴെപ്പറയുന്ന വസ്തുതകൾ കാണിച്ചിരിക്കണം.

(എ) ഉദ്യോഗത്തിൻെറ സ്വഭാവം. പ്രൊബേഷൻ കാലഘട്ടമുണ്ടെങ്കിൽ അതിൻെറ ദൈർഘ്യം.

(ബി) ശമ്പളസ്കെയിൽ.

(സി) സർവ്വീസ് അവസാനിപ്പിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ.

അദ്ധ്യാപകൻെറ ഒപ്പോടുകൂടിയ നിയമനയുത്തരവിൻെറ ഒരു പ്രതി സ്കൂൾ റിക്കാർട്ടുകളുടെ കൂട്ടത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

ഈ നിയമനയുത്തരവു് ഒരുടമ്പടിയെന്ന നിലയിൽ പരിഗണിക്കപ്പെടേണ്ടതാണ്. മാനേജ്മെൻറിലുണ്ടാകാവുന്ന മാററം ഇതിനെ പ്രതികൂലമായി ബാധിക്കാവുന്നതല്ല. നിയമനയുത്തരവിൻെറ മൂന്നു പ്രതി മാനേജർ ഉടനെതന്നെ ഇൻസ്പെക്ടിംഗ് ഓഫീസർക്കു് അംഗീകരണത്തിനായി അയച്ചുകൊടുക്കേണ്ടതാണ്. (ഡിവിഷൻ ഇൻസ്പെക്ടർ, ഗേൾസ് സ്കൂൾ ഇൻസ്പെക്ട്രസ്, പ്രൈമറിയും മിഡിൽസ്കൂളുകളും ഇൻസ്പെക്ടർ, ഇവരിൽ അയച്ചുകൊടുക്കേണ്ടതു് ആർക്കോ അവക്കു്). നിയമനയുത്തരവുകളുടെ ഈ പ്രതികളിൽ അദ്ധ്യാപകൻെറ ഒപ്പും ഉണ്ടായിരിക്കണം. അംഗീകരണം കഴിഞ്ഞു് ഉത്തരവിൻെറ ഒരു പ്രതി ഇൻസ്പെക്ടിംഗ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. ഒന്നു മാനേജക്കു് അയച്ചുകൊടുക്കേണ്ടതാണ്. ഒരു പ്രതി മാനേജർമുഖേന അദ്ധ്യാപകനു നൽകപ്പെടേണ്ടതാണ്.

നിയമനയുത്തരവു് താഴെപ്പറയുന്ന രൂപത്തിലായിരിക്കണം.

ശ്രീ... ...(ടെമ്പററിയായി—ആക്ടിംഗായി—സ്ഥിരമായി—പ്രൊബേഷനറിയായി —സ്കൂളിൽ—രൂപം —സ്കെയിലിൽ—മുതൽ—വരെ—ഇന്നാരുടെ ഒഴിവിൽ—നീതിയുക്തമായ കാരണങ്ങളാൽ—മാസത്തെ നോട്ടീസോടുകൂടി നിയമനകാലാവധി അവസാനിപ്പിക്കാൻ ഇരുഭാഗക്കാക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഇതിലേക്കു് ഡിപ്പാർട്ടുമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകരണം സിദ്ധിച്ചിരിക്കേണ്ടതാണ്.

അദ്ധ്യാപകൻെറ ഒപ്പ്

മാനേജരുടെ ഒപ്പ്

കൗണ്ടർസൈൻഡ്

ഇൻസ്പെക്ടിംഗ് ഓഫീസർ.

4 ആക്ടിംഗ് ഒഴിവുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്കു വെക്കേഷനു മുമ്പു് എട്ടുമാസത്തിൽ കുറയാതെയുള്ള കാലത്തേക്കു് ജോലിനോക്കിയിട്ടുള്ള പക്ഷം വെക്കേഷൻകാലത്തെ ശമ്പളം നൽകേണ്ടതാണ്. ഈ ചട്ടം ട്രെയിനിംഗ വേക്കൻസികളെ സംബന്ധിച്ചിടത്തോളം ബാധകമല്ല. ഒരു പുതിയ ക്ലാസ്സുഡിവിഷനിലോ ഒരദ്ധ്യാപകൻെറ ദീർഘകാലത്തെ അവധിമൂലമുണ്ടാകുന്ന ഒഴിവിലോ നിയമനം നടത്തുമ്പോൾ നിയമനത്തിൻെറ കാലാവധി അടുത്ത സ്കൂൾവർഷാരംഭംവരെയുള്ള കാലത്തേക്കായിരിക്കണം. വെക്കേഷൻശമ്പളം ലാഭമാക്കണമെന്ന ഉദ്ദേശത്തോടുകൂടി സ്കൂൾ അടയ്ക്കുന്നതിനുമുൻപു് നിയമനകാലാവധി അവസാനിപ്പിച്ചുകൂടാത്തതാണ്.

5 ഡിപ്പാർട്ടുമെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരദ്ധ്യാപകൻെറ സേവനകാലാവധി അദ്ധ്യാപകനോ മാനേജ്മെൻറിനോ അവസാനിപ്പിക്കാവുന്നതല്ല.

6 (I) കോഡിലെ നിബന്ധനകളനുസരിച്ചു് നടപടികൾ സ്വീകരിക്കത്തക്കവണ്ണം ഗുരുതരമായ നടത്തദോഷം അദ്ധ്യാപകനിൽ നിന്നുണ്ടാകുന്നപക്ഷം അന്വേഷണത്തിനു് വിധേയനാക്കി നോട്ടീസ് നൽകാതെ മാനേജക്കു് അദ്ധ്യാപകനെ സസ്പെൻഡുചെയ്യാം. മേല്പറഞ്ഞപ്രകാരമുള്ള അന്വേഷണങ്ങൾ മാനേജർ പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു റിപ്പോർട്ടു് ഇൻസ്പെക്ടിംഗ് ഓഫീസർക്കു് അയച്ചുകൊടുക്കേണ്ടതാണ്. മാനേജരുടെ തീരുമാനം നീതീകരിക്കാവുന്നതല്ലെന്നു് ഡിപ്പാർട്ടുമെൻറിനു് ബോദ്ധ്യമാകയും (ആവശ്യമെങ്കിൽ അന്വേഷണം കഴിച്ചശേഷം) മാനേജർ ഗവർമ്മെൻറിൽ അപ്പീൽ സമർപ്പിക്കാതിരിക്കുകയും ചെയ്താൽ അദ്ധ്യാപകനെ വീണ്ടും നിയമിക്കേണ്ടതാണ്. അദ്ധ്യാപകനു ലഭിക്കേണ്ടിയിരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകപ്പെടേണ്ടതുമാണ്.

(II) മാനേജർ അദ്ധ്യാപകനെ സസ്പെൻഡുചെയ്യുന്നപക്ഷം അദ്ധ്യാപകൻെറ


ഡെപ്പോസിററുകൾ

2 കൊല്ലം കാലാവധി, മാസത്തിൽ

100 ക്കു് 6 ണ. പലിശയും

ബാങ്ക് ഓഫ് കൊച്ചിൻ

ക്ലിപ്തം, എറണാകുളം

ബ്രാഞ്ചുകൾ:

മട്ടാഞ്ചേരി, വില്ലിംഗ്ഡൺ

ഐലൻറു്, ചാലക്കുടി, തൃശ്ശൂർ


മേലുള്ള ചാർജ്ജുകൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു് മാനേജർ അദ്ധ്യാപകനു നൽകേണ്ടതാണ്. ഓരോ ചാർജ്ജിനും രേഖാമൂലം സമാധാനം നൽകുന്നതിനും മാനേജർ ആവശ്യപ്പെടേണ്ടതത്രെ. സമാധാനം ആവശ്യപ്പെടുന്ന അറിയിപ്പു കിട്ടിയ ശേഷം ഒരാഴ്ചയ്ക്കകം അദ്ധ്യാപകൻ സമാധാനം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത തിയതിക്കുള്ളിൽ സമാധാനം ലഭിക്കാതിരിക്കുന്നപക്ഷം മാനേജർക്കു് മുറപ്രകാരം മേൽനടപടി സ്വീകരിക്കാവുന്നതായിരിക്കും.

#### ശമ്പളം

7 ട്രഷറിയിൽനിന്നും പണംകെട്ടിവാങ്ങിയാലുടനെ മാനേജ്മെൻറു് അദ്ധ്യാപകർക്കു് ശമ്പളം നൽകേണ്ടതാണ്. പണം എടുത്തുകഴിഞ്ഞു ശമ്പളം വിതരണം ചെയ്യുന്നതിനു് ഒരുപ്രകാരത്തിലും പത്തു ദിവസത്തിൽകൂടുതൽ താമസം നേരിട്ടുകൂടാ. ശമ്പളം പററിയതായി സ്കൂൾ അക്വിററൻസിൽ അദ്ധ്യാപകൻ ഒപ്പിട്ടിരിക്കേണ്ടതുമാണ്.

#### അദ്ധ്യാപക കർത്തവ്യങ്ങൾ

8 അദ്ധ്യാപകൻെറ കർത്തവ്യങ്ങൾ താഴെ ചേർക്കുന്നവയായിരിക്കും. ക്ലാസ്സുകളിലെ അദ്ധ്യയനം, നോട്ടുകൾ തയ്യാറാക്കുക, വിദ്യാർത്ഥികളുടെ കളിസമയത്തു് മേൽനോട്ടം വഹിക്കുക, സ്കൂൾ പരീക്ഷയിലും പബ്ലിക്കു് പരീക്ഷയിലും മേൽനോട്ടം മുതലായവ. അതതുസമയം ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്ന ജോലികളും അദ്ധ്യാപകൻെറ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതായിരിക്കും.

9 മാനേജരും അദ്ധ്യാപകനും തമ്മിലുണ്ടാകുന്ന ഏതെങ്കിലും തർക്കം സംബന്ധിച്ചു് ഇൻസ്പെക്ടിംഗ് ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവു് ഡയറക്ടരുടെ പക്കൽ സമർപ്പിക്കാവുന്ന അപ്പീലിനു വിധേയമാണ്. ഇൻസ്പെക്ടിംഗ് ഓഫീസരുടെ ഉത്തരവു ലഭിച്ചശേഷം 30 ദിവസത്തിനുള്ളിൽ ഈ അപ്പീൽ സമർപ്പിക്കപ്പെട്ടിരിക്കണം.

10. പ്രൈവററു സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകർ, പ്രൈവററു വിദ്യാലയങ്ങളിലോ ഗവമ്മെൻറു വിദ്യാലയങ്ങളിലോ മററു എവിടെയെങ്കിലുമോ ജോലി ലഭിക്കുന്നതിനു് അപേക്ഷ അയക്കേണ്ടതു മാനേജർ വഴിയാണ്.

11. ഏതെങ്കിലും ഒഴിവിൽ പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകനെ ആക്ടിംഗായോ ടെമ്പററിയായോ പ്രൊബേഷനറിയായോ നിയമിക്കാം.

പ്രൊബേഷനായി നിയമിക്കപ്പെടുന്ന അദ്ധ്യാപകൻ ആ നിലയിൽ ജോലി നോക്കേണ്ട കാലം ഒരു വഷമായിരിക്കും. ഈ കാലഘട്ടം അവസാനിക്കുമ്പോൾ ജോലിയും നടത്തയും തൃപ്തികരമെന്നു കാണുന്നപക്ഷം സ്ഥിരപ്പെടുത്തപ്പെടേണ്ടതാണ്. അദ്ധ്യാപകവൃത്തിയിൽ മുൻപരിചയം സിദ്ധിച്ചിട്ടുള്ളവരെ പ്രൊബേഷനായി നിയമിക്കാതിരിക്കാൻ മാനേജക്കു സ്വാതന്ത്ര്യമുണ്ടു്.

12. കുറഞ്ഞ ശമ്പളസ്കെയിൽ ഡിപ്പാർട്ടുമെൻറു നിർദ്ദേശിച്ചിരിക്കുന്നതായിരിക്കണം.

#### അവധി

13. ഡിപ്പാർട്ടുമെൻറു സ്കൂൾ അദ്ധ്യാപകരെപ്പോലെ പ്രൈവററു സ്കൂൾ അദ്ധ്യാപകരും 15 ദിവസത്തെ കാഷ്വൽ അവധിക്കു് അർഹരാണ്.

14. രണ്ടു വർഷത്തിലൊരിക്കൽ പകുതി ശമ്പളത്തോടുകൂടി ഒരു മാസത്തെ പ്രിവിലേജ് അവധിക്കു പ്രൈവററു സ്കൂൾ അദ്ധ്യാപകർ അർഹരായിരിക്കും. അവകാശപ്പെടാവുന്ന അവധിയെല്ലാം കൂടി കണക്കു കൂട്ടി ഒരു സമയത്തു് ഒരുമിച്ചു് ഉപയോഗിക്കാവുന്നതല്ല.

#### അദ്ധ്യാപികമാർ

പകുതി ശമ്പളത്തിൽ അദ്ധ്യാപികമാർക്കു രണ്ടുമാസം പ്രസവാവധി എടുക്കാം. (അദ്ധ്യാപകർക്കു ദീനയവധി നൽകുന്നതു സംബന്ധിച്ച റൂളുകൾ പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്.)

#### പ്രഥമബാദ്ധ്യത

15. അദ്ധ്യാപകശമ്പളം ഫീസുപിരിവിന്മേലുള്ള പ്രഥമബാദ്ധ്യതയായിരിക്കും.

#### ഹെഡ്മാസ്റ്റർ

16. ഒരു ഹൈസ്കൂൾ ഗ്രാഡ്വേററു് അദ്ധ്യാപകനെന്നനിലയിൽ കുറഞ്ഞപക്ഷം അഞ്ചുവർഷത്തെ അംഗീകൃതസർവീസുള്ള ഒരാളിനു മാത്രമേ സാധാരണഗതിയിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടാൻ അവകാശമുണ്ടായിരിക്കയുള്ളു.

സാധാരണ സീനിയോറിററിയെ അടിസ്ഥാനമാക്കിയായിരിക്കണം ഹെഡ്മാസ്റ്ററുടെ നിയമനം നടത്തേണ്ടതു്. മാനേജർ ഹെഡ്മാസ്റ്ററെ നിയമിക്കേണ്ടതു പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന ചട്ടങ്ങൾക്കു വിധേയമായിട്ടായിരിക്കണം. ഇങ്ങനെയുള്ള നിയമനം സംബന്ധിച്ചു സങ്കടമുള്ള അദ്ധ്യാപകനു ഡിപ്പാർട്ടുമെൻറിൽ അപ്പീൽ ബോധിപ്പിക്കാൻ അവകാശമുണ്ടു്.

#### ഫീസ് പിരിവ്

17. ക്ലാസ്ടീച്ചരുടെ സഹായത്തോടുകൂടി ഡിപ്പാർട്ടുമെൻറു റൂളുകൾ അനുസരിച്ചു ഹെഡ്മാസ്റ്റർ ഫീസ് പിരിവു നടത്തേണ്ടതാണ്. ഫീസ് പിരിച്ചാലുടനെ പിരിഞ്ഞ സംഖ്യ മാനേജരെ ഏല്പിക്കണം. മാനേജർ പിരിവിൻെറ 80 ശതമാനം പബ്ലിക്കു് അക്കൗണ്ടിൽ പദ്ധതിയിൽ നിർദ്ദേശിക്കുന്നതുപോലെ ട്രഷറിയിൽ അടയ്ക്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്; പദ്ധതി സ്വീകരിച്ചിട്ടുള്ള സ്കൂളുകളിലെ മാനേജർമാക്കു മാത്രമേ ഇങ്ങനെ പണം അടയ്ക്കാൻ അവകാശമുണ്ടായിരിക്കയുള്ളു.

18. ഡിപ്പാർട്ടുമെൻറു വിദ്യാലയങ്ങളിൽ സ്വീകരിച്ചിരിക്കുന്ന രീതിയിൽ കാഷ്ബുക്കും മററു റിക്കാർട്ടുകളും സമുചിതമായ നിലയിൽ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഹെഡ്മാസ്റ്ററിൽ സ്ഥിതിചെയ്യുന്നതായിരിക്കും.

———

## ലൂഥറൻ കന്യാസ്ത്രീകൾ

ആംഗ്ലിക്കൻസഭയിൽ കത്തോലിക്കാസഭയിലെപ്പോലുള്ള കന്യകാമഠങ്ങൾ കുറേ മുമ്പുതന്നെ ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ ലൂഥറൻ പ്രോട്ടസ്റ്റൻറുവിഭാഗത്തിൽ ഇദംപ്രഥമമായിട്ടാണു് ഇയ്യിടെ ഒരു കന്യകാമഠം സ്ഥാപിതമായിരിക്കുന്നതു്. ജമ്മനിയിൽ ദാംസ്റ്റാററു് എന്ന സ്ഥലത്തു ആരംഭിച്ചിരിക്കുന്ന ഈ കന്യകാസഭയുടെ പേരുതന്നെ "മറിയത്തിൻെറ സഹോദരിമാർ" എന്നാണ്. ഡോക്ടർ ക്ലാരഷ്ലിങ്കു് എന്നൊരു മഹതിയാണു് ഇതിൻെറ സ്ഥാപക. ഇതിനകം 51പേർ ഈ സഭയിൽ ചേർന്നിട്ടുണ്ടു്. സഭാനിയമത്തിൽ പറയുന്നു: "ദൈവജനനിയായ മറിയത്തോടുള്ള സ്നേഹം നിമിത്തമാണു് സഭയ്ക്കു "മറിയത്തിൻെറ സഹോദരിമാർ" എന്ന നാമം നൽകിയിരിക്കുന്നതു്. നാം പ്രോട്ടസ്റ്റൻറുസഭയിൽ പെട്ടവരാണ്. എങ്കിലും കത്തോലിക്കാ സന്യാസസഭകളുടെ ആദർശങ്ങളാണു് സ്വീകരിച്ചിരിക്കുന്നതു്. വി. ബനഡിക്ടു്, ആവിലായിലെ വി. ത്രേസ്യാ, വി. ഷന്താൾ ആദിയായ വിശുദ്ധരുടെ ആദർശങ്ങൾ നാം സ്വീകരിച്ചിരിക്കുന്നു."


*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam